# കരയോഗ സൗഹൃദം

സത്യം പരം ധീമഹി

Rs. 6

മാസിക : എറണാകുളം കരയോഗത്തിന്റെ മുഖപത്രം

Pages 68

വാല്യം - 9 ലക്കം - 11 തുലാം - 1192 നവംബർ 2016




ലോകവീരം മഹാപൂജ്യം സർവ്വരക്ഷാകരം വിഭും
പാർവ്വതീ ഹൃദയാനന്ദം ശാസ്താരം പ്രണമാമ്യഹം

2016 ലെ എറണാകുളം കരയോഗത്തിന്റെ നവരാത്രി ആഘോഷങ്ങളിൽ നിന്ന്...........





# ഉള്ളടക്കം

വാല്യം 9 | ലക്കം 11 | നവംബർ 2016


1. എഡിറ്റോറിയൽ 3
2. ജനറൽ സെക്രട്ടറിയുടെ പംക്തി 5
3. നവംബർ മാസപരിപാടി 6
4. ബാലലോകം 7
5. രാഗപരിചയം 8
6. വാസ്തു 9
7. വിശേഷ ദിവസങ്ങൾ 10
8. ഭാരതത്തിലെ ഋഷികവികൾ 11
9. ക്ഷേത്രങ്ങളിലൂടെ 14
10. കവിത - പുതുപ്പിറവിക്കായ് 17
11. പാതഞ്ജല യോഗദർശനം 18
12. കവിത - ഏതന്മേ സംശയം കൃഷ്ണ 19
13. പി. മലയാള കവിതയിലെ അനന്വയം 20
14. ടി.വി. സിരിയലുകൾക്കും വേണോ സെൻസറിങ് 24
15. കവിത സ്കൂൾ വിട്ട് കുട്ടികൾ മടങ്ങുന്നത് 26
16. തർജ്ജമാ ഗർത്തം 27
17. മനസ്സിന്റെ ശുദ്ധീകരണം 30
18. കിനാവിലെ കണ്ണിർമുത്തം 32
19. ഭിക്ഷ നല്കരുത് 35
20. നവഗ്രഹങ്ങൾ സങ്കല്പവും യാഥാർത്ഥ്യവും 37
21. വരൾച്ച 39
22. അപബാഹുകം 41
23. രാമന്റെ ദുഃഖം 43
24. മാനസീകപരിവർത്തനം ഭാരതീയ ചിന്തയിലൂടെ 46
25. ലോപാമുദ്ര 52
26. മാസഫലം 56
27. മാട്രിമോണിയൽ 57-66


## പത്രാധിപസമിതി


**കെ.പി. കൃഷ്ണമേനോൻ**
(മാനേജിംഗ് എഡിറ്റർ)

**എം. ശ്രീവല്ലഭൻ നായർ**
(എഡിറ്റർ)

**പി. രാമചന്ദ്രൻ (വേണു)**

**കെ.ടി. മോഹനൻ**

**എ. മുരളീധരൻ**

**കെ. പ്രസന്നകുമാർ**


എഡിറ്റോറിയൽ

# വേദപാഠശാലകൾ തുടങ്ങണം

ഏറെക്കാലമായി നിലനില്ക്കുന്ന ഒരു ആവശ്യമാണ് ദേവസ്വം ബോർഡിന്റെ കീഴിലുള്ള ക്ഷേത്രങ്ങളോടനുബന്ധിച്ച് വേദപാഠശാലകൾ തുടങ്ങണം എന്നുള്ളത്. മുമ്പ് എല്ലാ പ്രധാന ക്ഷേത്രങ്ങളിലും നടന്നിരുന്ന ഈ വേദപഠനക്ലാസ്സുകൾ പുനരാരംഭിക്കുക എന്നുള്ള വളരെ മിതമായ ഈ ആവശ്യത്തെക്കുറിച്ച് ദേവസ്വം ബോർഡ് ചിന്തിക്കുന്നത് ഇപ്പോഴാണ്. കുട്ടികളിൽ ഈശ്വരവിശ്വാസവും സദ്ചിന്തകളും വളർത്തി സൽപ്രവൃത്തിയിലൂടെ ദേശത്തിനും, നാടിനും, ജനങ്ങൾക്കും പ്രയോജനപ്രദമായി ജീവിതം നയിക്കുന്ന ഉത്തമപൗരൻമാരെ വാർത്തെടുക്കണമെന്ന ചിന്ത ഇപ്പോഴെങ്കിലും ദേവസ്വം ബോർഡിന്റെ ഭാഗത്തുനിന്നും ഉണ്ടായത് അഭിനന്ദനാർഹമാണ്.  ഇത് ആവശ്യമാണെന്നും വരും തലമുറകളെങ്കിലും ഭഗവത്ഗിതയും, രാമായണവും, ഭാഗവതവുമൊക്കെ പഠിച്ച് സന്മാർഗ്ഗചാരികളായി വളരട്ടെയെന്നുമുള്ള ചിന്ത ദേവസ്വം ബോർഡ് പ്രസിഡണ്ടിനെങ്കിലും ഉണ്ടായല്ലോ? അദ്ദേഹത്തിന്റെ ഈ അഭിപ്രായത്തോട് ബഹുഭൂരിപക്ഷം ആളുകളും യോജിക്കുമെന്നും അതിനെ പിൻതാങ്ങുമെന്നുമുള്ളതിൽ സംശയമില്ല. നമ്മൾ മാത്രമല്ല മറ്റു വിഭാഗങ്ങളിലെയും  നല്ലവരായ എല്ലാവരും ഈ അഭിപ്രായത്തോടു യോജിക്കും. കാരണം ഏതു വിഭാഗത്തിൽ പെട്ടവരായാലും ശരി രാജ്യത്ത്  വളർന്നു വരുന്ന അടുത്ത തലമുറ, ഈശ്വരവിശ്വാസികളും, സദ്ഗുണസമ്പന്നരുമായിരിക്കണമെന്നാണല്ലോ എല്ലാവരും ആഗ്രഹിക്കുക. എന്നാൽ നമ്മുടെ പൗരാണിക സംസ്കാരത്തെയും, ദേശിയതയേയും കണ്ണും പൂട്ടി എതിർക്കുക, എന്നത് ശീലമാക്കിയിട്ടുള്ളവർ ഇതിനെതിരെയും രംഗത്തെത്തി കഴിഞ്ഞു. ക്ഷേത്രങ്ങളാടനുബന്ധിച്ച് വേദപാഠശാലകൾ തുടങ്ങിയാൽ, അവിടെ കുട്ടികളെ ഗീതയും, രാമായണവും, ഭാഗവതവുമൊക്കെ പഠിപ്പിച്ചാൽ നാട്ടിൽ നിലനില്ക്കുന്ന സമാധാനാന്തരീക്ഷം ഇല്ലാ

താകുംപോലും, സമുദായസൗഹാർദം തകർന്ന് തരിപ്പണമാകുപോലും. അതുകൊണ്ട് ഒരു കാരണവശാലും ക്ഷേത്രങ്ങളോടനുബന്ധിച്ച് വേദപാഠശാലകൾ തുടങ്ങാൻ പാടില്ലായെന്നും, ആ സംരംഭത്തെ പല്ലും നഖവും ഉപയോഗിച്ച് എതിർത്ത് തോല്പിക്കുമെന്നും വിളംബരം ചെയ്തിരിക്കുകയാണ്. ഇത് പറഞ്ഞ അതേ നേതാക്കൾ തന്നെ മണിക്കൂറുകൾക്കുള്ളിൽ മദ്രസാ അദ്ധ്യാപകർക്കുള്ള പലിശരഹിതഭവനവായ്പാ വിതരണത്തിൽ പങ്കെടുത്ത് സർക്കാർ സഹായം കൂടാതെ മറ്റു വിധത്തിലും അവർക്ക് സഹായം നല്കാനുള്ള വഴികൾ തേടുമെന്ന് പ്രഖ്യാപിച്ചതായാണ് അറിവ്. മദ്രസകൾ നടത്താം, സർക്കാർ ഖജനാവിലെ പണം അതിനുവേണ്ടി ഉപയോഗിക്കാം, അവിടുത്തെ അദ്ധ്യാപകർക്ക് ശമ്പളവും പെൻഷനും എല്ലാം പൊതുജനങ്ങൾ നല്കുന്ന നികുതിയിൽ നിന്നും എടുത്ത് ചിലവാക്കാം. അതിൽ തെറ്റില്ല.

കേരളത്തിൽ ഏറ്റവും കൂടുതൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ നടത്തുന്ന ന്യൂനപക്ഷ മതവിഭാഗങ്ങളിലെ സ്കൂളുകളിൽ മതപഠനം ദിവസവും നടത്തുന്നുണ്ട്. ഈ എയ്ഡഡ് സ്കൂളുകൾ സർക്കാർ ചിലവിലാണ് നടക്കുന്നതെന്നും ഓർക്കുക. സർക്കാർ ചിലവിൽ സ്കൂളുകളിൽ മതപഠനം ആകാം. കൂടാതെ അവരുടെയൊക്കെ ആരാധനാലയങ്ങളിലും വിവിധ പേരുകളിൽ നടത്തപ്പെടുന്ന സംഘടനകളുടെ നേതൃത്വത്തിലും നടക്കുന്ന മതപ്രബോധനങ്ങളിലും മതപാഠശാലകളിലും ഉദ്ഘാടനത്തിനും, സമ്മാനദാനത്തിനും ഒക്കെ എത്തുന്ന നേതാക്കളുടെ നീണ്ട നിരകൾ കാണാം. എല്ലാം എന്തിനുവേണ്ടിയാണ്, ആരുടെ സംരക്ഷണത്തിനാണ്? മതന്യൂനപക്ഷങ്ങൾ സർക്കാരിന്റെ ഒത്താശയോടെ, സർക്കാർ ചിലവിൽ മതപഠനം നടത്തുമ്പോൾ നമ്മളുടെ കുട്ടികൾക്ക് നമ്മുടെ സ്വന്തം ചിലവിൽ പോലും വേദപഠനം നടത്താൻ പാടില്ല പോലും. (ഇതുകൊണ്ടു തന്നെയാണ് പറയുന്നത് നമുക്ക് യഥാർത്ഥ സ്വാതന്ത്ര്യം ലഭിക്കണമെങ്കിൽ നമ്മുടെ സംസ്കാരവും പാരമ്പര്യവും നിലനിർത്തണമെങ്കിൽ ക്ഷേത്രങ്ങളെല്ലാം നമ്മുടേതാകണം. അതുണ്ടാവാത്തിടത്തോളം കാലം മറ്റുള്ളവർക്ക് അനുവദിച്ചു കൊടുത്തിട്ടുള്ള ആരാധന സ്വാതന്ത്ര്യവും മതസ്വാതന്ത്ര്യവും നമുക്ക് ലഭിക്കില്ല. അതുകൊണ്ടു തന്നെ നമ്മളൊറ്റക്കെട്ടായി എല്ലാ രാഷ്ട്രീയവ്യത്യാസങ്ങളെയും മാറ്റിവെച്ചു കൊണ്ട് ഈ ആവശ്യം ഉന്നയിക്കണം നേടിയെടുക്കണം)

നമുക്ക് നമ്മുടെ കുട്ടികളെ നമ്മുടെ വിശ്വാസപ്രമാണങ്ങൾക്കനുസരിച്ച് ജീവിക്കുവാൻ സജ്ജമാക്കണം. നമ്മുടെ കുട്ടികൾക്ക് മറ്റു വിഭാഗങ്ങളുടെ മതപാഠശാലകളിൽ പോയി അതൊക്കെ പഠിച്ച് അതനുസരിച്ച് ജീവിക്കാൻ സാധിക്കില്ലല്ലോ. അതുകൊണ്ടുതന്നെ നമ്മുടെ കുട്ടികളെ നമ്മുടെ സംസ്കാരം പഠിപ്പിക്കുകയും അതനുസരിച്ച് വളർത്തുകയും വേണം. ആർഷസംസ്കാരം ഉൾക്കൊള്ളുന്നു എന്നഭിമാനിക്കുന്ന ഓരോരുത്തരും ഈ ആവശ്യത്തിനായി രംഗത്തിറങ്ങേണ്ടതാണ്. എല്ലാ ക്ഷേത്രങ്ങളോടനുബന്ധിച്ചും വേദപാഠശാലകൾ തുടങ്ങണം. ഓർക്കുക നമുക്ക് വേണ്ടത് മതപാഠശാലകളല്ല വേദപാഠശാലകളാണ്. ഈ ആവശ്യം നേടിയെടുക്കുന്നതുവരെ നിയമാനുസൃതമായ പോരാട്ടത്തിനു സജ്ജരാകുക.





എറണാകുളം കരയോഗം വെബ്സൈറ്റും, മൊബൈൽ ആപ്പും
കരയോഗാംഗങ്ങൾക്കായി നവീകരിച്ച് സജ്ജീകരിച്ചിരിക്കുന്നു.
Web: www.ernakulamkarayogam.com
Mobile App: Ernakulam Karayogam App by Leniko Solutions






# ജനറൽ സെക്രട്ടറിയുടെ പംക്തി

കൊല്ലവർഷം 1192-ാമാണ്ട് 2016 നവംബർ 16-ാം തീയതി വൃശ്ചികം ഒന്നോടെ മണ്ഡലകാലം ആരംഭിക്കുന്നു. അടുത്ത രണ്ടു മാസക്കാലം ശ്രീ.അയ്യപ്പൻെറ ഭക്തൻമാർ ശരണം വിളികളോടെ കേരളത്തിലെ ക്ഷേത്രങ്ങളും ശബരിമലയിലേക്കുള്ള മാർഗ്ഗങ്ങളും ഭക്തിസാന്ദ്രമാകും. ഒരു പക്ഷെ കേരളത്തിൽ നിന്നുള്ളതിനെക്കാൾ കൂടുതൽ ആളുകൾ ശബരിമല ശാസ്താവിനെ ദർശിക്കുവാൻ എത്തുന്നത് നമ്മുടെ അയൽ സംസ്ഥാനങ്ങളിൽ നിന്നായിരിക്കും. ക്ഷേത്രങ്ങളും, ദൈവങ്ങളും, ഭക്തിയും വ്യവസായവൽക്കരിച്ചു കൊണ്ടിരിക്കുന്ന ഈ കലിയുഗത്തിൽ നാമസങ്കീർത്തനത്തിലൂടെ മാത്രമേ മോക്ഷപ്രാപ്തി കൈവരിക്കുവാൻ കഴിയുകയുള്ളൂ. ക്ഷേത്രഭണ്ഡാരങ്ങൾ പണം കൊണ്ട് കുത്തിനിറച്ച് ആചാരങ്ങളോടും വിശ്വാസങ്ങളോടും എന്തിന് ദൈവത്തിനോട് തന്നെയും ഭക്തിയില്ലാത്ത ഒരു കൂട്ടം തൊഴിലാളികളുടെ സങ്കേതമായി മാറിയിരിക്കുന്നു ക്ഷേത്രങ്ങൾ.

അതുപോലെ തന്നെ ക്ഷേത്രവുമായി ബന്ധപ്പെട്ട കച്ചവടങ്ങളും ഭിക്ഷാടനവ്യാപാരവും അഴിമതിയിൽ മുങ്ങിത്താഴുന്ന ജീവനക്കാരുടെ നിയമനങ്ങളും ഒരു ധനസമ്പാദന മാർഗമായി മാറിയിരിക്കുന്നു. ക്ഷേത്രങ്ങളിലുള്ള മൂർത്തിയെ ശാന്തവും ശുചിത്വവുമായ അന്തരീക്ഷത്തിൽ സൂക്ഷിച്ച് ഏകാന്തതയോടെ ഈശ്വരനാമം ജപിക്കാനുള്ള സങ്കേതങ്ങളാക്കി മാറണം. മനഃശാന്തിയ്ക്കും സമാധാനത്തിനും പണം ഒരു പരിഹാരമല്ല സ്വച്ഛമായ മനസ്സോടെ ആത്മീയത വളർത്തുകയാണ് നമുക്ക് വേണ്ടത്. ക്ഷേത്രനടയിലെ യാചകർക്ക് ഒരു കാരണവശാലും പണം നൽകരുത്. ഇത് ഗോവിന്ദച്ചാമി(ചാർളി തോമസ്)യെ പോലുള്ളവരെ ഉണ്ടാക്കുവാനും ആളൂരിനെ പോലുള്ള വക്കീലൻമാർക്ക് ജീവിതോപാധിയ്ക്ക് വഴിയൊരുക്കുവാനും മാത്രമേ കഴിയൂ. നമ്മൾ ഒരു കാരണവശാലും ഇന്നു മുതൽ യാചകർക്ക് പണം നൽകില്ല എന്ന് തീരുമാനിക്കണം. ഈ മണ്ഡലകാലം അങ്ങനെയുള്ള ഒരു തീരുമാനത്തോടെ നമുക്ക് അയ്യപ്പനെ ഭജിക്കാം.

എറണാകുളം കരയോഗത്തിൻെറ സാമൂഹ്യ ജീവകാരുണ്യപ്രവർത്തനങ്ങളും പ്രതിമാസപരിപാടികളും ഭംഗിയായി നടന്നുവരുന്നു. ജീവകാരുണ്യപ്രവർത്തനങ്ങളിൽ ആളും അർത്ഥവും കൊണ്ട് കൂടുതൽ സേവനങ്ങൾ നൽകുവാൻ നമുക്ക് ഒരുമിച്ച് പ്രവർത്തിക്കാം.

എറണാകുളം കരയോഗം കഥകളി ക്ലബ്ബും കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ അനുസ്മരണ സമിതിയും സംയുക്തമായി, 2016 നവംബർ 22 ന് ചൊവ്വാഴ്ച രാവിലെ 10 മണി മുതൽ രാത്രി 10 മണി വരെ നീണ്ടുനിൽക്കുന്ന കലാമണ്ഡലം നീലകണ്ഠൻ നമ്പീശൻ അനുസ്മരണം : വിവിധ കലാപരിപാടികളോടെ ടിഡിഎം ഹാൾ ഗംഗയിൽ നടത്തുന്നു.

എറണാകുളം കരയോഗവും ബീമും സംയുക്തമായി 2016 നവംബർ 24 ന് വൈകുന്നേരം 6.30ന് ടിഡിഎം ഹാൾ ഗംഗയിൽ ദക്ഷിണീയം എന്ന പേരിൽ വി.ദക്ഷിണാമൂർത്തിയെ കുറിച്ച് ഒരു ഡോക്യുമെൻററിയും, തുടർന്ന് ഹംസധ്വനി സംഗീത്സംഘ് അവതരിപ്പിക്കുന്ന ഗാനമേളയും ഉണ്ടായിരിക്കുന്നതാണ്.

കരയോഗത്തിൻെറ പ്രവർത്തനങ്ങളിൽ തുടർന്നും അംഗങ്ങളുടെ സഹായസഹകരണങ്ങൾ പ്രതീക്ഷിച്ചുകൊള്ളുന്നു.

ജനറൽ സെക്രട്ടറി

## ശ്രീമന്നാരായണീയ ദിനം 2016

**2016 ഡിസംബർ 13-ാം തീയതി (ചൊവ്വാഴ്ച) നാരായണീയ ദിനത്തിൽ എറണാകുളം കരയോഗത്തിൻെറ ആഭിമുഖ്യത്തിൽ ശ്രീമതി. രാജം ആർ. മേനോൻെറ നേതൃത്വത്തിൽ ടിഡിഎം ഹാളിൽ രാവിലെ 7.30 മുതൽ സമ്പൂർണ്ണ നാരായണീയ പാരായണം നടത്തുന്നു.**

***ജനറൽ സെക്രട്ടറി***

## എറണാകുളം കരയോഗം

### 16.11.2016 മുതൽ 15.12.2016 വരെയുള്ള പരിപാടികൾ

| | | | |
|---|---|---|---|
| 16.11.2016 | ബുധൻ | 10.00 a.m. | കൊച്ചിയുടെ ചരിത്രത്തെകുറിച്ചുള്ള സെമിനാർ |
| | | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| | | 4.00 p.m. | വുമൺസ് ഫോറം യോഗം |
| 17.11.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| 19.11.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് |
| | | | (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 22.11.2016 | ചൊവ്വ | 10.00 a.m. | കലാമണ്ഡലം നമ്പീശൻ അനുസ്മരണം |
| | | 6.30 p.m. | കഥകളി - കിർമ്മീരവധം |
| 23.11.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 24.11.2016 | വ്യാഴം | 4.00 p.m. | എൽഡർ സിറ്റിസൺസ് ഫോറം യോഗം |
| | | 6.00 p.m. | ബീം പ്രതിമാസ പരിപാടി ; ഗാനമേള |
| 26.11.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് |
| | | | (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 30.11.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 3.12.2016 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് |
| | | | (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 7.12.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |
| 10.12.16 | ശനി | 10.00 a.m. | വേദാന്ത പഠന ക്ലാസ്സ് |
| | | | (ആചാര്യൻ കെ.ആർ.നമ്പ്യാർ) |
| 11.12.2016 | ഞായർ | 10.00 a.m. | പാർക്കിൻസൺസ് രോഗചികിത്സ ക്ലിനിക് |
| 13.12.2016 | ചൊവ്വ | 7.30 a.m. | നാരായണീയ ദിനം |
| | | | (സമ്പൂർണ്ണ നാരായണീയ പാരായണം) |
| 14.12.2016 | ബുധൻ | 3.00 p.m. | ദേവി മാഹാത്മ്യം ക്ലാസ്സ് |

## എറണാകുളം കരയോഗം

### ചാരിറ്റി പ്രവർത്തനങ്ങൾക്ക് 2016 ഒക്റ്റോബർ മാസത്തിൽ സംഭാവന നൽകിയവർ

| | |
|---|---|
| 1. ശ്രീ. ശങ്കരനാരായണൻ, വടക്കൂട്ട്, സി 1, പ്രശാന്തി, അഞ്ജനം അപ്പാർട്ട്മെന്റ് ചിറ്റൂർ റോഡ്, കൊച്ചി 682011 | 10,000 |
| 2. ശ്രീമതി. ഉമ & സുമ, സായൂജ്യം, രവിപുരം, കൊച്ചി 682016 | 5,000 |
| 3. ശ്രീ. ലക്ഷ്മി നാരായണ സേതുമാധവൻ,കോടക്കാട്ട് ഹൗസ്, കാരിയ്ക്കാമുറി ക്രോസ് , കൊച്ചി | 5,000 |
| 4. പന്തിയിൽ കസ്തൂരിമേനോന്റെ സ്മരണയ്ക്ക് സഹോദരങ്ങൾ എറണാകുളം ജനറൽ ഹോസ്പിറ്റലിലെ കാൻസർ രോഗികൾക്ക് അന്നദാനം | 10,000 |



ശ്രീമതി. സുശീല രാമചന്ദ്രൻ, ഗോവിന്ദം, ടാഗോർ നഗർ, പൊന്നേത്ത് ടെമ്പിൾ റോഡ്, കടവന്ത്ര പിതാവ് ഒ.ആർ.മേനോൻെറ സ്മരണയ്ക്ക് എറണാകുളം കരയോഗത്തിൻെറ ചാരിറ്റിഫണ്ടിലേക്ക് (ക്യാൻസർ മെഡിസിൻ വിതരണത്തിനായി) ഏൽപ്പിച്ച 1 ലക്ഷം രൂപയുടെ ചെക്ക് കരയോഗം പ്രസിഡൻറ് കെ.പി.കെ മേനോൻ സ്വീകരിക്കുന്നു. സമീപം എ.മുരളീധരൻ, പി.ആർ.പ്രഭാകരൻ നായർ എന്നിവർ.





# ബാല ലോകം



ലക്ഷ്മിദേവി നായർ

പ്രിയപ്പെട്ട കൂട്ടുകാരെ,

നവരാത്രി ആഘോഷമൊക്കെ കഴിഞ്ഞു. എല്ലാവരുംകൂടുതൽ ഉന്മേഷവാൻമാരായില്ലേ? ഇങ്ങിനെ പതിവായി ആഘോഷങ്ങൾ കടന്നു വരികയും പോകുകയും ചെയ്യും. ഇതിനിടക്ക് കൂട്ടുകാരുടെ മനസ്സും വളരണം കേട്ടോ. ഈ പ്രപഞ്ചത്തിൽ നമുക്ക് ദൈവം കനിഞ്ഞു നൽകിയ ജീവിതം ഏറെ സാർത്ഥകമാക്കാൻ നിങ്ങൾ എപ്പോഴും തയ്യാറായിരിക്കണം. അവിടെയാണ് സംതൃപ്തി നിലകൊള്ളുന്നത്. നല്ലത് എന്നു തോന്നുന്ന ഏതു കാര്യവും കൂട്ടുകാർക്കു ചെയ്യാം. മറ്റുള്ളവരെ സഹായിക്കുന്നതിൽ പരം ഒരു നല്ല കാര്യം ഇല്ലെന്നുതന്നെ പറയാം. ഈ ഗുണം നിങ്ങൾക്കു എന്നും നല്ലതേ വരുത്തൂ.

ഈ ലോകത്ത് നൃത്തത്തിനും താളത്തിനും ഏറെ പ്രാധാന്യം ഉണ്ടെന്നറിയാമോ? വളർച്ചയുടെ ആദ്യ ഘട്ടത്തിൽ തന്നെ മനുഷ്യരുടെ ശ്രദ്ധ നൃത്തത്തിലേക്കു തിരിഞ്ഞിരുന്നു. കേരളത്തിലെ നൃത്തരൂപത്തിനു നിദാനമായത് പ്രാകൃത നൃത്തരൂപങ്ങളാണ്. കേരളത്തിന്റെ തനതായ ചില നൃത്തരൂപങ്ങളാണ് കഥകളി, കൂടിയാട്ടം, കൃഷ്ണനാട്ടം എന്നിവ. പുരാണകഥകളിലൂടെയാണ് മിക്കവാറും എല്ലാ കലകളും അവതരിപ്പിക്കുന്നത്. മഹാകവി വള്ളത്തോൾ നാരായണമേനോൻ എന്ന ഒരു മഹാകവി നമുക്ക് ഉണ്ടായിരുന്നു. അദ്ദേഹമാണ് കഥകളിയെ പരിപോഷിപ്പിച്ചത്. ചെണ്ട, ശുദ്ധമദ്ദളം, ചേങ്കില, ഇലത്താളം എന്നീ വാദ്യങ്ങളാണ് കഥകളിക്ക് ഉപയോഗിക്കുന്നത്. പുരാണകഥകളെ അടിസ്ഥാനപ്പെടുത്തിയാണ് ഇതിന്റെ ചിട്ടവട്ടങ്ങൾ രൂപപ്പെടുത്തുന്നത്. വേഷങ്ങൾ പ്രധാനമായും മൂന്ന് ഗുണങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. പുരാതനകാലത്ത് രാജകീയ കൊട്ടാരങ്ങളിലാണ് ഈ കലകളെല്ലാം അരങ്ങേറിയിരുന്നത്. എന്നാൽ ഇപ്പോൾ പൊതുവേദികളിലും, ക്ഷേത്രമുറ്റങ്ങളിലും സാധാരണമായി ഇവ അവതരിപ്പിച്ചു വരുന്നു. കൂട്ടുകാർ എപ്പോഴെങ്കിലും കൃഷ്ണനാട്ടം കണ്ടിട്ടുണ്ടോ? രാത്രി ഒമ്പതു മണിക്ക് ശേഷവും വെളുപ്പിന് മൂന്നു മണിക്ക് മുമ്പും ആണ് ഇതവതരിപ്പിക്കുക. എട്ടു ദിവസം കൃഷ്ണന്റെ കഥകളും ഒൻപതാം ദിവസം ഭഗവാന്റെ അവതാരവും കളിക്കുകയാണ് പതിവ്. കൂട്ടുകാർക്ക് ആസ്വദിക്കാനാവുന്ന ഒരു കല കൂടിയാണ് കൃഷ്ണനാട്ടം. ഇതിൽ നരകാസുരൻ, യമൻ, പൂതന തുടങ്ങിയ കഥാപാത്രങ്ങളുമാണ് അരങ്ങേറുന്നത്.

ഇനി മയിൽപിലിക്കണ്ണുകളെക്കുറിച്ച് ഒരു കുഞ്ഞിക്കഥ കേട്ടോളൂ. ആകാശത്ത് മഴക്കാറ് കാണുമ്പോൾ മയിലുകൾ നൃത്തം വെയ്ക്കുമെന്ന് കേട്ടിട്ടില്ലേ? ചിലപ്പോൾ കണ്ടിട്ടുണ്ടാവും അല്ലേ? ഇന്ദ്രന്റെ അനുഗ്രഹത്താലാണ് മയിൽപീലികളിൽ കണ്ണുകൾ ഉണ്ടായത് എന്നൊരു കഥയുണ്ട്.

രാവണൻ ഒരിക്കൽ രാജാക്കൻമാരെയെല്ലാം തന്റെ അടിമകളാക്കാൻ ശ്രമിച്ചുവത്രെ. മരുത്ത എന്ന രാജാവിന്റെ ആശ്രമത്തിലെത്തിയ രാവണനെ കണ്ടു ഭയന്ന ഇന്ദ്രൻ തൽക്ഷണം ഒരു മയിലിന്റെ രൂപം പൂണ്ടു. മറ്റു ദേവൻമാർ മറ്റു പല പക്ഷികളായും വേഷം മാറി. രാവണൻ തിരികെ പോയപ്പോൾ ഇന്ദ്രൻ കൂടുതൽ സന്തുഷ്ടനായി മയിലുകൾക്ക് നീയും നിന്റെ വർഗ്ഗവും അതീവസൗന്ദര്യരൂപികളാവും. നിങ്ങളുടെ പീലികളിൽ എല്ലാം മനോഹരമായ നീലക്കണ്ണുകൾ ഉണ്ടാവും. ഭൂമിയിലേക്കു പുതുമഴ പെയ്യുമ്പോൾ നിങ്ങൾ നൃത്തം ചെയ്യും. നിങ്ങളുടെ അഴകാർന്ന രൂപം ആരെയും ആകർഷിക്കും എന്നീ വരങ്ങളും നല്കിയത്രെ. അങ്ങിനെയാണ് മയിലുകൾക്ക് പീലികളിൽ കണ്ണുകൾ ഉണ്ടായത്.

## സ്ത്രീസമാജത്തിലെ 2016 നവംബർ മാസത്തിലെ പരിപാടികൾ

| തീയ്യതി | പരിപാടി | സമയം |
|---|---|---|
| 15.11.2016 | അംഗങ്ങളുടെ ഒത്തുചേരൽ | 4.00 p.m. |

NB : നവംബർ മാസത്തിൽ വിനോദയാത്രയ്ക്ക് പോകുവാൻ താല്പര്യമുള്ളവർ സമാജം സെക്രട്ടറിയുമായി ബന്ധപ്പെടുക.

രാഗപരിചയം

# സരസ്വതി



ഡോ. ജയലക്ഷ്മി നന്ദകുമാർ

64-ാമത്തെ മേളകർത്താ രാഗമായ വാചാസ്പതിയുടെ ജന്യരാഗമാണ് സരസ്വതി. പൂർണ്ണമായും കർണ്ണാടക സംഗീതത്തിൽ അധിഷ്ഠിതമായ രാഗമാണിത്. കർണ്ണാടക സംഗീതത്തിൽ നിന്നും ഹിന്ദുസ്ഥാനി സംഗീതത്തിലേക്ക് സ്വീകരിക്കപ്പെട്ട ഒരു രാഗം കൂടിയാണിത്.

ആരോഹണം : സ രി മ പ ധ സ

അവരോഹണം : സ നി ധ പ മ രി സ

സ്വരസ്ഥാനങ്ങൾ : ഷഡ്ജം, ചതു : ശ്രുതി രിഷഭം, പ്രതിമദ്ധ്യമം, പഞ്ചമം, ചതു : ശ്രുതി ധൈവതം, കൈശികി നിഷാദം.

ഗാന്ധാരം ഈ രാഗത്തിൽ വർജ്ജ്യസ്വരമാണ്. ആരോഹണത്തിൽ ഗാന്ധാരത്തെ കൂടാതെ നിഷാദവും ഇല്ല. വളരെ ചുരുങ്ങിയ ആലാപന സാദ്ധ്യത ഉള്ള രാഗമാണെങ്കിലും സരസ്വതി രാഗം വളരെ ആകർഷകമാകുന്നു. ഭക്തിയാണ് ഈ രാഗത്തിന്റെ ഭാവം. അന്യസ്വരങ്ങൾ (സ്വന്തം മേളകർത്താരാഗത്തിൽ ഇല്ലാത്ത സ്വരം) വരാത്തതിനാൽ സരസ്വതി ഒരു ഉപാംഗ രാഗമാണ്. രാത്രിയുടെ രണ്ടാം യാമത്തിൽ ആണ് സരസ്വതി രാഗം ആലപിച്ചാൽ നല്ലത് എന്നു പറയപ്പെടുന്നു.

## ഈ രാഗത്തിലുള്ള കൃതികൾ

| | | |
|---|---|---|
| 1. അനുരാഗമുലേ | രൂപകം | ത്യാഗരാജസ്വാമി |
| 2. വാഗിശ്വരീ | ആദി | മുത്തയ്യാഭാഗവതർ |
| 3. സരസ്വതി നമോസ്തുതേ | രൂപകം | ജി.എൻ. ബാലസുബ്രഹ്മണ്യം |
| 4. സരസ്വതി ദയൈ | ആദി | പാപനാശം ശിവൻ |
| 5. സാദരമവ നിരുപമ | ആദി | സ്വാതി തിരുനാൾ |

## ചലച്ചിത്രഗാനങ്ങൾ

| | |
|---|---|
| 1. കേരനിരകളാടും | ജലോത്സവം |
| 2. ആയിരം അജന്താ | ശംഖുപുഷ്പം |
| 3. സരസ്വതീയാമം കഴിഞ്ഞു | അനാവരണം |
| 4. രജനീകദംബം | പൂജയ്ക്കെടുക്കാത്ത പൂക്കൾ |
| 5. ശംഖിൽ ഒലി കേൾക്കും | കണ്ണേ മടങ്ങുക |
| 6. ബ്രഹ്മനന്ദിനീ സരസ്വതി | ജീവിക്കാൻ മറന്നു പോയ സ്ത്രീ |
| 7. വീണാവാണീ | പൊൻമേഖലൈ (തമിഴ്) • |

# ഗാന്ധിസൂക്തം

**ശരീരം നശ്വരമെന്നും ആത്മാവ് അനശ്വരമെന്നും ധരിച്ചു കഴിഞ്ഞ ഒരാൾക്ക് ആത്മസാക്ഷാത്ക്കാരത്തിന് അച്ചടക്കവും ആത്മനിയന്ത്രണവും കൂടിയേ തീരൂ എന്ന അറിവും കൂടെയുണ്ടാവും. ശരീരം കാമത്തിന്റെ കളിക്കളമാകാം. അല്ലെങ്കിൽ ആത്മസാക്ഷാത്ക്കാരത്തിന്റെ ശ്രീകോവിലാകാം. രണ്ടാമത്തേതാണെങ്കിൽ തോന്നിയപടി നടക്കാൻ പറ്റില്ല. ഓരോ നിമിഷവും ശരീരാവശ്യങ്ങൾക്കുവേണ്ടി ആത്മനിയന്ത്രണമുണ്ടാവണം.**





വാസ്തു

# ഉദയം വരുന്ന അടുക്കള



ശ്രീ.പ്രഭാകരമേനോൻ പര്യാടത്ത്
റിട്ടയേർഡ് എഞ്ചിനീയർ,
വാസ്തു വിദ്ഗദ്ധൻ

കഴിഞ്ഞ ഒരു മാസമായി എറണാകുളം ടൗണിലും പരിസരത്തുമായി വളരെയധികം വീടുകളിൽ പോകേണ്ടി വന്നു. ഇതിൽ പഴയ വീടുകളും, പുതിയ വീടുകളും, അപ്പാർട്ടുമെന്റുകളും ഉണ്ട്. എല്ലാ സ്ഥലത്തും കിഴക്കോട്ടു തിരിഞ്ഞാണ് പാചകം ചെയ്യുന്നത്. ചില സ്ഥലത്ത് അടുക്കള തെക്കു പടിഞ്ഞാറു മൂലയും, മറ്റു ചില സ്ഥലത്ത് തെക്ക് മദ്ധ്യത്തിൽ, ചില വീടുകളിൽ വടക്കു കിഴക്ക്, അടുക്കളയുടെ കിഴക്ക് Work Area യും Toilet ഉം ഉണ്ട്. മറ്റു ചില സ്ഥലത്ത് അടുക്കള തെക്കു കിഴക്കും അതിനു കിഴക്ക് നാടൻ അടുക്കളയും. പല വീടുകളിലും അടുക്കള വടക്കു പടിഞ്ഞാറും അതിനു വടക്ക് വർക്ക് ഏരിയയുമുണ്ട്. എല്ലാ സ്ഥലത്തും കിഴക്കോട്ടു തിരിഞ്ഞാണ് കത്തിക്കുന്നത്. ഇത് എല്ലാവർക്കും അറിയാവുന്ന കാര്യമാണ്.

അടുക്കള കിഴക്കു തെക്കാകാം. അതിനു കിഴക്ക് വർക്ക് ഏരിയയൊ മറ്റു മുറികളോ പാടില്ല. കിഴക്കോട്ടു തിരിച്ചു കത്തിച്ചതുകൊണ്ടു മാത്രം കാര്യമില്ല. കിഴക്കുനിന്ന് അടുക്കളയിലേക്ക് ജനൽ എന്തായാലും വേണം. കിഴക്കോട്ടു ജനലില്ലാത്ത അടുക്കളയിൽ കിഴക്കോട്ടു തിരിഞ്ഞു കത്തിച്ചിട്ടു കാര്യമില്ല. അടുക്കള കിഴക്കു തെക്കാണെങ്കിൽ വർക്ക് ഏരിയ അടുക്കളയുടെ തെക്കു വശത്തു കൊടുക്കാം. അപ്പോൾ വർക്ക് ഏരിയയുടെ നിലം താഴ്ന്നിരിക്കരുത്.

അടുക്കള കിഴക്കു വടക്കാണെങ്കിൽ അടുക്കളയിൽ നിന്ന് കിഴക്കോട്ട് ജനൽ വേണം. സ്റ്റൗവിന്റെ സ്ഥാനം കിഴക്കു തെക്കായിരിക്കണം. പാത്രം കഴുകുവാനുള്ള സിങ്ക് കിഴക്കു വടക്കും ആയിരിക്കണം. വർക്ക് ഏരിയ ആവശ്യമുള്ളവർ അടുക്കളയുടെ വടക്കു വശത്തു കൊടുക്കണം. ഒരിക്കലും കിഴക്കു വശത്താകരുത്.

അടുക്കള വീടിന്റെ വടക്കു പടിഞ്ഞാറാണെങ്കിൽ വർക്ക് ഏരിയ അടുക്കളയുടെ പടിഞ്ഞാറു ഭാഗത്തായിരിക്കണം. അടുക്കളയുടെ വടക്കു ഭാഗത്ത് കിഴക്കോട്ടു നീങ്ങി ജനൽ വേണം. അടുക്കളയുടെ വടക്കെ ചുമർ വിട്ട് വടക്കോട്ട് കിഴക്കു ഭാഗത്തുള്ള മുറികൾ തള്ളി നിൽക്കരുത്. അതായത് അടുക്കളയുടെ വടക്കെ ചുമർ കിഴക്കു നിന്ന് പടിഞ്ഞാറു വരെ നേർരേഖയായിരിക്കണം.

അടുക്കള എവിടെയായാലും മകരം ഒന്നാം തീയതി മുതലുള്ള ഉദയം അടുക്കളയിലേക്കു വരാൻ പാകത്തിനു ജനലുകൾ ക്രമീകരിക്കണം.

സൂര്യോദയം ആറുമാസം തെക്കോട്ടും ആറുമാസം വടക്കോട്ടുമാണ്. ഡിസംബർ 21ാം തീയതി മുതലാണ് വടക്കോട്ടുള്ള പ്രയാണം ആരംഭിക്കുന്നത്. ഇതിന് ഉത്തരായനം എന്നു പറയുന്നു. ഉത്തരായനം ഡിസംബർ 21 ാം തീയതി ആരംഭിക്കുന്നുവെങ്കിലും ജനുവരി 15 (മകരം 1ാം തീയതി) മുതലാണ് നമുക്ക് അനുഭവപ്പെടുന്നത്. ഇൻഡ്യയിൽ പല സംസ്ഥാനങ്ങളും ഈ ദിവസം വലിയ ഉത്സവമായി ആഘോഷിക്കുന്നു. തമിഴ് നാട്ടിൽ പൊങ്കൽ എന്നും, വടക്കെ ഇൻഡ്യയിൽ ഉത്തരായന എന്ന പേരിലുമാണ് ആഘോഷിക്കുന്നത്. പഴയ കാലത്ത് കേരളത്തിൽ എല്ലാ മംഗളകാര്യങ്ങളും ചെയ്യുന്നതിന് ഉത്തരായനം വരെ കാത്തിരിക്കാറുണ്ട്. കല്യാണമായാലും, പൂജകളായാലും, ഉത്സവങ്ങളും, പൂരങ്ങളും എല്ലാം ഉത്തരായന കാലത്തു മാത്രമായിരുന്നു. ഉത്തരായനക്കാലത്ത് സൂര്യപ്രകാശത്തിന് ശക്തമായ പ്രതിരോധശക്തിയുള്ളതുകൊണ്ട് ഉത്സവങ്ങളും , പൂരങ്ങളും നടത്തുന്ന സ്ഥലത്ത് പകർച്ചവ്യാധികൾ ആ സമയത്ത് കുറവായിരിക്കും. ദക്ഷിണായന സമയത്തുണ്ടാകുന്ന പല രോഗങ്ങളും ഉത്തരായന സമയത്ത് ഉണ്ടാകുന്നില്ല.

ഉത്തരായനക്കാലത്തെ സൂര്യപ്രകാശം, വീടായാലും, അപ്പാർട്ടുമെന്റായാലും അടുക്കളയിലേക്കു വരണം. ഭക്ഷണം പാകം ചെയ്യുന്ന സമയത്ത് നാമറിയാതെ തന്നെ പല തരത്തിലുള്ള വൈറ്റമിനുകൾ സൂര്യപ്രകാശം വഴി രൂപപ്പെടുന്നു. ഒരളവുവരെ അടുക്കളയുടെ ഉള്ളിൽ അണുനശികരണവും നടക്കുന്നു.

കിഴക്കോട്ടു ജനലില്ലാത്ത പല അടുക്കളകളിലും കിഴക്കു വടക്കു ഭാഗത്ത് ചെറിയ ദ്വാരമുണ്ടാക്കിയ ശേഷം ഗുണം കിട്ടിയ ധാരാളം ആളുകൾ എറണാകുളത്തും പരിസരത്തുമുണ്ട്. അടുക്കളയിലേക്കു കടക്കുന്നതും, പുറത്തേക്കു കടക്കു

ന്നതുമായ വാതിലുകൾ അടുക്കളയുടെ തെക്കു പടിഞ്ഞാറ് (കന്നിമൂല) യിൽ വരാതെ നോക്കണം. അടുക്കള വീടിന്റെ ഹൃദയമാണ് എന്ന കാര്യം മറക്കരുത്. ശരിയായ സ്ഥാനത്താണെങ്കിൽ ഭക്ഷണത്തിന് സ്വാദ് കൂടും. കുടുംബ കലഹം ഉണ്ടാകുകയില്ല ●

**വാസ്തു സംബന്ധമായ എല്ലാ സംശയങ്ങളും എല്ലാ മാസവും 10-ാം തിയതിക്കു മുൻപ് കരയോഗം ഓഫീസിൽ ലഭിക്കേണ്ടതാണ്. കരയോഗം മെമ്പർമാർക്ക് രാവിലെ 10 മണി മുതൽ 5 മണി വരെ 9447032434 എന്ന നമ്പറിൽ വിളിക്കാവുന്നതാണ്. ഈ സേവനം തികച്ചും സൗജന്യമായിരിക്കും. എല്ലാ മാസവും രണ്ടാം ഞായറാഴ്ച എഞ്ചിനീയർ പ്രഭാകരമേനോൻ എറണാകുളം കരയോഗം ഓഫീസിൽ രാവിലെ 9.30 മുതൽ 1 മണി വരെ ഉണ്ടായിരിക്കും. അദ്ദേഹത്തെ കാണുന്നതിന് മുൻ കൂർ പേര് രജിസ്റ്റർ ചെയ്തിരിക്കണം.**

## വിശേഷ ദിവസങ്ങൾ

### 2016 നവംബർ 15 മുതൽ ഡിസംബർ 14 വരെ

| | | |
|---|---|---|
| നവംബർ | 16 | മണ്ഡലകാലരംഭം |
| | 21 | വൈക്കത്തഷ്ടമി |
| | 23 | സത്യസായി ജയന്തി |
| | 25 | തൃപ്രയാർ ഏകാദശി |
| | 28 | തൃപ്പൂണിത്തുറപൂർണ്ണത്രയീശ ക്ഷേത്രോത്സവം കൊടിയേറ്റ് |
| ഡിസംബർ | 5 | തൃപ്പൂണിത്തുറ ആറാട്ട് |
| | 10 | ഗുരുവായൂർ ഏകാദശി, രവിപുരം ക്ഷേത്രത്തിൽ ഏകാദശി ഉത്സവം, ഗീതാദിനം |
| | 12 | ചക്കുളത്തുകാവ് പൊങ്കാല, തൃക്കാർത്തിക |
| | 13 | നാരായണീയ ദിനം |

## എറണാകുളം കരയോഗം

## എൽഡർ സിറ്റിസൺസ് ഫോറം

### 2016 നവംബർ /ഡിസംബർ മാസത്തെ പരിപാടികൾ

| തീയതി | ഇന്നത്തെ ചിന്താവിഷയം അവതാരകൻ | മുഖ്യപ്രഭാഷകൻ | വിഷയം | നമ്പർ |
|---|---|---|---|---|
| 17.11.16 | പി.വി. മാധവൻപിള്ള | പി. ജയരാമൻ | പുസ്തകപരിചയം | 893 |
| 24.11.16 | ടി. കെ. ശ്രീകുമാരൻ നായർ | പി.ആർ.ബാലകൃഷ്ണൻ | ചിന്തിപ്പിക്കാവുന്ന ചില ചിന്തകൾ | 894 |
| 01.12.16 | ജയറാമിന്റെ ഗാനങ്ങൾ | ഡോ. ജി. മാധവൻ നായർ | ശങ്കരനും അദ്വൈതവും | 895 |
| 8.12.16 | എ. ആർ. പണിക്കർ | പി. പ്രഭാകരമേനോൻ | Oil Industry An Over view | 896 |





തുടർച്ച

# ഭാരതത്തിലെ ഋഷികവികൾ

## അധിനിവേശം-പൈതൃകം-നവോത്ഥാനം



ശ്രീകുമാരി രാമചന്ദ്രൻ

### 8) നായനാർ കവികൾ

എ.ഡി. അഞ്ചാം നൂറ്റാണ്ടിനും പത്താം നൂറ്റാണ്ടിനുമിടയിലുള്ള കാലഘട്ടം ദക്ഷിണേന്ത്യയിൽ ആത്മീയമായ ഒരുണർവ്വിനു വഴിവെച്ചു. നായനാർമാർ എന്നറിയപ്പെട്ട അറുപത്തിമൂന്നു കവികൾ ഈ കാലഘട്ടത്തിൽ നവോത്ഥാനത്തിനു സമാനമായ ചില പ്രവർത്തനങ്ങളിലൂടെ തമിഴ്നാട്ടിൽ ശൈവാരാധനയുടെ തരംഗങ്ങളുണർത്തി. ശൈവയോഗികളുടെ ജീവചരിത്രഗ്രന്ഥമായ പെരിയപുരാണം (പതിമൂന്നാം ശതകത്തിൽ രചിക്കപ്പെട്ട തിരുമുറൈ എന്ന മഹാഗ്രന്ഥത്തിന്റെ ഒരു പ്രസക്തഭാഗം) അറുപത്തിമൂന്ന് നായനാർമാരുടെയും ഒമ്പതു തോകൈ അടിയാൻമാരുടെയും ജീവചരിത്രങ്ങൾ വിവരിക്കുന്നു. വിവിധ സാമൂഹ്യസാമുദായിക പശ്ചാത്തലത്തിൽ ജീവിച്ചുകൊണ്ട് ശൈവാരാധന ജീവിതവ്രതമാക്കിയ നായനാർമാരിൽ അപ്പർ, സംബന്ധർ, സുന്ദരർ എന്നിവരായിരുന്നു പ്രമുഖർ. അറുപത്തിമൂന്ന് നായനനാർമാരുടെ പേരുകളുടെയും അവരുടെ സാമൂഹ്യപശ്ചാത്തലങ്ങളുടെയും ഒരു പട്ടിക ചുവടെ ചേർക്കുന്നു.

1) അദിപത്തർ - മുക്കുവസമുദായം
2) അയ്യടികൾ കടവർകോൻ-പല്ലവക്ഷത്രിയകുലം
3) അമരനീതി നായനാർ - വെള്ളാള സമുദായം
4) ആനായ നായനാർ - ഇടയസമുദായം
5) അത്പൂതി അടികൾ - പല്ലവ ക്ഷത്രിയകുലം
6) അരിവാത്തായർ - വെള്ളാള വംശം
7) ചണ്ഡേശ്വരർ
8) രാജശേഖരൻ (ചേരമാൻ പെരുമാൾ) - (ക്ഷത്രിയവംശം / കേരളം)
9) ദണ്ഡി അടികൾ - (ബ്രാഹ്മണവംശം)
10) ഏനാദിനാഥർ (നാടാർ വംശം)
11) എരിപത്തർ
12) ഏയർകോൻ കലിക്കാമൻ
13) ഗണനാഥൻ
14) ഇടൻകഴി നായനാർ
15) ഇളയാൻകുടിമാരനാർ (മാരവംശം / ക്ഷത്രിയവംശം)
16) ഇശൈജ്ഞാനിയാർ (ബ്രാഹ്മണവംശം / ചണ്ഡേശ്വര നായനാരുടെ മാതാവ് )
17) ഇയർപഗൈയാർ (വൈശ്യകുലം)
18) കാരിയാർ
19) കലികമ്പർ
20) കലിയർ
21) കണംപുല്ലർ
22) കണ്ണപ്പനായനാർ (ഗിരിവർഗം)
23) കാരൈക്കൽ അമ്മൈയാർ (വൈശ്യകുലം)
24) കാടവർകോൻ കഴർചിംഗൻ (പല്ലവകുലം / ക്ഷത്രിയകുലം)
25) കോച്ചെങ്കട്ട് ചോഴർ (ചോഴരാജവംശം)
26) കോട്പുലിയാർ (വെള്ളാളവംശം)
27) കുലച്ചിറൈ നായനാർ
28) കുങ്കുലിയക്കലയ നായനാർ
29) കൂറ്റുവനായനാർ (ക്ഷത്രിയവംശം)
30) മങ്കൈയർക്കരശിയാർ (ചോഴരാജകുമാരി)
31) മെയ്പ്പൊരുൾ നായനാർ
32) മാനക്കഞ്ചാരർ
33) മുനൈയടുവാർ
34) മൂർക്കനായനാർ
35) മൂർത്തിനായനാർ
36) മുരുകനായനാർ
37) നമിനന്തി അടികൾ
38) നരസിംഹമുനൈയരയർ
39) നേശർ
40) നിന്റശീർ നെടുമാര നായനാർ
41) പെരുമിഴലൈ കുറുമ്പനായനാർ
42) പുകഴ്ചോഴ നായനാർ

43) പുകഴ്ത്തുണൈ നായനാർ

44) പൂസലാർ

45) രുദ്രപശുപതി നായനാർ

46) ചാക്യനായനാർ

47) ചടയർ

48) തിരുജ്ഞാനസംബന്ധർ

49) ശത്തിനായനാർ / ചത്തിനായനാർ

50) ചെരുത്തുണൈ നായനാർ

51) ശിറൈപ്പൂലി നായനാർ

52) തിരുക്കുറിപ്പുത്തൊണ്ടർ

53) കഴറ്ററിവാർ

54) സോമാസിമാരർ

55) സുന്ദരർ / സുന്ദരമൂർത്തി നായനാർ

56) തിരുനീലകണ്ഠർ

57) തിരുമൂലർ

58) തിരുനാവുക്കരശർ

59) തിരുനീലനക്കർ

60) തിരുനീലകണ്ഠയാഴ്പാണർ

61) വായിലാർ

62) വിരൻമിണ്ട നായനാർ

63) തിരുനാളൈപോവാർ നായനാർ

എട്ടാം നൂറ്റാണ്ടിൽ സുന്ദരമൂർത്തി നായനാർ താനുൾപ്പെടെയുള്ള 63 നായനാർമാരുടെ ജീവിത രേഖകൾ ഉൾപ്പെടുത്തിക്കൊണ്ട് തിരുത്തോണ്ടർ തൊഗൈ എന്ന ബൃഹത്ഗ്രന്ഥം രചിച്ചു.

## 1) അദിപത്തർ

ചോളരാജ്യത്തെ പ്രമുഖ കടലോര പ്രദേശമായ നാഗൈ (ഇന്നത്തെ നാഗപട്ടണം) എന്ന ഗ്രാമത്തിലാണ് അദിപത്തർ ജീവിച്ചിരുന്നത്. പരധവർ /നുളയർ എന്നറിയപ്പെട്ടിരുന്ന മുക്കുവ സമുദായത്തിന്റെ നേതാവായ അദ്ദേഹത്തിന്റെ കുലത്തൊഴിൽ മീൻപിടിത്തമായിരുന്നു. നിത്യവും സുഹൃത്തുക്കൾക്കൊപ്പം പടകി(തോണി)ലേറി കടലിൽപ്പോകാനും വലവീശാനും അദ്ദേഹം ഒരിക്കലും അമാന്തിച്ചിരുന്നില്ല. ആദ്യം കിട്ടുന്ന മത്സ്യം ഭഗവാന് എന്ന ചിന്തയോടെ കടലിലേക്കു തിരിച്ചെറിയുക എന്നത് ശിവഭക്തനായ അദ്ദേഹത്തിന്റെ ഒരു ശീലമായിരുന്നു. വലയിൽ ഒരേ ഒരു മത്സ്യം മാത്രം കുടുങ്ങുന്ന ദിവസം പോലും ഈ പ തിവു മുടക്കിയില്ല. കിട്ടിയ ഒന്നിനെ ഭഗവാനു കാഴ്ചവെച്ച് പട്ടിണികിടക്കുന്നതിൽ അദ്ദേഹം ഒരു പ്രത്യേക സന്തോഷമനുഭവിച്ചു.

ഒരുനാൾ സാക്ഷാൽ നടരാജൻ ഭക്തനെ പരീക്ഷിക്കാൻ നിശ്ച യിച്ചു. അന്നുതൊട്ട് നിത്യവും അദിപത്തരുടെ വലയിൽ ഒരൽഭുതം പോലെ ഒരേയൊരു മത്സ്യം മാത്രം കുടുങ്ങാൻ തുടങ്ങി. യാതൊരു കുലുക്കവുമില്ലാതെ അദ്ദേഹം നിത്യവും ലഭിച്ചു പോന്ന ഒറ്റ മത്സ്യത്തെ ഭഗവാനു സമർപ്പിച്ചു. ദിവസങ്ങൾക്കകം അദിപത്തർ ദരിദ്രനായിത്തീർന്നു. അതിനിടെ ഒരു നാൾ കടലിൽ വലവീശിയ അദിപത്തർക്ക് അതിവിശിഷ്ടമായൊരു കോളു ലഭിച്ചു. സ്വർണ്ണവർണ്ണത്തിൽ, ശരീരമാസകലം വൈഡൂര്യം പതിച്ച ഒരു പടുകൂറ്റൻ മത്സ്യം! ഒപ്പമുണ്ടായിരുന്ന സുഹൃത്തുക്കൾ ഈ മഹാത്ഭുതം കണ്ട് മിഴിച്ചുനിന്നു. 'സൂര്യശോഭയുള്ള ഈ മത്സ്യം അടിയനിതാ മഹാദേവനു സമർപ്പിക്കുന്നു'. എന്നു പറഞ്ഞുകൊണ്ട് അദിപത്തർ സ്വർണ്ണ മത്സ്യത്തെ കടലിൽത്തന്നെ നിക്ഷേപിച്ചു. മേഘങ്ങൾക്കിടയിൽ നിന്ന് ഇതെല്ലാം വീക്ഷിച്ചുകൊണ്ടിരുന്ന ഭഗവാന് അദിപത്തരുടെ ഭക്തിയിൽ മതിപ്പുതോന്നി. അദ്ദേഹം ഭക്തന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ടു. അദിപത്തറും അനുയായികളും ഭഗവൽ പാദങ്ങളിൽ പ്രണാമമർപ്പിച്ചു. മഹാദേവന്റെ കൃപയാൽ അദിപത്തർ അനുയായികൾക്കൊപ്പം നിത്യമോക്ഷം പ്രാപിക്കുകയും ചെയ്തു എന്ന് സുന്ദരമൂർത്തി നായനാർ തന്റെ തിരുത്തോണ്ടർ തോഗൈ എന്ന ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

## 2) അയ്യടികൾ കടവർകോൻ

പല്ലവരാജവംശത്തിലെ അംഗമായിരുന്ന അയ്യടികൾ കടവർകോൻ കാഞ്ചീപുരം തലസ്ഥാനമാക്കി രാജ്യം വാണുപോന്നു. സിമ്മവർമൻ (സിംഹവർമ്മൻ) എന്നായിരുന്നുവത്രേ ശിവഭക്തനായ ഇദ്ദേഹത്തിന്റെ യഥാർത്ഥ നാമധേയം. പല്ലവ പരമേശ്വരവർമ്മൻ എന്നായിരുന്നെന്നും ചില അഭിപ്രായങ്ങളുണ്ട്. ഇതിനെക്കുറിച്ച് ചരിത്രപരമായ യാതൊരു രേഖയും ലഭ്യമല്ല. നീതിമാനും പ്രജാക്ഷേമതൽപരനുമായ ഒരു രാജാവ് എന്ന നിലക്ക് കടവർകോൻ ഏറെ ജനസമ്മതി നേടി. ധൈര്യശാലിയും മികച്ച യോദ്ധാവുമായിരുന്ന അദ്ദേഹം ശൈവനീതിയിൽ അധിഷ്ഠിതമായ ഭരണം കാഴ്ച വെച്ചു. അദ്ദേഹത്തിന്റെ സംരക്ഷണയിൽ ഹൈന്ദവ ക്ഷേത്രങ്ങൾ തഴച്ചു വളർന്നു. തമിഴിലും സംസ്കൃതത്തിലും അഗാധപാണ്ഡിത്യമുണ്ടായിരുന്ന അദ്ദേഹത്തിന് ജനങ്ങളെ ശിവാരാധനയിലേക്കാകർഷിക്കാനും സാധിച്ചു. കാലാന്തരത്തിൽ അദ്ദേഹത്തിനു രാജ്യഭരണത്തിൽ വിരക്തിയുണ്ടായി. മനസുനിറയുവോളം ശിവാരാധനയിൽ മുഴുകാൻ സിംഹാസനം ഒരു തടസ്സമാണെന്നു തോന്നിയതോടെ അദ്ദേഹം സ്ഥാനമൊഴിഞ്ഞു. രാജ്യഭാരം സ്വപുത്രനെ ഏൽപ്പിച്ചതിനുശേഷം





അദ്ദേഹം നിരന്തരമായ തീർത്ഥയാത്രയിൽ മുഴുകി. പ്രധാനമായും ശിവക്ഷേത്രങ്ങളാണ് സന്ദർശിച്ചത്. ഓരോ ക്ഷേത്രത്തിൽ ദർശനം നടത്തുമ്പോഴും അവിടത്തെ പ്രധാനദേവനായ മഹാദേവനെക്കുറിച്ച് തമിഴിൽ സ്തുതിഗീതങ്ങൾ രചിക്കുകയും ചെയ്തു. ഒടുവിൽ ചിദംബരത്തെ തില്ലൈ നടരാജക്ഷേത്രത്തിലെത്തിയ കടവർകോന് ദിവ്യദർശനം ലഭിച്ചു. ഭഗവാന്റെ ആനന്ദതാണ്ഡവം കണ്ടു സായൂജ്യമടഞ്ഞ അദ്ദേഹം തില്ലൈ നാടരാജ വിഗ്രഹത്തിൽ വിലയംപ്രാപിച്ചുഎന്ന് സുന്ദരമൂർത്തിനായനാരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു.

കടവർകോന്റെ തമിഴ് രചനകളായി 24 പദ്യങ്ങൾ വീണ്ടെടുക്കപ്പെട്ടിട്ടുണ്ട്. ക്ഷേത്രതിരുവെമ്പാ എന്ന പേരിൽ ഈ കൃതികളെ സമാഹരിച്ചു സംരക്ഷിച്ചിരി ക്കുന്നു.

## 3) അമരനീതി നായനാർ

ചോഴനാട്ടിലെ പഴൈയാറ് എന്ന നഗരത്തിൽ വണികർ കുലത്തിലാണ് അമരനീതിനായനാർ ജനിച്ചത്. മുത്തും പവിഴവും പട്ടും കച്ചവടം ചെയ്തിരുന്ന ഒരു വ്യാപാരിയായിരുന്നു അദ്ദേഹം. കച്ചവടത്തിലൂടെ ധാരാളം പണവും സമ്പാദിച്ചു. എങ്കിലും ഇതിനെക്കാളൊക്കെ മഹത്വം ശിവഭക്തിക്കുതന്നെ എന്നുറച്ചു വിശ്വസിച്ച അമരനീതി ശിവപെരുമാളുടെ സേവക്കായി സ്വയം സമർപ്പിച്ചു. ഭവനത്തിലെത്തിയ ശിവയോഗികളെ സൽക്കരിച്ചും അവർക്കു ഭക്ഷണം, കൗപീനം എന്നിവ നൽകിയും അദ്ദേഹം സായൂജ്യം കണ്ടെത്തി. തിരുനല്ലൂർ എന്ന സ്ഥലത്ത് അദ്ദേഹം ശിവഭക്തർക്കായി ഒരു തിരുമഠം സ്ഥാപിച്ചു. സന്ദർശകർക്കു താമസസൗകര്യവും ഭക്ഷണവും നൽകി. മഠത്തിനു തൊട്ടടുത്തായി ഒരു മണികണ്ഠക്ഷേത്രമുണ്ടായിരുന്നു. അമരനീതിനായനാർ ക്ഷേത്രം പുനരുദ്ധരിച്ചു. അവിടത്തെ ഉത്സവം നടത്തി. പ്രത്യേകം വഴിപാടുകൾ ചെയ്തു. ഈ ഘട്ടത്തിൽ ശിവപെരുമാൾ നായനാരെ ഒന്നു പരീക്ഷിക്കാൻ തീർച്ചപ്പെടുത്തി. അവിടുന്ന് ഒരു ബ്രഹ്മചാരിയുടെ രൂപത്തിൽ നായനാരുടെ മുമ്പിലെത്തി. നായനാർ ബ്രഹ്മചാരിയെ വണങ്ങിയതിനുശേഷം സൽക്കാരത്തിനുവേണ്ട ഏർപ്പാടുകൾ ചെയ്യാൻ പുറപ്പെട്ടു. 'വരട്ടെ നാം കാവേരീനദിയിലൊന്നു മുങ്ങിക്കുളിച്ചു വരാം. അതുകഴിഞ്ഞിട്ട് താങ്കളുടെ സൽക്കാരം സ്വീകരിക്കാം,' എന്നു പറഞ്ഞുകൊണ്ട് ബ്രഹ്മചാരി തന്റെ കൈവശമുണ്ടായിരുന്ന ഒരു കൗപീനം നായനാരെ ഏൽപിച്ചു. 'നാം സ്നാനം കഴിഞ്ഞുവരുവോളം ഇതു ഭദ്രമായി സൂക്ഷിയ്ക്കുക!' എന്നു പറഞ്ഞതിനുശേഷം ബ്രഹ്മചാരി കാവേരീനദിയിലേക്കു നടന്നു. നായനാർ ബ്രഹ്മചാരിയുടെ കൗപീനം മഠത്തിലൊരുദിക്കിൽ സൂക്ഷിച്ചുവെച്ചു. ബ്രഹ്മചാരി കുളികഴിഞ്ഞു വന്നു കൗപീനം ചോദിച്ചു. താൻവെച്ച ദിക്കിൽ കൗപീനം കാണാഞ്ഞതിനെതുടർന്ന് നായനാർ വിഷണ്ണനായി. കാണാതായ കൗപീനത്തിനു പകരം താൻ പട്ടിന്റെ കൗപീനം നൽകാമെന്ന് അദ്ദേഹം വിനയപൂർവ്വം അറിയിച്ചു. 'എങ്കിൽ ഒരു ത്രാസുകൊണ്ടു,' എന്നായി ബ്രഹ്മചാരി. ഭൃത്യൻമാർ ത്രാസ് കൊണ്ടുവന്നു. ബ്രഹ്മചാരി തന്റെ ഒറ്റ വസ്ത്രം ത്രാസിന്റെ ഒരു തട്ടിൽ വെച്ചു. നായനാർ ഒരു പട്ടുവസ്ത്രമെടുത്ത് ത്രാസിന്റെ മറ്റേ തട്ടിൽ വെച്ചു. എന്നാൽ ബ്രഹ്മചാരിയുടെ വസ്ത്രമിരുന്ന തട്ട് ഭാരം മൂലം തറയിൽ തന്നെ ഇരുന്നു. നായനാർ വീണ്ടും ഒരു പട്ടുവസ്ത്രമെടുത്ത് വെച്ചു. അപ്പോഴും സ്ഥിതി പഴയതു തന്നെ. തന്റെ കൈവശമുണ്ടായിരുന്ന പട്ടുകൾ മുഴുവനും തട്ടിലെടുത്തുവെച്ചെങ്കിലും ഫലമുണ്ടാകുന്നില്ലെന്നു കണ്ട നായനാർ പത്നിയെയും പുത്രനെയും കൂട്ടി സ്വയം തട്ടിൽക്കയറി ഇരുന്നു. ഉടൻ ത്രാസിന്റെ തട്ടുകൾ രണ്ടും ഒരേ നിലയിൽ ഉയർന്നു. കണ്ടുനിന്നവർ 'ശിവശിവ' എന്നൽഭുതം കൂറി. ബ്രഹ്മചാരി അപ്രത്യക്ഷനായി. ഇതു തന്റെ പെരുമാൾ തന്നെ എന്നുറപ്പിച്ച നായനാർ തിരുനല്ലൂർ മഹാദേവനെ സ്തുതിച്ചു. ഭഗവാൻ പ്രത്യക്ഷനായി നായനാരെ അനുഗ്രഹിച്ചു. അടുത്ത നിമിഷം അമരനീതിനായനാർ പത്നിയോടും പുത്രനോടും കൂടി ശിവപാദം പൂകി എന്ന് സുന്ദരമൂർത്തി നായനാരുടെ ഗ്രന്ഥത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. (തുടരും) •

ചൈത്രം

• മാനസിക സംഘർഷമനുഭവിക്കുന്നവർ
• ഏകാന്തതയനുഭവിക്കുന്നവർ
• ജീവിതം അവസാനിപ്പിക്കണമെന്ന് തോന്നുന്നവർ
• നിങ്ങളുടെ വിഷമം പങ്കുവയ്ക്കാൻ നേരിട്ടും ഫോണിലും ബന്ധപ്പെടാം;
0484 2361161
ചൈത്രത്തിലെ സേവനം തികച്ചും സൗജന്യവും സ്വകാര്യവുമാണ്

ഉച്ചയ്ക്ക് 2 മണി മുതൽ 5 മണി വരെ

ക്ഷേത്രങ്ങളിലൂടെ

# ഭക്തരക്ഷകനായ നരസിംഹമൂർത്തി



ഇന്ദിരാഭായി



ഭാരതീയ സംസ്കാരത്തിന്റെ നെടുംതൂണുകളായി മാറിയ ദശാവതാരകഥകൾ മാനുഷീക മൂല്യങ്ങളിലേക്ക് വെളിച്ചം വീശുന്ന പ്രകാശഗോപുരങ്ങളാണ്. ഭഗവാൻ മഹാവിഷ്ണുവിന്റെ അവതാര രഹസ്യങ്ങളാണല്ലോ ദശാവതാര കഥകൾ. ശാസ്ത്രവും ദർശനവും കാവ്യാത്മകതയും സമ്മേളിക്കുന്ന ദശാവതാര കഥകൾ ആത്മജ്ഞാനത്തിന്റെ വാതായനങ്ങളാണ്. ചിന്തയുടെ തെളിമയും കഥയുടെ വശ്യതയും തെളിയുകയാണ് ദശാവതാര കഥകളിൽ. അധർമ്മം വർദ്ധിക്കുകയും ധർമ്മവും നീതിയും കുറയുകയും ചെയ്യുമ്പോൾ ധർമ്മസംസ്ഥാപനത്തിനായി അവതരിക്കുന്ന മഹാവിഷ്ണുവിന്റെ ഒരവതാരമാണല്ലോ നരസിംഹാവതാരം. ഒരേ സമയം അഹങ്കാരത്തിനു മുന്നിൽ സംഹാരമൂർത്തിയും കളങ്കമില്ലാത്ത ഭക്തിക്കു മുന്നിൽ കരുണയുടെ നീരുറവയുമാണെന്നു കാട്ടിത്തരുന്ന അവതാര മൂർത്തിയാണ് നരസിംഹാവതാരം. നാഭീഭാഗത്തു നിന്നും മേൽപ്പോട്ട് രക്തവർണ്ണത്തോടും കീഴ്ഭാഗത്തേക്ക് വെളുപ്പു നിറത്തോടും ശംഖ് ചക്രം പാശം അങ്കുശം വജ്രായുധം തുടങ്ങിയ ദിവ്യായുധങ്ങൾ ധരിച്ചും സർവ്വശത്രുക്കളേയും സംഹരിച്ച് സർവ്വവിധ സുഖങ്ങളെയും പ്രദാനം ചെയ്യുന്ന നരസിംഹമൂർത്തി അഹങ്കാരരൂപമായ ഹിരണ്യകശിപുവിനെ നിഗ്രഹിച്ച് ഭക്തിയുടെ നിറകുടമായ പ്രഹ്ലാദനെ രക്ഷിക്കുവാനായി അവതരിച്ചു. അഹങ്കാരമെന്ന ഹിരണ്യകശിപുവിനെ നിഗ്രഹിച്ച് പ്രഹ്ലാദന്റെ ഭക്തിക്കു മുന്നിൽ ഭഗവാൻ ശാന്തനാകുന്നു. പ്രഹ്ലാദനെ അനുഗ്രഹിക്കുന്നു. ഭൂലോകം, ഭുവർലോകം, സ്വർലോകം, മഹർലോകം, ജനലോകം, തപോലോകം, ബ്രഹ്മലോകങ്ങൾ, അതലം, വിതലം, സുതലം, രസാതലം, തലാതലം, മഹാതലം, പാതാളങ്ങൾ എന്നീ പതിന്നാലു ലോകങ്ങൾക്കും അധിപനായ ഭഗവാൻ മഹാവിഷ്ണുവിന്റെ പത്ത് അവതാരങ്ങളിൽ ഏറ്റവും ഭീകര രൂപമായ അവതാരമാണ് നരസിംഹാവതാരം.

കൊല്ലം ജില്ലയിലെ അഞ്ചൽ എന്ന സ്ഥലത്തിനടുത്ത് കുളത്തൂർപുഴയിലാണ് ഏരൂർപെരുംതൃക്കോയിക്കൽ നരസിംഹ മൂർത്തി ക്ഷേത്രം സ്ഥിതിചെയ്യുന്നത്. തെക്കൻ കേരളത്തിൽ ചെങ്ങന്നൂരു കഴിഞ്ഞാൽ നരസിംഹമൂർത്തിയെ പ്രധാന ദേവനായി പ്രതിഷ്ഠിച്ചിട്ടുള്ള ഏക ക്ഷേത്രമാണ് ഏരൂർപെരുംതൃക്കോയിക്കൽ ക്ഷേത്രം. പത്മപാദരാൽ പ്രതിഷ്ഠിതമായ ക്ഷേത്രമാണിത്. പ്രത്യക്ഷമായ അനുഭവങ്ങൾകൊണ്ട് മനുഷ്യജീവിതത്തിലിടപെടുന്ന നരസിംഹമൂർത്തി സാന്നിദ്ധ്യമാണ് എരൂർ പെരുംതൃക്കോയിക്കൽ ക്ഷേത്രത്തിലെ പ്രത്യേകത. സാമാന്യം നല്ല ഉയർന്ന പ്രദേശത്താണ് ഈ ക്ഷേത്രം സ്ഥിതി ചെയ്യുന്നത്. ഈ ക്ഷേത്രപരിസരത്തെത്തിയാൽ ഭഗവാന്റെ ഭാവം മനസ്സിലാക്കി പക്ഷികൾ പോലും നിശ്ശബ്ദരായോ എന്നു തോന്നിപ്പോകും. അത്രയ്ക്കു ശാന്തമാണിവിടം. പണ്ട് കുളത്തൂർപ്പുഴ കൊടുംവനപ്രദേശമായിരുന്നു. ജഗത്ഗുരു ശങ്കരാചാര്യ സ്വാമികൾക്ക് വേദപണ്ഡിതൻമാരായ നിരവധി ശിഷ്യൻമാരുണ്ടായിരുന്നു. ഒട്ടും പാണ്ഡിത്യമില്ലാത്ത ശുദ്ധഭക്തനായ സാധുവായ ഒരു ശിഷ്യനുമുണ്ടായിരുന്നു. ഒരിക്കൽ ശങ്കരാചാര്യസ്വാമികളും ശിഷ്യൻമാരുമായി യാത്ര പോയി. യാത്രാമദ്ധ്യേ അവർക്കൊരു പുഴ കടന്നു പേകേണ്ടതായി വന്നു. പണ്ഡിതൻമാരായ ശിഷ്യൻമാരെല്ലാം പുഴ നീന്തിക്കടന്ന് അക്കരെയെത്തി. എന്നാൽ സാധുവായ ആ ശിഷ്യന് നീന്തലറിയാഞ്ഞതിനാൽ പുഴ കടക്കാൻ കഴിയാതെ വിഷമിച്ചു നിന്നു. അദ്ദേഹത്തിന്റെ വിഷമം കണ്ട് ശങ്കരാചാര്യസ്വാമികൾ ശിഷ്യനോട് ധൈര്യമായി പുഴ കടന്നോളു നാം നോക്കിക്കോളാം എന്നു പറഞ്ഞു. പരമഗുരുഭക്തനായ ആ ശിഷ്യൻ ഗുരുവിന്റെ രൂപം മാത്രം മനസ്സിൽ സ്മരിച്ചുകൊണ്ട് കണ്ണു മടച്ച് നദിയിലൂടെ നടന്നു. അദ്ദേഹത്തിന്റെ പാദം പതിഞ്ഞ ഇടത്തൊക്കെ താമര വിരിഞ്ഞു വരികയും താമരകളിൽ ചവിട്ടി അദ്ദേഹം പുഴ കടക്കുകയും ചെയ്തു. ശങ്കരാചാര്യർ ആ ശിഷ്യന് പത്മപാദർ എന്ന പേര് നല്കി അനുഗ്രഹിച്ചു. അദ്ദേഹം പത്മപാദർ എന്ന നാമധേയത്തിൽ പ്രശസ്തനായി. പണ്ഡിതന്മാരെന്ന് അഭിമാനിച്ചിരുന്ന ശിഷ്യൻമാർ പലപ്പോഴും പുച്ഛിക്കുകയും കളിയാക്കുകയും ചെയ്തിരുന്ന പത്മപാദരെ അനുഗ്രഹിച്ചതിലൂടെ ശങ്കരാചാര്യർ മറ്റ് ശിഷ്യൻമാരുടെ പാണ്ഡിത്യാഹങ്കാരഭാവത്തെ പുച്ഛിച്ചു തള്ളുകയായിരുന്നു. ശങ്കരാചാര്യർ തന്റെ ശിഷ്യൻമാരെ വേദാന്ത രഹസ്യങ്ങൾ പഠിപ്പിച്ചശേഷം വേദപ്രചരണാർത്ഥം ഓരോ സ്ഥലങ്ങളിലേക്കും അയച്ചു. എന്നാൽ പത്മപാദർ മാത്രം പോയില്ല. അദ്ദേഹം തനിക്ക് അറിവും പാണ്ഡിത്യവും കുറവായതിനാൽ ഗുരുപാദസേവ ചെയ്ത് ഗുരുവിനോടൊപ്പം കഴിയാനനുവദിക്കണമെന്നപേക്ഷിച്ച് ഗുരുവിനോടൊപ്പം പോയി. അവർ അഗസ്ത്യർകൂടം ലക്ഷ്യമാക്കി തെക്കൻ ദേശത്തേക്കു യാത്രയായി. ചെങ്കോട്ടക്കടുത്ത് അഗസ്ത്യമുനി സുബ്രഹ്മണ്യനെ ഉപാസിച്ച് സുബ്രഹ്മണ്യ പ്രതിഷ്ഠ നടത്തിയ സ്ഥലത്തെത്തി വിശ്രമിച്ചു. അവിടെ വച്ച് ശങ്കരാചാര്യർ പത്മപാദരുടെ പൂർവ്വജന്മ കഥ അദ്ദേഹത്തോടു പറഞ്ഞു. പൂർവ്വജന്മത്തിൽ പത്മപാദർ നരസിംഹഭക്തനായിരുന്നതിനാൽ ഈ ജന്മം നരസിംഹോപാസന ചെയ്താൽ ബുദ്ധിയും ജ്ഞാനവും തെളിയുമെന്ന് ശിഷ്യനെ ഉപദേശിച്ചു. പിന്നീട് ഗുരുവും ശിഷ്യനും അവിടെനിന്നും യാത്രയായി. കുളത്തൂർപ്പുഴ വനാന്തരത്തിലൂടെയുള്ള യാത്രയിൽ ശിഷ്യനോട് തപസ്സനുഷ്ഠിക്കാൻ പറഞ്ഞ് ശങ്കരാചാര്യർ യാത്രയായി. കൂളത്തൂർപ്പുഴ വനത്തിലെ ഇന്നത്തെ ഏരൂർ എന്ന സ്ഥലത്താണ് പത്മപാദർ ധ്യാനത്തിൽ മുഴുകി കഴിഞ്ഞിരുന്നത്. വനപ്രദേശത്തെ സാമാന്യം ഉയർന്ന പ്രദേശമായിരുന്നു ഏരൂർ. ആ വനത്തിൽ വേട്ടയാടി ജീവിച്ചു പോന്ന ഒരു കാട്ടാളനുണ്ടായിരുന്നു. കാട്ടാളൻ തപസ്സിൽ മുഴുകിയിരിക്കുന്ന പത്മപാദരെ കാണുവാനിടയായി. കാട്ടാളൻ പത്മപാദരെ ശ്രദ്ധിച്ചു നോക്കി. യാതൊരു ചലനവുമില്ലാതെ കണ്ണുമടച്ചിരുന്നു തപസ്സു ചെയ്യുന്ന അദ്ദേഹത്തിന്റെ മുന്നിലെത്തിയ കാട്ടാളൻ അദ്ദേഹത്തെ തന്നെ നോക്കിക്കൊണ്ടിരുന്നു. ധ്യാനത്തിൽ നിന്നുണർന്ന പത്മപാദർ തന്റെ മുന്നിൽ അത്ഭുതത്തോടെ നോക്കിയിരുന്ന കാട്ടാളനെയാണ് കണ്ടത്. കാട്ടാളൻ വേട്ടയാടി കിട്ടിയ വസ്തുക്കളും കായ്കനികളും അദ്ദേഹത്തിന്റെ മുന്നിൽ കൊണ്ടു വച്ച് അദ്ദേഹത്തോട് ഇങ്ങനെ ചോദിച്ചു. നിങ്ങൾ എന്തിനാണ് എപ്പോഴും ഇങ്ങനെ കണ്ണുമടച്ച് അനങ്ങാതെ ഇരിക്കുന്നത് എന്ന്. ഞാൻ നരസിംഹമൂർത്തിയെ ധ്യാനിച്ചിരിക്കുകയാണെന്നു പറഞ്ഞാൽ ഈ കാട്ടാളനെങ്ങനെ എന്തു മനസ്സിലാകാനാണ് എന്നു വിചാരിച്ച് അദ്ദേഹം സിംഹത്തിന്റെ മുഖവും മനുഷ്യന്റെ ശരീരവുമുള്ള ഒരു മൃഗം ഈ കാട്ടിലുണ്ട്, അതിനെ പിടിക്കാനാണ് ഞാൻ കണ്ണുമടച്ച് ഇവിടെയിരിക്കുന്നത് എന്നു പറഞ്ഞു. ഇതു കേട്ട കാട്ടാളൻ അത്ഭുതപ്പെട്ടു. കാരണം ഈ കാടിന്റെ ഓരോ മുക്കും മൂലയും ഓരോ ചലനവും നിശ്ചയമുള്ള ഞാനറിയാത്ത ഒരു ജീവിയോ ഈ കാട്ടിൽ, അങ്ങനെയെങ്കിൽ അതിനെ കണ്ടു പിടിച്ചിട്ടു തന്നെയെന്നു കാട്ടാളൻ നിശ്ചയിച്ചു. പത്മപാദർ പറഞ്ഞ ജീവിയുടെ രൂപം മനസ്സിലുറപ്പിച്ച് കാട്ടാളൻ കാടു മുഴുവൻ നടന്നു. ദിവസങ്ങളോളം ആഹാരം പോലും മറന്ന് ആ ജീവിയുടെ രൂപം തന്നെ മനസ്സിൽ വിചാരിച്ച് അലയുന്ന കാട്ടാളനെ കണ്ട് ഭഗവാന്റെ മനസ്സലിഞ്ഞു. ഭഗവാൻ തന്നെ തേടി അലയുന്ന കാട്ടാളന് കാണത്തക്കവിധം ഒരു മരച്ചുവട്ടിൽ പ്രത്യക്ഷപ്പെട്ടു. താൻ അന്വേഷിച്ചു നടന്ന ജീവിയെ ദൂരെ നിന്നു കണ്ട കാട്ടാളൻ സന്തോഷത്തോടെ ഓടി വന്ന് ആ ജീവിയെ പിടിച്ച് കാട്ടുവള്ളികൾ പറിച്ച് പിടിച്ചു കെട്ടിക്കൊണ്ടു പോയി പത്മപാദരുടെ മുന്നിൽ കൊണ്ടെത്തിച്ചു. ധ്യാനത്തിൽ നിന്നുണർന്ന പത്മപാദർ കണ്ട കാഴ്ച കൈകൾ കാട്ടുവള്ളികളാൽ കെട്ടിയ നിലയിൽ നരസിംഹമൂർത്തിയേയും പിടിച്ചു കൊണ്ട് കാട്ടാളൻ തന്റെ മുന്നിൽ നില്ക്കുന്നതാണ്. അദ്ദേഹം അത്ഭുതപ്പെട്ടതു കണ്ട് കാട്ടാളൻ ഇങ്ങനെ പറഞ്ഞു. ഇനി നിങ്ങൾ കണ്ണും പൂട്ടിയിരുന്നു കഷ്ടപ്പെടേണ്ട നിങ്ങൾ പറഞ്ഞ ജന്തുവിനെ ഇതാ ഞാൻ കൊണ്ടു വന്നിരിക്കുന്നു. കാട്ടാളന്റെ വാക്കുകൾ കേട്ട് ഭഗവത് ദർശനത്തിന്റെ സന്തോഷത്തിൽ പത്മപാദർ നരസിംഹ മൂർത്തിയെ സാഷ്ടാംഗം നമസ്കരിച്ച് ഭഗവാനോട് ചോദിച്ചു. ഭഗവാനെ ഇതെന്തു മായയാണ്? പ്രപഞ്ചത്തെ നിയന്ത്രിക്കുന്ന അങ്ങ് ഈ കാട്ടാളന്റെ മുന്നിൽ പാവയെപ്പോലെ നിന്ന കൊടുക്കുന്നതിന്റെ രഹസ്യമെന്താണ്? ഭഗവാൻ പത്മപാദരോട് പൂർവ്വജന്മത്തിൽ ഈ കാട്ടാളൻ തികഞ്ഞ വിഷ്ണു ഭക്തനായിരുന്നു. ഈ ജന്മത്തിൽ മുനിശ്രേഷ്ഠനായ

നിങ്ങളെ കണ്ടപ്പോൾ നിങ്ങളുടെ വാക്കുകളെ അയാൾ പൂർണ്ണമായി വിശ്വസിച്ചു. ആ സമയം മുതൽ ഒരു ജന്തുവായിട്ടാണെങ്കിലും നരസിംഹ രൂപം മാത്രമേ ഇവന്റെ മനസ്സിലും ബുദ്ധിയിലും ഉണ്ടായിരുന്നുള്ളു. സ്വയം മറന്ന് നരസിംഹ രൂപത്തിൽ എന്നെ തേടുന്ന ഇവനെ എനിക്കു നിരാശനാക്കാൻ തോന്നിയില്ല. ഇപ്പോൾ എന്റെ യഥാർത്ഥ രൂപം ദർശിക്കുന്ന തോടെ ഇവൻ കാട്ടാളരൂപം വെടിഞ്ഞ് എന്റെ പാർഷദനായി വൈകുണ്ഠത്തേക്കു വരും. കാലാന്തരത്തിൽ പത്മപാദരെന്ന നിനക്കും എന്നിൽ സായൂജ്യം ലഭിക്കും. ഭഗവാൻ ശംഖുചക്രഗദാധാരിയായി ഭഗവത്കലകളോടെ ആവിർഭവിച്ചതും കാട്ടാളൻ ഭഗവത് പാദങ്ങളിൽ സായൂജ്യം നേടി. ഭഗവാൻ ശ്രീനരഹരി പ്രത്യക്ഷമായ സ്ഥലത്ത് ശ്രീശങ്കരാചാര്യ ശിഷ്യോത്തമനായ പത്മപാദരാൽ പ്രതിഷ്ഠിതമായ പുണ്യക്ഷേത്രമാണ് ഏരൂർ തൃക്കോയിക്കൽ നരസിംഹമൂർത്തിക്ഷേത്രം. പൗരാണികതയുടെ മഹിമയോടെ സാമാന്യം വലിയ വട്ട ശ്രീകോവിലിൽ ഭഗവാൻ നരസിംഹസ്വാമി പടിഞ്ഞാട്ടു ദർശനമായി പരിലസിക്കുന്നു. ഭഗവാന്റെ പടിഞ്ഞാട്ടു ദർശനം ഉഗ്രമൂർത്തിയായാണ് വിശ്വസിക്കുന്നത്. ഈ ക്ഷേത്രത്തിലെ രക്ഷസിന്റെ ഉത്ഭവത്തിനു പിന്നിലും ഒരു കഥയുണ്ട്. ഒരിക്കൽ ഈ ക്ഷേത്രത്തിലെ മേൽശാന്തിയായിരുന്ന നമ്പൂതിരി അത്താഴപൂജ കഴിഞ്ഞ് നട അടച്ച് പടിയിറങ്ങിപ്പോയി. പാതിവഴിയിലെത്തിയപ്പോഴാണ് തന്റെ താമസസ്ഥലത്തെ മുറിയുടെ താക്കോൽ മറന്നല്ലോ എന്നോർത്തത്. അദ്ദേഹം തിരിച്ചു വന്ന് മണിയടിച്ചു മുട്ടിവിളിക്കാതെ പെട്ടെന്നു ശ്രീകോവിൽ തുറന്നു. അകത്ത് ഭഗവാൻ നരസിംഹമൂർത്തിയെ കണ്ട് ഭയന്നു നിലവിളിച്ച അദ്ദേഹം തന്റെ കയ്യിലുണ്ടായിരുന്ന നാളികേരം എടുത്ത് നരസിംഹത്തിനുനേരെ എറിഞ്ഞ് തിരിഞ്ഞോടി. ഭഗവാൻ ആക്രോശത്തോടെ അദ്ദേഹത്തെ അടിച്ചിട്ടു. പിറ്റേ ദിവസം രാവിലെ ചോരയിൽ കുളിച്ച് വാതിൽ പടിയിൽ മരിച്ചു കിടക്കുന്ന മേൽശാന്തി നമ്പൂതിരിയെയാണ് കണ്ടത്. നമ്പൂതിരി തേങ്ങയെടുത്തെറിയാതെ തന്റെ തെറ്റേറ്റു പറഞ്ഞ് ഭക്തിപൂർവ്വം ക്ഷമാപണം നടത്തിയിരുന്നുവെങ്കിൽ ഒരു പക്ഷെ ഭഗവാൻ ക്ഷമിക്കുമായിരുന്നു. തനിക്കു നിത്യപൂജ ചെയ്തിരുന്ന ആളായിട്ടുപോലും തെറ്റു ചെയ്തതിന് ഭഗവാൻ ക്ഷമിച്ചില്ല. 1992 ൽ ദേവപ്രശ്നത്തിൽ തെളിഞ്ഞ തിരുമാനപ്രകാരം ക്ഷേത്രപരിസര ത്തലഞ്ഞു നടന്നിരുന്ന മേൽശാന്തിയെ ബ്രഹ്മരക്ഷസ്സായി നാലമ്പലത്തിനു പുറത്ത് പ്രതിഷ്ഠിച്ച് ആരാധിച്ചു പോരുന്നു. നമ്പൂതിരിയുടെ തേങ്ങ കൊണ്ടുള്ള ഏറുകൊണ്ട് വിഗ്രഹത്തിന്റെ കൈ ഒടിഞ്ഞത് നേരെയാക്കേണ്ടതില്ലെന്നും ആ വിഗ്രഹം ചൈതന്യപൂർണ്ണമാണെന്നും മറ്റൊരു വിഗ്രഹം പാടില്ലെന്നും ദേവ പ്രശ്നത്തിൽ കണ്ടു. ഇന്നും ആ വിഗ്രഹം തന്നെയാണ് ഈ ക്ഷേത്രത്തിലേത്. ഹിരണ്യാക്ഷനെ കൊന്ന ഭഗവാന്റെ കോപം തപിപ്പിക്കാൻ ദേവൻമാർ പോലും ശ്രമിച്ചിട്ട് സാധിച്ചില്ല. ലക്ഷ്മീദേവിയുടെ വാക്കുകളെ തിരസ്കരിക്കാത്ത ഭഗവാനെ ശാന്തനാക്കാൻ ദേവിക്കുപോലും സാധിച്ചില്ല. പ്രഹ്ലാദൻ ഭക്തിപൂർവ്വം പ്രാർത്ഥിച്ചപ്പോഴാണ് ഭഗവാൻ ശാന്തനായത്.

ഈ ക്ഷേത്രത്തിന്റെ നാലമ്പലത്തിനു പുറത്ത് വായുകോണിൽ നരസിംഹ മൂർത്തിയുടെ മൂർത്തി എന്ന നിലയിൽ ഒരു സ്ഥാനം കാണാം. ഇത് ഭഗവാന്റെ ആജ്ഞകൾ നടപ്പിലാക്കുന്ന പാർഷദന്റെ മൂർത്തി സങ്കേതമാണ്. രൗദ്രഭാവം നിറഞ്ഞു നില്ക്കുന്ന ഈ നടയിൽ സന്ധ്യ കഴിഞ്ഞാൽ സ്ത്രീകൾ ദർശനം നടത്താറില്ല. അകവുമല്ല പുറവുമല്ല എന്ന രീതിയിൽ ഒരു പടിയെന്നു തോന്നും വിധത്തിലുള്ള ഒരു സ്ഥാനമാണ് ഈ മൂർത്തിയുടേത്. ഇവിടെ മേൽക്കൂരയില്ല. ശ്രീകോവിലില്ല. മനുഷ്യരൂപമെന്നോ മൃഗരൂപമെന്നോ പറയാൻ സാധിക്കാത്ത രൗദ്രരൂപിയായ ഈ മൂർത്തിക്ക് ഹിരണ്യകശിപുവിന്റെ നിഗ്രഹ സമയത്തെ കീറി മുറിക്കുന്ന ഭാവത്തിനു ചേർന്ന നിവേദ്യങ്ങളാണ് പതിവ്. രക്തമാംസാദി സങ്കല്പത്തിൽ പ്രത്യേകതരം അടയും തിരളിയും കയ്പ്, ചവർപ്പ്, പുളി, എരിവ്, മധുരം എന്നീ രസങ്ങളടങ്ങിയ പാനകവുമാണ് നിവേദ്യങ്ങൾ. ഭക്തജനങ്ങളുടെ സങ്കടങ്ങളിൽ നരസിംഹ മൂർത്തിയുടെ പാർഷദനായ ഈ മൂർത്തിയാണ് ഇടപെടുന്നത്. ഈ നടയിൽ വന്ന് സങ്കടമുണർത്തിച്ച് പട്ടും മണിയും സമർപ്പിച്ച് പ്രാർത്ഥിച്ചാൽ കാര്യസാധ്യം ഉറപ്പാണെന്നാണ് വിശ്വാസം. കാര്യസാദ്ധ്യത്തിനുവേണ്ടി നേർച്ച നേർന്നാൽ കാര്യം സാധിച്ചതിനുശേഷം അതു നടത്താതെയിരുന്നാൽ തിരിച്ചടിയും ഉറപ്പാണ് എന്നത് ഭഗവാന്റെ മൂർത്തിയുടെ പ്രത്യേകതയാണ്. കുടുംബത്തിൽ നിന്നകന്നിരിക്കുന്നബന്ധു ജനങ്ങളെയും വേണ്ടപ്പെട്ടവരെയും വീണ്ടും ഒരുമിപ്പിക്കാൻ ഈ നടയിലെത്തി. പട്ടും മണിയും കെട്ടി പ്രാർത്ഥിച്ചാൽ സാധിക്കും എന്നാണ് വിശ്വാസം. കുടുംബ ബന്ധങ്ങൾ ഛിന്നഭിന്നമയിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ ഈ വിശ്വാസം രക്ഷിക്കുമെന്ന് നമുക്കും വിശ്വസിക്കാം.

തൃക്കോയിക്കൽ നരസിംഹമൂർത്തി ക്ഷേത്രത്തിൽ നാലമ്പലത്തിനകത്ത് ഭക്തനും ഭഗവാനും മാത്രമാണ്. ഉപദേവൻമാരാരുമില്ല. എന്തു കാര്യത്തിനും ആദ്യപൂജയേറ്റു വാങ്ങുന്ന ദേവൻമാരിൽ പ്രഥമസ്ഥാനീയനായ ഗണപതി ഭഗവാനെപ്പോലും നാലമ്പലത്തിനകത്തു വേണ്ട എന്നാണ് ഇവിടുത്തെ ഭഗവാന്റെ തീരുമാനം. ഗണപതിയെ നാലമ്പലത്തിനു പുറത്തുള്ള ചെറിയ ശ്രീകോവിലിലാണ് പ്രതിഷ്ഠിച്ചിരിക്കുന്നത്. നാഗദേവതകൾക്കും ബ്രഹ്മരക്ഷസ്സിനും നാലമ്പലത്തിനു പുറത്താണ് സ്ഥാനം നൽകിയിരിക്കുന്നത്. ക്ഷേത്രത്തിനു വെളിയിൽ വായു കോണി ലുള്ള ഭഗവാന്റെ ആജ്ഞകൾ നടപ്പിലാക്കുന്ന നരസിംഹസ്വാമിയുടെ മൂർത്തിക്ക് അടയും, തിരളിയും, പാനകവും നിവേദിക്കുമ്പോൾ അകത്ത് ഭഗവാന് സ്വാതിക നിവേദ്യമാണ്. പാൽപായസം ഭഗവാന്റെ പ്രധാന നിവേദ്യമാണ്. അകന്നിരിക്കുന്ന ബന്ധു ജനങ്ങളെയും വേണ്ടപ്പെട്ടവരെയും വീണ്ടും ഒരുമിപ്പിക്കാൻ വിളിച്ചാൽ വിളിപ്പുറത്തെ ത്തുന്ന ഭക്തവത്സലനായ നരസിംഹ ഭഗവാന്റെ ചൈതന്യവത്തായ തിരുനടയിലെത്തി നരസിംഹമൂർത്തി കഷ്ടതകളിൽ കൈവെടിയില്ല എന്ന പൂർണ്ണ വിശ്വാസത്തോടെ ഭക്തിപൂർവ്വം പ്രാർത്ഥിക്കണമെന്ന് ആഗ്രഹിക്കാത്തവരുണ്ടോ ? പ്രഹ്ലാദനെന്ന ഭക്തനെ രക്ഷിക്കുകയും ഹിരണ്യകശിപുവിനെ നിഗ്രഹിക്കുകയും പത്മ പാദർക്കും കാട്ടാളനും മോക്ഷം നല്കുകയും ചെയ്ത ഏരൂർ തൃക്കോയിക്കൽ നരസിംഹ ഭഗവാന്റെ മുന്നിൽ സങ്കടങ്ങളുണർത്തിച്ചു പ്രാർത്ഥിച്ച് കാര്യ സാധ്യം നേടാൻ ഏവരേയും അനുഗ്രഹിക്കേണമേ ഭഗവാനേ എന്ന പ്രാർത്ഥനയോടെ.........

ധൂർജ്ജടിം ലോകൈകനാഥം നരസിംഹ
മാർജ്ജവവീര്യപരാക്രമവാരിധിം
അഗ്നിനേത്രാലോകവ്യാപ്ത ജിഹ്വാമുഖ
മഗ്നി വിഭൂതി സ്വരൂപിണമവ്യയ
മഷ്ടഭുജോഷ്മകാനന്ത വിജ്ജൃംഭണം
ദുഷ്ടനാശനഖദന്തം നമാമ്യഹം. •

കവിത

# പുതുപ്പിറവിക്കായ്

**ബാലചന്ദ്രൻ പള്ളിപ്പുറം**

പ്രതീക്ഷകൾ കൈത്തിരിയേന്തി
നിറപൂത്തിരികൾ കൊളുത്തി
നറും നിലാവിൻ വെട്ടവുമേകി
മനസ്സിൽ കെട്ടിയാടുമൊരുതൊട്ടിൽ

പിറക്കാനുള്ളൊരുണ്ണിയേം കാത്ത്
പിടക്കും കിനാക്കളോടെ
വന്നെത്തുമെന്നെന്നാരാഞ്ഞു
കാത്തിരിപ്പാണീ മുത്തച്ഛൻ

ഇരുളിൽ പുതുവെട്ടമായ്
തപിക്കും മനത്തിനു കുളിർകാറ്റായ്
കൊഞ്ചിപ്പുഞ്ചിരി തൂകീടും
ഇളം പൈതലെന്നണഞ്ഞീടും ?

പുതുജന്മമായ് വംശപരമ്പരക്കു
പുതുകണ്ണിയായ് വന്നൊരു നാൾ
നവവസന്തപ്പിറവിയായിടാൻ
ഒരുണ്ണിപ്പൂവിതെന്നു വിരിഞ്ഞിടും?

താരാട്ടു പാടാൻ, തൊട്ടിലിലിട്ടാട്ടിടാൻ
തേനും, വയമ്പും പകർന്നേകിടാൻ
വാത്സല്യപ്പൂതു നാമ്പിനായ്
കണ്ണിലെണ്ണയുമൊഴിച്ചങ്ങിരിപ്പായ്

മകളെ ഏറ്റു വാങ്ങിയോരച്ഛൻ
വളർത്തി, പഠിപ്പിച്ചു വലുതാക്കി
വധുവായേൽപ്പിച്ചു
പേരക്കുഞ്ഞിന് കാത്തിരിപ്പായ്.

ജീവിത സാഗരമതിൽ നിത്യം
നിർക്കുമിളപോൽ പിറവിയായ്
അൽപ്പായുസ്സായ് കഴിയുമെങ്കിലും
മോഹിപ്പാനേകും പുതുജന്മങ്ങളീശനും

സന്തതിപരമ്പരകളായ് പിറന്നു
ജന്മസാഫല്യമിതു കൈവരാൻ
മാനസപൂജയൊന്നു ചെയ്കയായ്
ആരതിയുഴികയായ് നിത്യം ജഗദീശനെ •

# പാതഞ്ജല യോഗദർശനം 2



കൈതപ്രം
വാസുദേവൻ നമ്പൂതിരി

പരഞ്ജലി ജനിച്ചതിനെപ്പറ്റിയാണ് മുമ്പു പറഞ്ഞിരുന്നത്. യോഗമെന്നാലെന്ത് എന്നാണ് ഇവിടെ ചർച്ചാ വിഷയം. യോഗ ഃ എന്നാണ് സംസ്കൃതപദം. അത് മലയാളത്തിൽ യോഗം (വൃക്ഷ = വൃക്ഷം, പാഠ = പാഠം എന്ന പോലെ) എന്നും ഹിന്ദിയിൽ യോഗ് എന്നും ഇംഗ്ലീഷിൽ യോഗ (രാമ ഃ Rama, വൃക്ഷം ഃ Vriksha) എന്നും പറയുന്നു. നാലും ശരി തന്നെ. ഇംഗ്ലീഷ് ലോകഭാഷയായതിനാൽ 'യോഗ' എന്ന വാക്കിന് കൂടുതൽ പ്രചാരം കിട്ടി. അതുകൊണ്ട് യോഗ എന്നും യോഗം എന്നും പറയുന്നതിൽ തെറ്റില്ലെന്നും തോന്നുന്നു.

യുജ് എന്ന ധാതുവിൽ നിന്നാണ് യോഗമെന്ന വാക്കുണ്ടായത്. കൂട്ടിച്ചേർക്കുക യോജിപ്പിക്കുക എന്ന അർത്ഥത്തിൽ. നമ്മുടെ ശരീരത്തിലെ അംഗങ്ങളുടെ യോജിച്ച പ്രവർത്തനം കൊണ്ടാണ് നാം നിത്യജീവിതത്തിലെ എല്ലാ പ്രവൃത്തികളും ചെയ്യുന്നത്. അവിടെ യോഗമുണ്ട്. ശരീരവും മനസ്സും തമ്മിലുള്ള യോഗവും അവിടെയുണ്ട്. മനസ്സും ബുദ്ധിയും തമ്മിലുള്ള യോഗവും അവിടെയുണ്ട്. എന്നാൽ ഇതിന്റെ പാരമ്യം ജീവാത്മാവും പരമാത്മാവും തമ്മിലുള്ള ഐക്യമാണ്, യോഗമാണ്. ജീവാത്മ പരമാത്മ ഐക്യം തന്നെ യഥാർത്ഥ യോഗം. ആ യോഗത്തിനു സഹായകരമായ എല്ലാ മാർഗ്ഗങ്ങളും ഉപായങ്ങളും യോഗമാണ്. യോഗത്തിന് സമാധിയെന്നും അർത്ഥമുണ്ട്. യോഗത്തിന്റെ എട്ടംഗങ്ങളിൽ (അഷ്ടാംഗയോഗം) അവസാനത്തേതും സമാധിയാണ്.

ലക്ഷ്യപ്രാപ്തി അഥവാ ജീവാത്മ പരമാത്മ ഐക്യം എന്ന ആത്യന്തിക അവസ്ഥ എന്ന നിലയിൽ യോഗ ഒന്നു മാത്രമെയുള്ളൂ. എന്നാൽ അവിടെ എത്തിച്ചേരാനുള്ള ഉപായമെന്ന നിലയിൽ യോഗ പല തരമുണ്ടു താനും. ഈ നാനാത്വം ഭാരതത്തിന്റെ പ്രത്യേകതയാണ്. വ്യക്തികളുടെ വൈവിധ്യത്തിനനുസരിച്ച് മാർഗ്ഗങ്ങൾ വ്യത്യസ്തമാവുന്നത്. സ്വാഭാവികമാണെന്നതാണ് നമ്മുടെ സിദ്ധാന്തം.

ആകാശത് പതിതം തോയം
യഥാഗച്ഛതി സാഗരം
സർ വ ദേവ നമസ്കാരം
കേശവം പ്രതിഗച്ഛതി

ആകാശത്തിൽ നിന്ന് മഴയായി മലയിലും ചരിവിലും താഴ്വാരത്തിലുമെല്ലാം പതിക്കുന്ന വെള്ളം പല വഴികളിലൂടെ ഒഴുകി കടലിലെത്തുന്നതുപോലെ എല്ലാ ദേവൻമാർക്കുമുള്ള നമസ്കാരം ഒരേ ഭഗവാനിൽ എത്തിച്ചേരുന്നു എന്നതാണ് നമ്മുടെ പാരമ്പര്യം. യോഗയിലും ഇതിൽ വ്യത്യാസമില്ല.

കർമ്മയോഗം, ജ്ഞാനയോഗം, ഭക്തിയോഗം, രാജയോഗം, ഹംയോഗം, കുണ്ഡലനീയോഗം, ലയയോഗം എന്നിങ്ങനെയുള്ള വിവിധ പദ്ധതികൾ ഒരേ ലക്ഷ്യത്തിലേക്കുള്ള പാതകളാണ്. ദർശനം എന്നാൽ കാഴ്ച എന്നർത്ഥമാണ്. ദർശിക്കുന്ന കർമ്മം കണ്ണുകൊണ്ട് കാണുന്നതുപോലെ മനക്കണ്ണുകൊണ്ടും കാണാം. മനസ്സു പൂർണ്ണമായും ലയിച്ചിരിക്കുന്ന വേളയിൽ മഹർഷിമാർക്ക് സാധാരണക്കാർക്ക് ലഭിക്കാത്ത തരത്തിലുള്ള ദർശനങ്ങൾ ലഭിക്കും. പ്രപഞ്ചസത്യങ്ങളെക്കുറിച്ചുള്ള ഇത്തരം വെളിപാടുകൾ ശേഖരിച്ചുവെച്ചതാണ് ദർശനങ്ങൾ.

ദർശനങ്ങൾ ആറാണ് ന്യായം, വൈശേഷിക, പൂർവ്വമീമാംസ, ഉത്തരമീമാംസ, സാംഖ്യം, യോഗം. ഇവയെ മൊത്തമായി ന്യായപ്രസ്ഥാനമെന്നും വ്യവഹരിക്കാറുണ്ട്. കാരണം ഇവയൊക്കെ യുക്തിഭദ്രമായി കാര്യങ്ങൾ അവതരിപ്പിക്കുന്നതിൽ ശ്രദ്ധിക്കുന്നു. സാധാരണക്കാർക്ക് ബോധ്യപ്പെടുന്ന രിതിയിൽ തർക്കശുദ്ധമായാണ് അവതരിപ്പിക്കുക. ഓരോ ദർശനവും വ്യക്തി നിർമ്മിതമാണ്. ന്യായദർശനം ഗൗതമമുനിയും, വൈശേഷികം കണാദമുനിയും, പൂർവ്വമീമാംസദർശനം ജൈമിനിമുനിയും, ഉത്തരമീമാംസാദർശനം ബാദരായണമുനിയും സാംഖ്യദർശനം കപിലമുനിയും യോഗദർശനം പതഞ്ജലിമുനിയും രചിച്ചതാണ്. ഇവയിൽന്യായ വൈശേഷികങ്ങൾ പരസ്പരം ബന്ധപ്പെട്ടവയാണ്. പൂർവ്വ ഉത്തരമിമാംസകളും അപ്രകാരം തന്നെ. സാംഖ്യ യോഗങ്ങളും സമാനങ്ങളാണ്. സേശ്വരസാംഖ്യമാണ് യോഗദർശനമെന്ന് പറയാറുണ്ട്. അതായത് സാംഖ്യം





ഈശ്വരനെപ്പറ്റി പറയുന്നില്ല. എന്നാൽ യോഗത്തിൽ ഈശ്വരന് നിർവചനം കൊടുത്തിട്ടുണ്ട്. ഈശ്വരപൂജയെ പ്പറ്റിയും നിർദ്ദേശങ്ങളുണ്ട്. കൈവല്യത്തിനുള്ള മാർഗ്ഗമായി ഈശ്വരഭജനം പറഞ്ഞിട്ടുണ്ട്. 'ഈശ്വരപ്രണിധാനാദ്വാ'.

സാധാരണക്കാർക്ക് ആത്മീയ പുരോഗതിക്കുതകുന്ന അഷ്ടാംഗയോഗം. യോഗദർശനത്തിലാണ് പറഞ്ഞിരിക്കുന്നത്. യമം, നിയമം, ആസനം, പ്രാണായാമം, പ്രത്യാഹാരം, ധാരണം, ധ്യാനം, സമാധി എന്നീ യോഗാംഗങ്ങളെപ്പറ്റി വിശദമായ ചിന്തനം പാതഞ്ജല യോഗദർശനത്തിലുണ്ട്.

നാലു പാദ (അധ്യായ) ങ്ങളിലായി 195 സൂത്രങ്ങളിലൂടെയാണ് ഈ ദർശനം അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. സമാധിപാദം, സാധനാപാദം, വിഭൂതിപാദം, കൈവല്യപാദം എന്നിങ്ങനെ നാലു പാദങ്ങൾ. വിവിധതരം സമാധികളെപ്പറ്റിയും അതിലെത്തിച്ചേരാനുള്ള വിവിധമാർഗ്ഗങ്ങളെപ്പറ്റിയും യാത്രയിൽ വന്നു ചേരാവുന്ന പ്രത്യേകശക്തികളെ പറ്റിയും (സിദ്ധികൾ, വിഭൂതികൾ) കൈവല്യപ്രാപ്തിയും ഒക്കെ ഈ ദർശനത്തിൽ ചർച്ചചെയ്യപ്പെട്ടിരിക്കുന്നു.

ആയിരത്താണ്ടുകൾക്ക് മുമ്പ് നടന്ന ഈ ഗവേഷണവും, പഠനവും, രേഖപ്പെടുത്തലുകളും ആരാധനപൂർവ്വമായ മനസ്സോടെയേ കാണാനാവൂ. ആ മഹാമേധയ്ക്കു മുമ്പിൽ അഞ്ജലി കൂപ്പി തൊഴുകമാത്രമാണ് കരണീയം. ●

കവിത

# ഏതന്മേ സംശയം, കൃഷ്ണ!



പി. ഐ. ശങ്കരനാരായണൻ

മഴമുകിലൊളിവർണ്ണ ഗോപികാനന്ദപൂർണ്ണാ
മമഹൃദിയൊരു ചോദ്യം നിന്നൊടുണ്ടിന്നു ചൊല്ലാം
ത്രിഭുവനമിരുപാദം കൊണ്ടു നീ പണ്ടളന്നോൻ
ഉറിയിലെ നറുവെണ്ണെയ്ക്കായ് തൂങ്ങി, കഷ്ടം?

അഴകിനുമഴകായ് നൽ പീലി ചൂടുന്ന കണ്ണാ
കമനികൾ പതിനാറുണ്ടായിരം വേറെയെട്ടും
ഇതിനു കഴിവെഴുന്നോൻ പണ്ടൊരുത്തിക്കു പോലും
അവികല പരിരക്ഷാഹീനനായ്ത്തീർന്നതെന്തേ ?

വനവഴിയിലൊരുത്തൻഭാര്യയെക്കട്ടുപോയെ
ന്നതിനൊരു പ്രതികാരപ്പുത്തനാം രീതിയാർന്നോ
യദുകുലവരകൃഷ്ണാ, നീ ജനിച്ചന്നുതൊട്ടേ
വ്രജതരുണിമാർതൻ മാനസക്കള്ളനായ് നീ ?

എതിരിടുവതിനെന്നും വില്ലിലായമ്പു ചേർത്തോൻ
പുതുയുഗജനധർമ്മോദ് ബോധനാനാഥനായി
മുരളികയധരത്തിൽ വെച്ചുഹാ, വിശ്വവന്ദ്യം
പരമസുഖദഗീതപ്പാൽക്കടൽ തീർത്തുവെന്നോ ?

ഇനിയുമടിയനുണ്ടാം ജന്മമെന്നാലതെല്ലാം
തവതിരുവുടൽ കണ്ടും ലീലകൾ കണ്ടുമാട്ടെ.
പരമഗുരുവതാകും നിന്റെ കാരുണ്യമെന്നിൽ
ഗുരുപവനപുരേശ ! നീ ചൊരിഞ്ഞീടുകില്ലേ ?

# പി : മലയാള കവിതയിലെ അനന്വയം



റ്റി.എൻ.റ്റി. നായർ

**'ചിതറിക്കിടക്കുന്ന നരച്ചമുടി, ബീഡി**
**പ്പൊരിവീണങ്ങിങ്ങോട്ടപ്പെട്ടു കീറിയ ജൂബ്ബ**
**വാർദ്ധകപ്രഹരങ്ങളേറ്റതാം കവിൾക്കുഴി**
**ചീർത്ത ചിന്തയിൽ മുങ്ങി വീർപ്പുമുട്ടുമിക്കൺകൾ.......'**

പി. കുഞ്ഞിരാമൻനായർ എന്ന മഹാകവി സ്വന്തം രൂപം ഒരു പാഴ്നിഴലായി വരച്ചു കാട്ടുന്നതങ്ങനെയാണ്. ആ 'സെൽഫി' യുടെ കൂടുതൽ വിശദാംശങ്ങൾ ഇവിടെ കുറിക്കുന്നില്ല. 'ഹോട്ടലൂണും വാടകമുറിയും' എന്ന കവിതയിൽ അവ അടങ്ങിയിരിക്കുന്നു. പി.യെയും അദ്ദേഹത്തിന്റെ കവിതയെയും സ്നേഹിക്കുന്ന ശരാശരി മലയാളിയുടെ കണ്ണുകളെ ഈററണിയിക്കുന്ന ആത്മചിത്രണം ആണത്.

കവി വിഷ്ണുനാരായണൻ നമ്പൂതിരി ഒരു കടങ്കഥ ഇട്ടു തരുന്നു. ''ഇരുന്നേടം ഇരിപ്പിടം, കിടന്നേടം കിടപ്പാടം, കൊതിച്ചതൊക്കെയും സ്വന്തം, നിനച്ചതൊക്കെയും കാവ്യം, കിടച്ചതൊക്കെയും നഷ്ടം.'' വിഷ്ണു നാരായണൻ പറയുന്നു, ആ കടങ്കഥക്കുത്തരമാണ് 'പി. കുഞ്ഞിരാമൻനായർ.'

1906 ഒക്ടോബറിൽ കാഞ്ഞങ്ങട്ടെ സമ്പന്ന കർഷക കുടുംബമായ വെള്ളിക്കോത്തു പുറവങ്കര തറവാട്ടിൽ കുഞ്ഞമ്പു നായരുടെയും കുഞ്ഞമ്മയമ്മയുടെയും മകനായി ജനനം. പ്രാഥമിക വിദ്യാഭ്യാസം നീലേശ്വരത്തും കാഞ്ഞങ്ങാട്ടും. പട്ടാമ്പി സംസ്കൃത കലാലയത്തിൽ വിഖ്യാതപണ്ഡിതനായ പുന്നശ്ശേരി നീലകണ്ഠശർമ്മയുടെ ശിഷ്യനായി സംസ്കൃത വിദ്യാഭ്യാസം തുടങ്ങി, മുടങ്ങി, തുടർന്നു – 6 വർഷത്തിനുശേഷം പഠനം അപൂർണ്ണമായി അവസാനിപ്പിച്ച്, കഥാനായകൻ 'മുളയിലേ മുളങ്കരുത്തു'കാട്ടി. പിന്നെ അലച്ചിൽ. തഞ്ചാവൂരിലെ പ്രശസ്തമായ സംസ്കൃത വിദ്യാപിഠത്തിൽ പഠിച്ച്, സാഹിത്യ താത്പര്യവും സംസ്കൃത ഭാഷാവ്യുൽപത്തിയും തെളിയിച്ചു. പക്ഷെ അവിടെയും നിൽപുറച്ചില്ല. പരീക്ഷ ജയിക്കാതെ കുഞ്ഞിരാമൻ നായർ അവിടെനിന്നു മടങ്ങി.

നാട്ടിലെത്തിയ കുഞ്ഞിരാമൻ നായർ ഒലവക്കോട് ആശ്രമം സ്കൂളിലും കൊല്ലങ്കോടു രാജാസ് ഹൈസ്കൂളിലും വെള്ളിക്കോത്ത് വിജ്ഞാനദായിനി സംസ്കൃത പാഠശാലയിലും അദ്ധ്യാപകനായി. കവിതാപ്രണയത്തോടൊപ്പം വിവാഹവും കല്യാണമല്ലാത്ത കല്യാണങ്ങളും നടന്നു. ഭോഗാഭിനിവേശങ്ങളിൽ പെട്ട് മാനഹാനിയും ദ്രവ്യനഷ്ടവും അനുഭവിച്ചു. നിളയുടെ തീരത്തെ പൂങ്കാവുകൾ കവിയുടെ നെടുവീർപ്പുകളിൽ ഉലയുകയും കണ്ണീരിൽ നനയുകയും ചെയ്തു.

''ബഹിഷ്കൃതൻ, ബഹിർവർത്തി, ചരരാശിക്കാരൻ, ഒറ്റയാൻ പി.ക്കു വിശേഷണങ്ങൾ ഏറെ. ചില്ലകൾക്കു താങ്ങാവുന്നതിലേറെ സുരഭില പുഷ്പങ്ങളും രസസമ്പഷ്ടമായ ഫലങ്ങളും കൊണ്ട് മലയാള കവിതാശാഖയെ അദ്ദേഹം അലങ്കരിച്ചു. നിയന്ത്രണമില്ലാതെ,പാറമേൽതട്ടിപളുങ്കുമണിചിതറുന്നനിരവധി കവിതകൾ എഴുതി. കവി തന്നെ പറയുന്നുണ്ട്, ഞാൻ ഏതാണ്ട് ഒരു ലക്ഷത്തോളം കവിതകളെഴുതിയിട്ടുണ്ടെന്ന്'' (കവിയുടെ കാൽപാടുകൾ).

ചാക്കുകണക്കിനു കരടു കവിതകൾ വിവരദോഷികളായ പെണ്ണുങ്ങൾ കത്തിച്ചു കളഞ്ഞുവെന്നും അദ്ദേഹം നിസ്സംഗതയോടെ വെളിപ്പെടുത്തുന്നു. വൃത്തനിബദ്ധമല്ലാത്ത കവിത തന്നെയാണ് പി.യുടെ ആത്മകഥാത്രയം. 'കവിയുടെ കാൽപാടുകൾ' 'എന്നേ തിരയുന്ന ഞാൻ' 'നിത്യകന്യകയേ തേടി' എന്നിവ. ധാരാളം ലേഖനങ്ങൾ, നാടകങ്ങൾ, നാടക വിവർത്തനങ്ങൾ ഇവയും ഈ അത്ഭുത മനുഷ്യന്റെ പ്രതിഭയിൽ നിന്നു ജന്മമെടുത്തിട്ടുണ്ട്. ശ്രീരാമചരിതം എന്ന ആദ്യകാലകൃതി മുതൽ 'കളിയച്ഛൻ' 'താമരത്തോണി' എന്നിങ്ങനെ പുരസ്കാര പാത്രമായ കവിതാ സമാഹാരങ്ങളുൾപ്പടെ, മലയാള കവിതയുടെ





ലാവണ്യമഹോത്സവമായ രഥോത്സവം വരെയുള്ള ആയിരക്കണക്കിനു കവിതകളിലൂടെ കൈരളിക്കു കാവ്യാമൃതം ചൊരിഞ്ഞു കൊടുത്തു. പി. എന്ന അക്ഷയപാത്രം. എന്റെ മന്ത്രവും, തന്ത്രവും പൂജയും ഒന്നു മാത്രം 'കവിതോപാസന' പി. കവിയുടെ കാൽപാടുകളിൽ കുറിച്ചിട്ടു. 1978 മെയ് 27 ന് തിരുവനന്തപുരത്തെ സി.പി. സത്രത്തിലെ വാടകമുറിയിൽ ആ അമൃത തൂലിക നിശ്ചലമായി.

പി യുടെ കവിതകൾ എണ്ണിയെടുത്തു പറഞ്ഞ് ആസ്വദിക്കുക ഇവിടെ അസാദ്ധ്യമാണ്. പതിനേഴു വയസ്സിനു മുൻപ് ഞാൻ പഠിച്ചവയും പിൽക്കാലത്ത് വായിക്കുകയും ചെയ്ത കവിതകളിൽ ചിലതുമാത്രം തൊട്ടു നമസ്കരിച്ചു പോകാനേ എനിക്കു കഴിയൂ.

'കളിയച്ഛൻ' എന്ന കവിത 1959 ൽ കേരള സാഹിത്യ അക്കാദമി അവാർഡിനർഹമായ കൃതിയാണ്. കവിതക്കു കവി തന്നെ നൽകുന്ന മുൻകുറിപ്പിൽ പ്രപഞ്ചജീവിതത്തിന്റെ പ്രതീകമാണു കഥകളി യോഗം എന്ന ആശയം എടുത്തു കാട്ടുന്നു. അണിയറയിൽ പിഴച്ചാൽ അരങ്ങിലും പിഴക്കും. 'അത്തിപ്പഴത്തോളം അകനിന്ദയുണ്ടെങ്കിൽ ആദിക്കിലെങ്ങും വിളങ്ങാഗുരുത്വം' എന്നുണ്ടല്ലോ. ആത്മാംശമുണ്ട് ഈ കവിതയിൽ ആത്മകഥാംശവുമാവാം. അഹന്ത, സുഖലിപ്സ ഗുരുനിന്ദയിൽ അവസാനിക്കുന്ന തൻപ്രമാണിത്തം ഇവ നാശത്തിലേക്കു നയിക്കുന്ന കഥകളി നടന്റെ മനസ്സാക്ഷിയെ വിഹ്വലമാക്കുന്ന അപരാധബോധവും പ്രായശ്ചിത്ത ചിന്തയുമാണ് കവിതയുടെ പ്രത്യക്ഷപ്രമേയം. വേഷമെന്തെന്നു വിധിക്കാൻ താടി നരച്ച ദുർവ്വാശിക്കാരനായ ആശാനെന്തവകാശം.

'ആദ്യവസാനത്തിനെന്നെ ക്ഷണിക്കാത്തൊ
രാശാനിലാശങ്കവാരിയെറിഞ്ഞു ഞാൻ'

ആതിരത്തെന്നൽക്കുറുനിരമുകർന്നും മൂവന്തിയുടെ മുന്തിരിക്കള്ളുമോന്തിയും രാകാശശാങ്കമുഖിയാം രജനിയുടെ വാർകൂന്തലിൽ മുല്ലപ്പൂചൂടിച്ചുമൊക്കെ സ്വപ്നാടനങ്ങളിൽ സ്വയം നഷ്ടപ്പെട്ട നടൻ അരങ്ങിൽ ഭീകരമായ പരാജയവും സമൂഹത്തിൽ ദുസ്സഹമായ ബഹിഷ്കരണവും ഏറ്റു വാങ്ങുന്നു.

'കെട്ടേണ്ട വേഷമച്ചൊട്ടിയടരുവോൻ
കെട്ടേണ്ട വേഷം കിരീടം ചരിഞ്ഞവൻ'

വിധിയതാണ് പടുതിരികത്തി കരിഞ്ഞ മുഖവുമായി നിൽക്കുന്ന ആട്ടവിളക്ക്, കുഴഞ്ഞു നിൽക്കുന്ന പന്തലും ആകാശവും, അലസമായിക്കിടക്കുന്ന കഥകളിച്ചേങ്ങലം പോലെ നിർജ്ജീവമായ ഭൂമി ഗുരുശാപം സമ്പൂർണ്ണം: ഈശ്വരനിന്ദയുടെ പാരമ്യം. തീക്ഷണമായ മനോവേദനയുടെയും പശ്ചാത്താപത്തിന്റെയും ആ മുഹൂർത്തത്തിൽ, ഇരുട്ടിന്റെ ഇടനാഴിക്കവസാനം വെളിച്ചം പോലെ, നരക ഭീകരതയ്ക്കൊടുവിൽ പ്രണവമന്ത്രം പോലെ നടന്റെ അന്തഃകരണത്തിൽ 'അവ്യക്തമാരോ മധുരമനോഹര ദിവ്യസ്വരത്തിൽ കുഴലൂതി നിൽക്കയായ്'. വിശുദ്ധീകരണ പ്രവണമായ ആ രൂപം, ആ ശബ്ദം നമുക്കു തിരിച്ചറിയാം. ഫ്രാൻസിസ് തോപ്സന്റെ The Hound of Heaven ൽ ഈശ്വര കാരുണ്യമാകുന്ന വേട്ടനായ പാപിയെ പിൻതുടർന്നു രക്ഷിക്കുന്നതുപോലെ 'പ്രീതിലൊലിമതൻ പൊൻതിടമ്പാം മഹാജ്യോതിസ്വരൂപൻ'അഭിശപ്തനായ ആ നടനിൽ ജ്ഞാനഞ്ജന ശലാക തെളിക്കുന്നു. സമ്പൂർണ്ണത തന്നണിയറപ്പാഴ് പ്രതിബിംബമരങ്ങെന്ന സത്യം അയാൾ തിരിച്ചറിയുന്നു. തെറ്റുകളെല്ലാം പൊറുത്ത്, മോഹാന്ധകാരം നീക്കി, അഭയമുദ്ര കാട്ടി നിൽക്കുന്ന ഗുരു, തന്നെ ജീവിതത്തിന്റെ അരങ്ങിലേക്കു വീണ്ടും നയിക്കുമെന്ന അറിവ് അയാളിൽ ഉണരുന്നു. ശാപഗ്രസ്തനായ ഒരു കഥകളി നടന്റെ യഥാർത്ഥ ജീവിതകഥ ഈ കവിതക്കു പ്രേരകമായിരിക്കണം എന്ന് നിരൂപകർ അഭിപ്രായപ്പെടുന്നു.

'മൺകുടത്തിന്റെ വില' 'കുറവന്റെ കിളി' എന്നീ കവിതകളിലും പ്രതീകങ്ങളെ ആശ്രയിച്ച് കവി തന്റെ ദൗത്യം നിർവ്വഹിക്കുന്നു. ഉപനിഷദ് സൂക്തങ്ങളെ അനുസ്മരിപ്പിക്കുന്ന ഒരു അന്യാപദേശ കഥ പറയുന്നു കവിതയാണ് മൺകുടത്തിന്റെ വില. കുശവനാരോട് അക്കരെ നിന്നു വാങ്ങിയ കുടത്തിന്റെ വില കൊടുക്കാൻ മകളെ പ്രേരിപ്പിക്കുന്ന അമ്മ. കുശവൻ കനിവുള്ളവനാണെങ്കിലും കുടത്തിന്റെ വില കിട്ടാഞ്ഞാൽ കുശവന്റെ കാളി തടുത്തു നിർത്തി കണക്കു പറയിക്കും. 'കുടമുടയും, കടം ബാക്കി നിൽക്കും'. പുരുഷാർത്ഥലബ്ധിയിൽ പരാജയപ്പെട്ടാൽ ഈശ്വരനോടു മനുഷ്യനുള്ള ഋണം അവശേഷിക്കും. 'കെട്ടുകളേറ്റ മുക്തി വരൂ ദൃഢം'. കുറവന്റെ കിളി : കിളി അതിന്റെ സ്വാഭാവിക കൂജനം മറന്നിരിക്കുന്നു. കുറവനതിനെ അവന്റെ ഭാഷ പഠിപ്പിച്ചു, കൂട്ടിലിട്ടിണക്കി. വിദേശീയാധിപത്യത്തിനെതിരെ, വൈദേശിക ഭാഷക്കെതിരെ കവി ശബ്ദമുയർത്തുന്നു. എന്തിനു വേണ്ടിയാണവൻ നിന്നെയീ യാന്ത്രിക ഭാഷയൊന്നു പഠിപ്പിച്ചു ? അതുകൊണ്ട് ക്ഷുത്തമറ്റുവാൻ നാലഞ്ചരിമണി കിളിക്കു ലഭിച്ചേക്കാം.

‘കഷ്ടമെങ്കിലും നിൻമാതൃഭാഷതൻ
പട്ടടയായ്ച്ചമഞ്ഞിതപ്പഞ്ജരം’

അതാണ് കവിയുടെ വ്യസനം. മറ്റു കവിതകളിലും അതു സ്പന്ദിക്കുന്നു.

‘ഹൃദയം മാറ്റി വയ്ക്കപ്പെട്ടവൻ, തൻ നാടിന്റെ
യുദയം പടിഞ്ഞാറു നിന്നെന്നു പഠിച്ചവൻ’
(മക്കാളെയുടെ മകൻ)

ദുർഭരണത്തിനും അഴിമതിക്കുമെതിരെയും കുഞ്ഞിരാമൻ നായരുടെ കവിത മൂർച്ചയുള്ള പരിഹാസ ശരങ്ങൾ അയക്കുന്നു.

‘പാറാവുകാരനാം പോലും ഉറക്കം തൂങ്ങിയായ ഞാൻ
ഞാനിസ്സുവർണ്ണ ക്ഷേത്രത്തിൽ ഗോപുരം കാത്തു നിൽപവൻ
പാറാവുകാരൻ ഞാൻ, കൈയ്യിൽ ആയുധം കരുതാത്തവൻ’ (നരബലി)

വിശ്വവന്ദ്യനായ ഗാന്ധിജിയുടെ തേജസ്സുറ്റ വിഗ്രഹം തീർക്കാൻ നിയോഗിക്കപ്പെട്ട മൂശാരി ഉണ്ടാക്കി വച്ചതെന്താണ് ?

......ശിൽപകലയിൽ കരിതേയ്ക്കും
രണ്ടു കെട്ടൊരു മൂളിക്കുരങ്ങിൻ പ്രതിമയായ്!

നമ്മുടെ സ്വപ്നങ്ങളും പ്രതീക്ഷകളും എന്തായി തീർന്നു, രാഷ്ട്രശില്പികളെന്നു നാട്യം കൊള്ളുന്ന ഭരണകർത്താക്കളുടെ കെടുകാര്യസ്ഥതകൊണ്ട്?

അങ്ങനെ നിരവധി കവിതകളിൽ ഒളിഞ്ഞും തെളിഞ്ഞും ദേശിയതയെയും നമ്മുടെ പ്രാക്തന സംസ്കാരത്തെയും, പ്രകൃതിയെയും, ഭാഷയെയും അർഹമായ അഭിമാനത്തോടെ അഭിരാമായ ശൈലിയിൽ, മധുരമായ ശീലുകളിൽ നടത്തിയ പി. കുഞ്ഞിരാമൻ നായരെ ‘ഭക്തകവി’യുടെ വേഷം കെട്ടിച്ചവരുടെ ഉദ്ദേശശുദ്ധി സംശയിക്ക തന്നെ വേണം.

അമ്പലം ചുറ്റുന്ന ഭക്തനല്ല കുഞ്ഞിരാമൻ നായർ. ഭജന ഗിതങ്ങളല്ല അദ്ദേഹത്തിന്റെ കവിതകൾ. ക്ഷേത്രദർശനത്തെയോ ഭക്തിസ്തോത്രങ്ങളെയോ കുറച്ചു കാണുകയല്ല പി. പക്ഷെ, അതിനെക്കാളുപരി കവിതാകാമിനിയെ തേടി അലയുന്ന തീവ്രകാൽപനികനായിരുന്നു അദ്ദേഹമെന്നുള്ള സത്യം നാമറിയണം. ‘മലയാള കാൽപനിക കവികളിൽ പ്രകൃതിയുമായി ഏറ്റവും അധികം ആത്മബന്ധം പുലർത്തിയ പി, മനുഷ്യചേതനയെയും പ്രകൃതിയെയും അഭിന്നമായി കാണുവാനാണ് ആഗ്രഹിച്ചതെന്ന്’ നിരൂപക നിരീക്ഷണം പ്രസക്തമാണ്.

‘സൗന്ദര്യപൂജ’ എന്ന കവിത പി. യുടെ കാവ്യകലയുടെയും ദർശനത്തിന്റെയും മേന്മ വിളിച്ചോതുന്നു. അതിലെ ആശയം ഭാരതീയ പൈതൃകത്തിൽ നിന്നു നാമെടുത്തതാണ്. അതിന്റെ മാദ്ധ്യമം അതീവ ഹൃദ്യമായ കേരളീയ ബിംബങ്ങളാണ്. എറണാകുളം സാഹിത്യ പരിഷത് സമ്മേളനത്തിൽ, വിജയദശമി നാളിൽ തന്നെ എഴുതി വായിച്ച തിരുത്താത്ത കവിതയാണ് ‘സൗന്ദര്യപൂജ’. പ്രകൃതി കീർത്തനവും നവരാത്രി വന്ദനവുമാണ് ആ കവിത.

‘സ്വതന്ത്രമാമഭിനവ ജീവൽ സാഹിത്യസൃഷ്ടിയാൽ
വിശ്വസാഹിത്യ പരിഷൽ സ്ഥിരദ്ധ്യക്ഷതയാർന്നവൾ’

സാന്ദർഭിക പ്രസക്തിയുള്ള ഈ പരാമർശത്തിനപ്പുറം, ചക്രരാജനിലയയും സർഗ്ഗദേവതയുമായ മഹാദേവിയുടെ വരിഷ്ഠ സാന്നിദ്ധ്യം സൂചിപ്പിക്കപ്പെടുന്നു. ഉപമകളും ഉല്ലേഖങ്ങളും രൂപകങ്ങളും പൂത്തു നിൽക്കുന്ന അലങ്കാര പഥങ്ങളിലൂടെ, കുന്നിൻ ചെരുവിലേക്കകലുന്ന ഓണപൂക്കുമ്പിളേന്തിയ സന്ധ്യകളും, കുതിച്ചു പായുന്ന ചിങ്ങപ്പൂത്തേരിൽ പൂട്ടിയ കാളകളും കേവഞ്ചി കേറിപ്പോയ ഓണവെണ്ണിലാവണി രാവുകളും പി. ഒരുക്കുന്ന ദൃശ്യവിസ്മയങ്ങളാണ്! ‘താരുണ്യം കൂമ്പിട്ടും മാറുതുളുമ്പിക്കറ്റവാർക്കുഴൽ അഴിഞ്ഞു പൂങ്കവിൾ ത്തട്ടിലഴകിന്നിതൾ’ ചിന്നി, കാൽവെയ്പിനാൽ പൂ നിരത്തുന്ന രമ്യ ശാരദകന്യക നമ്മുടെ മനസ്സപഹരിക്കുന്നു.

ഇതിനിടയിൽ രാക്കരിക്കിൻ കണ്ണുകുത്തിത്തള്ളും വെള്ളം തെറിച്ച്, കണ്ണു ചിമ്മി ചിരിച്ചു പോയ താരകൾ മിന്നുന്നു. നൂറു വെറ്റില തിന്നേറെത്തുടുപ്പുറ്റൊരു ചുണ്ടുമായ് മേട്ടിനപ്പുറം മായുന്ന ആർദ്രാവ്യതക്ലാന്തകളായ സന്ധ്യകളെ കാണുന്നു. ബിംബപ്പെരുമയും അലങ്കാരപ്പൊലിമയും തീരുന്നില്ല. കന്നി പുലർന്ന്, നവമീനിലാവിന്റെ നിശാദൃശ്യത്തിനൊടുവിൽ പ്രകൃതിയിലെ കൊടിയേറിയിറങ്ങാത്തോരുഷഃ ക്ഷേത്രമഹോത്സവം കാണാൻ കവിയോടൊപ്പം നാം വിശ്വപ്രകൃതിമാതിന്റെ മഹാക്ഷേത്രാങ്കണത്തിൽ എത്തുന്നു.

അവിടെ ‘എഴുന്നള്ളുകയായർക്ക
ചക്രമുദ്ര ധരിച്ചവൾ’ ...... കവി കാണുന്ന പ്രകൃതി , എന്നും കണി കാണേണ്ട ദേവത !





അജ്ഞേയമായ ഏതോ മഹാർഘമായ അനുഗ്രഹം കൊണ്ടുണ്ടാകുന്ന ആത്മസമ്മർദ്ദത്തിന്റെ സൃഷ്ടിയാണ് കുഞ്ഞിരാമൻ നായരുടെ കവിത എന്ന് സുകുമാർ അഴീക്കോടു പറഞ്ഞതു വെറുതയല്ല.

ഇനിയും, ഈ കുഞ്ഞിരാമമുദ്ര കാണണമെങ്കിൽ, തിരുനാവായ മണൽപുറത്തേക്കു നമുക്കു പോകാം. പുരാതനമായ മാമാങ്കമഹോത്സവത്തിന്റെ സ്മരണകൾ അയവിറക്കുന്ന ഒരു സ്വപ്നാടന കവിതയാണ് ‘ആ മലനാടൻ മങ്കമാർ’. മാമാങ്കങ്ങൾക്കു സാക്ഷ്യം വഹിച്ച തിരുനാവായിലെ ദീപയക്ഷകളോടു തന്റെ വീരമാതുലൻമാരുടെ ധീരോദാത്തമായ ആത്മബലി ദൃശ്യങ്ങളെക്കുറിച്ചു കവി അന്വേഷിക്കുന്നു.

‘മാനിനിമാരേ, നിങ്ങൾ നിറഞ്ഞമിഴികളാൽ
മാമാങ്കമഹോത്സവം കണ്ടുനിന്നവരല്ലോ’

ദീപയക്ഷമാർ കഥ പറയുന്നു. മണൽപ്പുറം മാമാങ്കരംഗഭൂമിയാ

‘കുലശേഖരമുദ്രകൊത്തിയ പൊൻവാളേന്തും
മലനാട്ടുടയോൻ തൻ പൊൻമെതിയടി കൂപ്പി
കച്ചകെട്ടിയ കൊച്ചു കേസരി ചാവേർപ്പട
തെച്ചിപ്പൂ നിളെ ചിന്തുമുച്ചണ്ഡോജ്ജ്വലരംഗം’

കവിയുടെ മുൻപിൽ ആവിഷ്കരിക്കപ്പെടുന്നു, നമ്മുടെയും.

‘ആയിരമാണ്ടത്തെയാച്ചരിത്രകഥയൊരു
യാമാർദ്ധ സമയത്തിൽ വരച്ചു കാട്ടീ കൂട്ടർ’.

വള്ളത്തോൾ കവിതക്കൊപ്പം നമ്മെ അഭിമാന വിജ്ജംഭിതരാക്കുകയും, ഭഗ്നസൗഭാഗ്യങ്ങളുടെ ശിഥിലബിംബങ്ങൾ കൊണ്ട് അസ്വസ്ഥരാക്കുകയും ചെയ്യുന്ന ശക്തമായ കവിതയാണ് ഈ ഖണ്ഡകാവ്യം.

തീവ്രമായ പരിസ്ഥിതി ചിന്തകളുള്ള പി. അദ്ദേഹത്തിന്റെ പ്രകൃതി സൗന്ദര്യ സങ്കല്പത്തിന് ഉടവു തട്ടുന്ന വിധം പ്രകൃതിയിൽ നിന്നകലുന്ന മനുഷ്യൻ ഇല്ലായ്മ ചെയ്യുന്ന പാരിസ്ഥിതിക സംതുലനോപാധികളെക്കുറിച്ച് അതീവ ഖിന്നനാണ്. പക്ഷെ, മിക്കപ്പോഴും പ്രകൃതി വർണ്ണനയുടെ കാടുകയറ്റവും ഗതകാലമഹിമകളോടുള്ള ഭക്തി ലഹരിയും പി. യുടെ രൂഢമായ പാരിസ്ഥിതികദർശനത്തിന്റെ സ്പഷ്ടത കുറക്കുന്നതായി തോന്നാം. മനുഷ്യകേന്ദ്രീകൃതമല്ല അദ്ദേഹത്തിന്റെ പരിസ്ഥിതി ദർശനം. അദ്ദേഹം ചരാചരപാരസ്പര്യത്തിന് അടിവരയിടുന്ന പൗരസ്ത്യ പരിസ്ഥിതി വാദിയാണ്.

‘നരനെ വേട്ടതാം പ്രകൃതി സൗന്ദര്യം
മരിക്കയാൽ പച്ച മരം മുറിക്കുന്നു.
കാടുകെട്ടിയ വഴിയോരത്തു നിന്നാരെയോ
കാത്തു നിൽക്കുമിക്കാശിത്തുമ്പകൾ, മുക്കുറ്റികൾ
മരിച്ചാൽ പുലയുള്ള ചാർച്ചക്കാരിവർ........’

‘മർത്യനും മൃഗവുമീവൃക്ഷവും നക്ഷത്രങ്ങളും
പട്ടുനൂലൊന്നിൽ കോർക്കപ്പെട്ടുള്ള മണികളാം
ക്ഷിപ്രമിച്ചരാചരമൊന്നായി തളർന്നുപോ
വിപ്രപഞ്ചത്തിൽ ചോരഞരമ്പൊന്നറുക്കുകിൽ’

‘നിറഞ്ഞ കണ്ണുമായന്നപൂർണ്ണയാമമ്മ നിൽക്കയാം
അകത്തിരുന്നു പൂജാരി മോഷ്ടിച്ചു രത്ന വിഗ്രഹം
കുത്തിപ്പൊളിക്കുന്നു യത്നാർജ്ജിതങ്ങളാം
നിക്ഷേപലക്ഷങ്ങളുള്ള കലവറ.’

‘കൊച്ചു കുഗ്രാമത്തെയെക്കെയും നല്ലെണ്ണ
തേച്ചു കുളിപ്പിച്ചു പാട്ടും നിളാനദി’

ഇങ്ങനെ എത്രയോ കാവ്യ ഭാഗങ്ങളുണ്ട്. പരിസ്ഥിതി സംരക്ഷണത്തെ പറ്റി, പ്രകൃതി സമ്പത്തിന്റെ ധൂർത്തിനെപ്പറ്റി, പ്രകൃതിയും, മനുഷ്യനുൾപ്പടെയുള്ള ചരാചരങ്ങളുമായുള്ള ജീവൽബന്ധത്തെപ്പറ്റി പി. കുഞ്ഞിരാമൻ നായർക്കുള്ള ഉത്കണ്ഠയും വിശ്വാസവും പ്രതീക്ഷയും വ്യക്തമാക്കുന്നവ!

പി. യുടെ ആത്മാവു സ്പന്ദിക്കുന്ന ഹൃദയസ്പർശിയായ കവിതയാണ് ‘ഹോട്ടലൂണും വാടകമുറിയും’ ബഹിർവർത്തിയും ബഹിഷ്കൃതനുമായ ഏകാന്ത പഥികന്റെ അനുഭവവൈപരീത്യവും സ്മൃതിവൈവശ്യവും തുടിക്കുന്ന കവിത! മുടിയനായ പുത്രൻ വർഷങ്ങൾക്കു ശേഷം ഓരോണക്കാലത്ത് തറവാട്ടിൽ തിരിച്ചെത്തുമ്പോൾ, തന്റെ പ്രിയപ്പെട്ട അച്ഛനമ്മമാരെ, പരിചിതങ്ങളായ ഗ്രാമവീഥികളെ, ഇഷ്ടവൃക്ഷങ്ങളെ, ചെടികളെ ഒക്കെ വികാരതീവ്രതയോടെ, പശ്ചാത്താപ വിവശതയോടെ ഓർക്കുന്നു. മരത്തിൻ മറവിലായ് മങ്ങിയ കൃഷ്ണപക്ഷക്കല പോൽ മിണ്ടാതെ കണ്ണീർ തുടച്ച അമ്മയുടെ മുഖം മാർത്താണ്ഡ തേജസുറ്റ അതികായനായ അച്ഛന്റെ എണ്ണച്ചായ ചിത്രത്തിനേറ്റ മങ്ങൽ, കുഞ്ഞുന്നാളിലെയോണപ്പൂക്കൾ തന്നിതളുർന്നൊരാവഴിത്താര, തന്റെ അനാഥത്വത്തിന്റെ ചിഹ്നമായി കിടക്കുന്നത് ഇവയൊക്കെ കവിയെ ദുസ്സഹമായ വിഷാദത്തിലാഴ്ത്തുന്നു. തിരുവോണ നാളിൽ ഏകനായി നഗരത്തിലെ ഹോട്ടലിൽ

**(ശേഷം 51–ാം പേജിൽ)**

# ടി.വി സീരിയലുകൾക്കും വേണോ സെൻസറിങ്ങ് ?



ഇ. വിജയലക്ഷ്മി

മലയാളിയുടെ ഏറ്റവും വലിയ വിശ്രമവിനോദോപാധിയാണ് ടെലിവിഷൻ. കേരളത്തിലെ സ്ത്രീകൾ വളരെ കൂടുതൽ ആസ്വദിക്കുന്നത് ടി.വി. യിലെ പരിപാടികൾ തന്നെ. ടി.വി.യിൽ വിജ്ഞാനത്തിനും വിദ്യാഭ്യാസത്തിനും പ്രാധാന്യം കൊടുക്കുന്ന ധാരാളം പരിപാടികൾ ദൃശ്യവിരുന്നായി വരുന്ന കാര്യം മറക്കുന്നില്ല. ടി.വി.യിൽ മത്സരിച്ചു പ്രത്യക്ഷപ്പെടുന്ന മെഗാ സിരിയലുകൾ നമ്മുടെ സാംസ്കാരിക പശ്ചാത്തലത്തിൽ വരുത്തിയ വിള്ളലുകളും അവ ദൂരവ്യാപകമായി ഈ നാട്ടിൽ വരുത്തിയേക്കാവുന്ന ദോഷങ്ങളും വിലയിരുത്തുകയാണ് ഈ അവലോകനം കൊണ്ട് ലക്ഷ്യമാക്കുന്നത്.

കേരളത്തിലെ വീടുകളിൽ നിന്ന് സന്ധ്യാപ്രാർത്ഥനയും നാമജപകീർത്തനങ്ങളും പടിയിറങ്ങിപ്പോയിട്ട് കാലം കുറെയായി. സ്വീകരണമുറിയിൽ ഇപ്പോൾ സീരിയലുകളാണ് താരം. അവിഹിതവും അവിശ്വാസവും കുടിപ്പകയും പരസ്ത്രീ പരപുരുഷ ബന്ധവും അമ്മായി അമ്മ മരുമകൾ കലഹങ്ങളുമായി മെഗാസീരിയലുകൾ വീടുകളിലെ സന്ധ്യകൾ സ്വന്തമാക്കിയിരിക്കുന്നു. സീരിയലിനു മുന്നിൽ ഇരിക്കുന്നതു മൂലം സമയനഷ്ടം മാത്രമല്ല പ്രശ്നം, സീരിയലുകൾ നല്കുന്ന സന്ദേശം കുടുംബബന്ധങ്ങളുടെ മൂല്യച്യുതിയും കൂടിയാണ്. നിരന്തരം കാണുന്നതു മൂലം ഇത്തരം സന്ദേശങ്ങൾ ഇവരുടെ മനസ്സിനെ സ്വാധീനിക്കുന്നു. കുടുംബാംഗങ്ങൾ തമ്മിലുള്ള ആശയവിനിമയത്തേയും കൂട്ടായ്മയേയും ഇവ നശിപ്പിക്കുണ്ടെന്നതാണ് യാഥാർത്ഥ്യം. പലർക്കും കുടുംബകാര്യങ്ങൾ ഒന്നിച്ചിരുന്ന് ചർച്ച ചെയ്യാൻ സമയമില്ല. ആറു മണിക്ക് ടി.വി. തുറന്നാൽ 10 മണിവരെ സീരിയൽ കാണുന്ന വീടുകളുണ്ട്. ഇതിനിടയിൽ കുട്ടികളുടെ പഠനവും കുടുംബജോലിയും കുടുംബാംഗങ്ങൾ ഒരുമിച്ചിരുന്നു സംസാരിക്കാനുള്ള അവസരങ്ങളും ഇല്ലാതാകുന്നു. ചുരുക്കത്തിൽ ടി.വി. സീരിയലുകൾ സാമൂഹിക ജീവിതത്തിൽ ചെലുത്തുന്ന സ്വാധീനം വലുതാണ്. ആസ്വാദകന്റെ ആദർശരൂപികരണം അപചയത്തിലാക്കുന്നു. കുട്ടികളെ വഴിതെറ്റിക്കുന്നു, അവരുടെ പഠനത്തെ ബാധിക്കുന്നു, ഗൃഹാന്തരീക്ഷം മലിനമാക്കുന്നു, കേരളീയ സംസ്കാരം നഷ്ടപ്പെടുത്തുന്നു. കുടുംബകഥകൾ അവതരിപ്പിക്കുന്ന ടി. വി. സീരിയൽസ് സംബന്ധിച്ച് ധാരാളം വിമർശനങ്ങൾ ഉയരാറുണ്ട്. കണ്ണീർ സീരിയൽ എന്ന ആക്ഷേപം ഒരു വശത്ത്, കുടുംബങ്ങളിൽ സാധാരണമല്ലാത്തതരം പോരുകളും ശിഥിലബന്ധങ്ങളും സാധാരണമാണെന്ന മട്ടിൽ അവതരിപ്പിച്ചും സമൂഹത്തെ വഴിതെറ്റിക്കുന്നുവെന്ന രൂക്ഷവിമർശനം മറുവശത്ത്. ഇതിനെല്ലാം ഇടയിലും മലയാളികളുടെ സന്ധ്യകൾ സിരിയലുകളുടെ മുമ്പിലാണ് സമർപ്പിച്ചിരിക്കുന്നത് എന്ന വസ്തുതയുമുണ്ട്.

കുട്ടികൾക്ക് പഠിക്കാൻ ധാരാളം കാര്യങ്ങളുള്ള സമയത്താണ് മിക്ക സീരിയലുകളും വരുന്നത്. ഇത് കുട്ടികളിൽ പഠന വിമുഖത സൃഷ്ടിച്ചിട്ടുണ്ട്. സ്നേഹം, ബഹുമാനം തുടങ്ങിയ നിഷ്കളങ്ക വികാരങ്ങൾക്കു പോലും സീരിയലുകളിൽ തകർച്ച അനുഭവപ്പെടുകയാണ്. ചില സീരിയലുകളിൽ വില്ലൻ കഥാപാത്രം കുട്ടികളായിരിക്കും. ഭക്ഷണം വലിച്ചെറിയുക, എതിർക്കുന്നവരെ ഗുണ്ടകളെക്കൊണ്ടു തല്ലിക്കുമെന്നു പറയുക, അച്ഛന്റെ പണത്തിന്റെ ഹുങ്കു കാണിക്കുക, ശരിക്കും ഒരു ക്രിമിനൽ ആയി എങ്ങിനെ വളരാം എന്ന മെസേജ് ആണ് ഇത്തരം കഥാപാത്രങ്ങൾ നല്കുന്നത്. ഈ നെഗറ്റീവ് കഥാപാത്രങ്ങൾ കുട്ടികളെ വേഗം സ്വാധീനിക്കും. അവർ അത് അനുകരിക്കാൻ ശ്രമിക്കും. ചില കഥാപാത്രങ്ങൾ താനാണെന്ന് സ്വയം വിശ്വസിക്കുന്നവർ അവരുടെ ചെയ്തികൾ സ്വീകരിച്ചു തുടങ്ങുകയും ദ്വന്ദവ്യക്തിത്വത്തിന്റെ ഭീഷണമുഖത്തിലേക്ക് വഴി മാറുന്നതിന് ഇടയാകുകയും ചെയ്യുന്നു. കുട്ടികളിൽ ഇത് വളരെ സ്വാധീനമാണ് ഉണ്ടാക്കുന്നത്. സന്ധ്യാസമയത്ത് നാമം ചൊല്ലുക എന്ന സമ്പ്രദായം ഇന്ന് കുടുംബങ്ങളിൽ അപ്രത്യക്ഷമായിരിക്കുന്നു. ആ സമയത്ത് സീരിയൽ കാണുന്നതിലാണ് മിക്കവർക്കും താല്പര്യം. അമ്മമാർ കാണാൻ ഇരിക്കുന്ന സമയത്ത് സ്വാഭാവികമായും കുട്ടികളും അത് അനുകരിക്കുന്നു. കേരള സമൂഹത്തിൽ കൗമാരക്കാരായ പെൺകുട്ടികളും





ആൺകുട്ടികളും വഴി തെറ്റുന്നതിന്റെ പ്രധാന കാരണം സീരിയലുകളാണെന്ന് ചില പഠനങ്ങൾ തെളിയിക്കുന്നു. മുതിർന്നവർക്ക് നല്ലതും ചീത്തയും തിരിച്ചറിയാനുള്ള കഴിവ് ഉണ്ടാകും. പക്ഷെ, കുട്ടികളെ ഇതെങ്ങനെ ബാധിക്കും എന്നത് ആശങ്കാജനകമാണ്. ചാനൽ പരമ്പരകളുടെ മുന്നിലിരിക്കുന്ന മലയാളി കുടുംബങ്ങൾ കാണുന്നത് കൊലയുടേയും ഗൂഢാലോചനയുടേയും അഹങ്കാരത്തിന്റേയും അവിഹിത ബന്ധത്തിന്റേയും പ്രതികാരത്തിന്റേയും കഥകളാണ്. കുട്ടികൾക്കാവശ്യം സീരിയലുകളല്ല, വിദ്യാഭ്യാസവും ജ്ഞാനവുമാണ് എന്ന് ഗാനഗന്ധർവ്വൻ ശ്രീ. കെ.ജെ. യേശുദാസ് ഈയിടെ പ്രസ്താവിച്ചത് ഇവിടെ പ്രസക്തമാണ്.

ടെലിവിഷൻ സിരിയലുകളിൽ സിനിമയിലേതുപോലെ സെൻസറിങ് വേണമോയെന്നു ചിന്തിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. ചാനലുകളുടെ സ്ഥിതി മോശമാണ്. സ്ത്രീകൾക്കു വേണ്ടിയുള്ള ഉൽപന്നം എന്ന പേരിലാണ് സീരിയലുകൾ മാർക്കറ്റു ചെയ്യുന്നത്. പരസ്യവരുമാനം കൂടുവാനുള്ള തത്രപ്പാടിൽ മോശം ഭാഷയും വയലൻസും കൂടുതൽ തിരുകും. റേറ്റിംങ് കൂട്ടാൻ എന്തും ചെയ്യാം എന്ന മാനസികാവസ്ഥയിലാണ് മലയാളം സീരിയൽ ഉത്പാദകരിൽ പലരും. വീട്ടിൽ കുടുംബം ഒന്നിച്ചിരുന്നു കാണാൻ കൊള്ളാത്ത ഭാഷയും ദൃശ്യങ്ങളുമുള്ളവ പ്രൈം ടൈമിലെങ്കിലും സംപ്രേഷണം ചെയ്യില്ലെന്ന് ചാനലുകാർ തിരുമാനിക്കണം. സെൻസർഷിപ്പ് പ്രായോഗികമല്ല എന്നു തോന്നുന്നുവെങ്കിൽ, ചാനലുകാർ സ്വയം നിയന്ത്രണം ഏർപ്പെടുത്തുകയാവും നല്ലത്. ചാനലുകളിൽ എത്തിക്സ് കമ്മറ്റികൾ ഉണ്ടാക്കണം . സീരിയലുകൾ ജനപ്രീതി നേടി തുടങ്ങുമ്പോൾ അത് കാണുന്നവരെ തെറ്റായ വഴിയിലേക്ക് നയിക്കുന്ന തരത്തിലാവരുത് കഥയുടെ പോക്ക്. മെഗാസീരിയലുകൾ ഒരു അമ്പത് എപ്പിസോഡുകളിൽ ഒതുക്കുകയാണെങ്കിൽ കഥ വഴി തെറ്റുന്നത് ഒഴിവാക്കാം. ഇഴഞ്ഞും വലിഞ്ഞും നീങ്ങുമ്പോൾ പഞ്ച് കൂട്ടാൻ ശ്രമിക്കുമ്പോഴാണ് കൂടുതൽ വില്ലത്തരങ്ങളും ആക്രമണങ്ങളും സീരിയലിൽ കടന്നു കൂടുന്നത്. ഇത് ഒഴിവാക്കാനുള്ള മാർഗ്ഗങ്ങൾ ചാനലുകാർ തന്നെ കണ്ടെത്തണം.

വീട്ടിൽ വെറുതെയിരിക്കുന്നവർക്കും പ്രായമായവർക്കും ഒരു നേരം പോക്കാണ് സിരിയലുകൾ. അതുകൊണ്ടു തന്നെ അത് കാണുന്നവരുടെ മനസ്സിൽ നൻമയുടെ അംശം വളർത്തുന്നതാകണം. ടെലിപ്രോഗ്രാമുകൾ സമൂഹത്തിന് ഗുണകരമാണോയെന്ന് ചിന്തിക്കേണ്ട ബാദ്ധ്യത ചാനലുകൾക്കുണ്ട്. മനസ്സിലെ കറുത്ത ചിന്തകളെ മാറ്റുന്ന ധർമ്മമാണ് കലാസൃഷ്ടികളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. വൈകുന്നേരം 6 മണിക്കും 10 മണിക്കും ഇടക്കാണ് മിക്ക സീരിയലുകളുടേയും സമയം. ഇത് ഉച്ച കഴിഞ്ഞുള്ള സമയത്തായിരുന്നുവെങ്കിൽ സ്ത്രികളുടെ പകലുറക്കം കൊണ്ടുള്ള ആരോഗ്യപ്രശ്നങ്ങളെങ്കിലും മാറിയേനെ.

ടെലിവിഷൻ ശക്തമായ ഒരു മാധ്യമമാണ്. അത് അല്പമെങ്കിലും പോസിറ്റീവ് ആയി ഉപയോഗിക്കാൻ ചാനലുകൾ തയ്യാറാവണം. പുറത്തു നിന്നുള്ള നിയന്ത്രണത്തേക്കാൾ, ചാനലുകൾ പ്രോഗ്രാമുകൾക്ക് സ്വയം ഒരു മാനദണ്ഡം നിർണ്ണയിക്കുന്നതാണ് നല്ലതെന്ന അഭിപ്രായമാണ് എനിക്കുള്ളത്. കുടുംബ ജീവിതങ്ങളെ തകർക്കുന്ന സീരിയലുകൾക്ക് നിയന്ത്രണം ഏർപ്പെടുത്താൻ വിപ്ലവകരമായ തീരുമാനവുമായി സംസ്ഥാന സർക്കാർ കേന്ദ്രത്തിന് കത്ത് നൽകി എന്ന് ഈയിടെ ഒരു വാർത്ത കണ്ടിരുന്നത് പ്രതീക്ഷക്ക് വക നൽകുന്നു.

## ആവശ്യത്തിന് ടെലിവിഷനാകാം

അമിതമായാൽ ടെലിവിഷനും വിഷം. വായന കായിക വിനോദങ്ങൾ, കലാപരമായ പ്രവൃത്തികൾ, സാമൂഹികങ്ങളായ ഇടപെടലുകൾ തുടങ്ങിയ മറ്റ് ഉല്ലാസരീതികളിലേക്ക് കുട്ടികളെ ചെറുപ്രായത്തിലേ ആകർഷിക്കുന്നതിൽ മാതാപിതാക്കൾ വലിയ ശുഷ്കാന്തി കാണിക്കാറില്ല. പള്ളിക്കൂടത്തിൽ പോകണ്ടാത്ത പ്രായത്തിൽ കൊച്ചു കുട്ടിയെ ടെലിക്കാഴ്ചകളിൽ കൊളുത്തിയിട്ട് തൻകാര്യം നോക്കുന്ന എത്രയോ മാതാപിതാക്കളുണ്ട്. ടെലിവിഷൻ അപ്പോൾ ബേബി സിറ്റാണ്. ഇത്തരം സാഹചര്യത്തിൽ വളരുന്ന കുട്ടികൾ പിൽക്കാലത്ത് അതിന്റെ സ്വാധീനത്തിൽ പെട്ടുപോകുന്നതിൽ അത്ഭുതപ്പെടാനുണ്ടോ? നന്നായി പഠിക്കുന്നുവെങ്കിൽ ബാക്കി സമയം മുഴുവനും ടെലിക്കാഴ്ചകളിലോ വീഡിയോ ഗെയിമുകളിലോ മുഴുകിക്കോട്ടെ എന്ന സമീപനം വ്യാപകമാണ്. ഇവയിൽ മാത്രം കേന്ദ്രീകൃതമായ ഉല്ലാസവേളകൾ പിന്നീട് ദോഷം ചെയ്യും. മനസ്സിൽ ഊർജ്ജം നൽകുന്ന വിവിധ തരത്തിലുള്ള വിനോദങ്ങൾ കണ്ടെത്തുവാനും അതു മാറി മാറി പ്രയോജനപ്പെടുത്തുവാനുമുള്ള വൈഭവം കുട്ടികൾക്കു നൽകണം. പഠനം വഴി കണ്ടെത്താൻ മിടുക്ക് ഉണ്ടാകുന്നതുപോലെ തന്നെ പ്രധാനമാണത്. കുട്ടികളെ ഈ ശീലത്തിൽ നിന്ന് മോചിപ്പിക്കണമെങ്കിൽ വീട്ടിൽ പൊതുവായ ഒരു ടെലിവിഷൻ ചിട്ട വേണം. മുതിർന്നവർ ഒരു നിയന്ത്രണവുമില്ലാതെ ടെലിവിഷൻ കാണുന്നവരും

ദിനചര്യകളെ അതിലെ പരിപാടിക്കനുസരിച്ചു മാറ്റി മറിക്കുന്നവരുമാണെങ്കിൽ പ്രശ്നമാണ്. മാതാപിതക്കൾ സ്വയം നിയന്ത്രണം ഏർപ്പെടുത്തിയ ശേഷം കുട്ടികൾക്ക് ടെലിക്കാഴ്ച നേരങ്ങൾ നിശ്ചയിക്കാം. സമയപരിധികൾ വയ്ക്കാം. കുട്ടി എന്തു കാണുന്നുവെന്ന് ശ്രദ്ധിക്കാം.

ഇനിയും സീരിയലുകളല്ലാതെ ടെലിവിഷൻ പ്രേക്ഷകരെ വളരെയേറെ സ്വാധീനിക്കുന്നത് വാർത്താവതരണവും വാർത്താധിഷ്ഠിതമായ ചർച്ചകളും ആണല്ലോ? നമ്മുടെ സംസ്കാരത്തെയും ദേശിയതയേയും ഒക്കെ ഇകഴ്ത്തിക്കൊണ്ട് ചർച്ചകൾ നയിക്കുന്ന അവതാരകരെ ചില ചാനലുകളിലെങ്കിലും നമുക്ക് കാണാൻ കഴിയും. ആരെയൊക്കെയോ പ്രീണിപ്പിക്കുവാൻ വേണ്ടി, ദേശവിരുദ്ധതയുടെ വാക്താക്കളായി ഇവർ മാറുന്നതും നമുക്കു കാണാം. അവർ ഉദ്ദേശിക്കുന്നതിനെതിരെ പറയുന്നവർക്ക് പറയാനുള്ള അവസരം നിഷേധിക്കുന്നതും സ്ഥിരക്കാഴ്ചയാണ്. വിഷം തുപ്പുന്ന ഇമ്മാതിരി അന്തിച്ചർച്ചകൾക്ക് കടിഞ്ഞാണിടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. മാധ്യമ സ്വാതന്ത്ര്യത്തിന്റെ പേരിൽ എന്തും ആകാം എന്ന ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരണം. നമ്മുടെ സംസ്കരാത്തിനും ദേശീയഐക്യത്തിനും ക്ഷതമേൽപ്പിക്കുന്ന ഒന്നും തന്നെ പ്രക്ഷേപണം ചെയ്യാൻ പാടില്ല എന്ന നിയമം കർക്കശമാക്കണം. അതിനെ ലംഘിക്കുന്ന ചാനലുകളെ പ്രവർത്തിക്കാൻ അനുവദിക്കരുത്. അങ്ങനെ സീരിയലുകളായാലും ശരി വാർത്താവതരണമായാലും ശരി എല്ലാത്തിനും ഒരു നിയന്ത്രണം അത്യാവശ്യമായി വന്നിരിക്കുകയാണ്. ഒരു നല്ല നാളയെ ആഗ്രഹിക്കുന്നവരെല്ലാവരും ഇതിനായി ശബ്ദമുയർത്തണം.

കവിത

# സ്കൂൾ വിട്ട് കുട്ടികൾ മടങ്ങുന്നത്

**പറവൂർ ബാബു**

സ്കൂൾ വിട്ട് കുട്ടികൾ
വീട്ടിലേയ്ക്ക് മടങ്ങുന്നത്
വെയിലേറ്റ്
വാടിക്കരിഞ്ഞ
പൂച്ചെടികൾ പോലെ.
അവർ
തിരികെ പോവുന്നത്
പൊട്ടിച്ചിരികളുടെ
നദിയിലൂടെ ഒഴുകിയല്ല.
നാട്ടുവർത്തമാനങ്ങളുടെ
വള്ളിപ്പടർപ്പുകൾ
വലിച്ചു പറിച്ചു കൊണ്ടല്ല.
കളിക്കൂട്ടുകാരിയുടെ
കൈ പിടിച്ചല്ല.
കാറ്റിന്റെ
കുസൃതിച്ചോദ്യങ്ങൾ
കേട്ടു രസിച്ചുകൊണ്ടല്ല.
അവർ ബസ്സുകളിൽ
ഒറ്റപ്പെട്ട
നിശ്ശബ്ദതയുടെ തുരുത്തുകളായ്
വിറങ്ങലിച്ചിരിക്കുന്നു.
അവരുടെ തന്നെ
ദുർമ്മരണം സ്വപ്നം കണ്ട്
ഭയന്നവരെപ്പോലെ.
അവർ പൊട്ടിച്ചിരികളെ
കെട്ടിപ്പൊതിഞ്ഞ്
ബാഗിൽ വച്ചിരിക്കുന്നു
ആർക്കും കണ്ടെത്താനാവാതെ.
വീട്ടിൽ നിന്നും
വിദ്യാലയത്തിലേയ്ക്ക് പോകുമ്പോൾ
കരച്ചിലുകളെ കെട്ടിയൊതുക്കി
കട്ടിലിന്റെ കീഴെ വയ്ക്കുന്നു.
പാതിവഴിക്ക് മുറിവേറ്റുവീണ
തങ്ങളുടെ ഉറക്കത്തിന്റെ
മുറിവുകൾ ശ്രദ്ധയോടെ
തുന്നിച്ചേർക്കുകയാവുമവർ.
സ്കൂൾ വിട്ട് കുട്ടികൾ
വീട്ടിലേക്ക് മടങ്ങുന്നത്
ശാസനകളുടെ ട്രാക്ടറുകൾ
ഉഴുതുമറിച്ച ഹൃദയപാടങ്ങളായി.
സ്കൂൾ വിട്ട് കുട്ടികൾ
വീട്ടിലേക്കു പോവുന്നത്
ഒരു തടവറയിൽ നിന്നും
മറ്റൊരു തടവറയിലേയ്ക്ക്
യാത്ര പോവുന്ന
വിചാരത്തോടെ..........





# തർജ്ജമാഗർത്തം



**നന്ദകുമാർ മേനോൻ**

## ഭാഷയും സംസ്കാരവും

ലോകത്തിലെ മിക്ക ഭാഷകളിലും തത്വചിന്താപരവും മതപരവുമായ ഗ്രന്ഥങ്ങൾ രചിക്കപ്പെട്ടിട്ടുണ്ട്. എല്ലാ ഭാഷകളിലും ആദികാലഗ്രന്ഥങ്ങൾ ഈ വിഭഗത്തിൽ തന്നെ പെടും. വിശേഷിച്ച് സംസ്കൃതം, ലാറ്റിൻ, ഗ്രീക്ക് മുതലായ പ്രാചീന ഭാഷകളിൽ. സംസ്കൃതത്തിലെ വേദങ്ങൾ മഹാഭാരതം, ഗ്രീക്കു ഭാഷയിലെ ഇലിയറ്റ് ഒഡീസ്സി മുതലായവ നല്ല ഉദാഹരണങ്ങൾ. എന്നാൽ സാംസ്കാരങ്ങൾ ലോകമാസകലം വ്യാപിച്ചു തുടങ്ങിയപ്പോഴാണ് ഒരു ഭാഷയിലെ ഗ്രന്ഥങ്ങൾ മറ്റു ഭാഷകളിലേക്ക് തർജ്ജമ ചെയ്യപ്പെടാൻ തുടങ്ങിയത്. അധിനിവേശകാലത്താണ് ഭാരതത്തിൽ വന്ന മാക്സ് മുള്ളർ , മോണിയർ വില്യംസ്, സർജോൺ വുഡ്രോഫ്, ഹെർമൺ ഗുണ്ടർട്ട് അങ്ങനെ പലരും സംസ്കൃതത്തിലും മലയാളം പോലുള്ള പ്രാദേശിക ഭാഷകളിലും മറ്റും നിഘണ്ടുക്കളും പ്രൗഢഗ്രന്ഥതർജ്ജമകളും നടത്തിയത്. മാക്സ് മുള്ളർ വേദങ്ങൾ തർജ്ജമ ചെയ്തു. മോണിയർ വില്യംസ് ഗംഭീരമായ ഒരു സംസ്കൃത നിഘണ്ടു നിർമ്മിച്ചു. ഗുണ്ടർട്ട് മലയാളം നിഘണ്ടു രചിച്ചു. വുഡ്രോഫ് പ്രാചീന താന്ത്രിക ഗ്രന്ഥങ്ങൾ തപ്പിയെടുത്ത് വ്യാഖ്യാനം രചിച്ചു.

ഭാഷാന്തരം ചെയ്യപ്പെട്ട സാഹിത്യ തത്വശാസ്ത്ര ഗ്രന്ഥങ്ങൾ എന്നല്ല നിഘണ്ടുക്കൾ പോലും നാം വായിക്കുമ്പോൾ തർജ്ജമക്കാരന് എന്തു മനസ്സിലായി എന്നാണ് നമുക്കു മനസ്സിലാവുന്നത്. മൂലഗ്രന്ഥ രചയിതാവ് എന്തു ഉദ്ദേശിച്ചു എന്നല്ല ഇതിനു കാരണം. ഒരു ഭാഷയിലുള്ള വളരെ വാക്കുകൾക്ക് അന്യഭാഷകളിൽ തുല്യമായ പദങ്ങൾ ഇല്ലാത്തതാണ് അതിനു കാരണം. ഓരോ ഭാഷകളും വികസിച്ച സാംസ്കാരിക സാഹചര്യമാണ് ഇങ്ങനെ വരാൻ ഇടയാക്കിയത്. ഗ്രീക്കും സംസ്കൃതവും കുറെയെല്ലാം സമാനസാഹചര്യങ്ങളിൽ വികസിച്ച ഭാഷകളായതുകൊണ്ട് അവയിൽ തുല്യമായ വാക്കുകൾ പലതും കാണാം. എന്നാൽ ഗ്രീക്കിനും സംസ്കൃതത്തിനും തുല്യമായ പാരമ്പര്യം അവകാശപ്പെടുന്ന ലാറ്റിനിൽ പ്രൗഢഗ്രന്ഥങ്ങൾ പ്രത്യക്ഷപ്പെടുന്നത്. ഉദ്ദേശം ക്രി. മു. നാനൂറിലാണ് ഭാരതീയർക്കാർക്കും വേദങ്ങളുടെ പഴക്കത്തിനെപ്പറ്റി ഒരറിവുമില്ല. വരത്തൻമാർ (ഈ പദം ഞാൻ ഉപയോഗിക്കുന്നത് നമ്മുടെ ലക്ഷക്കണക്കിനു പഴക്കമുള്ള സംസ്കാരത്തെ കത്തിച്ചു ചാമ്പലാക്കി സ്വാഭിമാനമില്ലാത്തവരും പരവിസർജ്ജഭോജികളുമാക്കി മാറ്റിയ പടിഞ്ഞാറൻ അസംസ്കൃതജീവികളോടുള്ള വെറുപ്പു കാണിക്കാൻ തന്നെയാണ്) പഠിപ്പിച്ചു തന്ന അറിവു മാത്രമേ കുനിഞ്ഞ തലകളോടു കൂടി നടക്കുന്ന രക്തത്തിലും മജ്ജയിലും വരെ. സാംസ്കാരിക അടിമത്വം നിറഞ്ഞു നില്ക്കുന്ന ഭാരതീയർക്ക് വിശേഷിച്ച് കേരളീയർക്കുള്ളു.

വിക്കിപീഡിയ എന്ന ഇന്നത്തെ സർവജ്ഞൻ പറയുന്നതനുസരിച്ച് ക്രി.മു. 400 ലാണത്രെ (ഇന്നേക്ക് 2420 വർഷങ്ങൾക്കു മുൻപ്) അഷ്ടാദ്ധ്യായി എന്ന വ്യാകരണ ഗ്രന്ഥം പാണിനി മഹർഷി എഴുതിയത്. ഇന്നത്തെ പാശ്ചാത്യ ശാസ്ത്രജ്ഞൻമാൻ സമ്മതിക്കുന്ന കാര്യമാണ് (കഴിഞ്ഞ 32 വർഷമായി കമ്പ്യൂട്ടർ പ്രോഗ്രാഗിങ് പഠിപ്പിക്കുന്ന ഒരു അദ്ധ്യാപകൻ എന്ന നിലയ്ക്ക് ഞാനും) കമ്പ്യൂട്ടറുകൾക്ക് ഏറ്റവും യോജിച്ച ഭാഷയും അത് പ്രോഗ്രാം ചെയ്യാൻ ഏറ്റവും ശക്തമായ ഗ്രന്ഥവുമാണ് പാണിനീയം എന്ന് ഈ ഗ്രന്ഥം 2420 വർഷങ്ങൾക്ക് മുമ്പെഴുതപ്പെട്ടതാണെന്ന് സ്ഥാപിക്കാൻ വരത്തന്റെ 'സയന്റിഫിക് അനാലിസിസ്' (ശാസ്ത്രീയാപഗ്രന്ഥനമല്ലെന്നറിയുക) ആണ് ഉപകരണം. ഈ ഗ്രന്ഥം മുഴുവൻ സംസ്കൃതത്തിൽ 'സൂത്രം' എന്നറിയപ്പെടുന്ന വരികളാൽ എഴുതപ്പെട്ടതാണ്. ആംഗലത്തിലെ ഫോർമുല എന്ന രീതിയോടിതിനെ ഒരുവിധം താരതമ്യപ്പെടുത്താം. ഏറ്റവും കുറഞ്ഞ അക്ഷരങ്ങളിൽ എന്നാൽ അല്പം പോലും സ്നിഗ്ദ്ധതയില്ലാതെ എഴുതപ്പെടുന്നവയാണ് സൂത്രങ്ങൾ (അല്പാക്ഷരമസന്ദിഗ്ധം സാരവദ്വിശ്വതോ മുഖം അസ്തോഭമനവദ്യഞ്ച സൂത്രം സൂത്രവിദോ വിദു മുഗ്ധബോധ ടീക: ശബ്ദകല്പദ്രുമം) ഇതിന്റെ ശക്തി വ്യക്തമാക്കാൻ ഒരു സൂത്രം ഞാനിവിടെ ഉദ്ധരിക്കാം. രഷഭ്യാം നോ / ണ സമാനപദേ (അഷ്ടാദ്ധ്യായി 8 / 4 / 1 ) എന്റെ വായനക്കാരുടെ സംസ്കൃത പാണ്ഡിത്യത്തെ ഞാൻ കുറച്ചുകാണുന്നില്ലെങ്കിലും, സംസ്കൃത ബീജോത്ഭവയായ മലയാളം അച്ഛന്റെ

പല സ്വഭാവങ്ങളും പിന്തുടരുന്നതുകൊണ്ട് മലയാളത്തിൽ ഉദാഹരണം കാണിക്കാം. 'കൃ' എന്ന ധാതുവിനോട് 'ന' എന്ന പ്രത്യയം ചേർന്നാണ് കൃഷ്ണ (മലയാളത്തിൽ കൃഷ്ണൻ) ഉണ്ടാവുന്നത്. അത് കൃഷ്നൻ എന്നതിന് പകരം കൃഷ്ണൻ എന്നായിത്തീരുന്ന നിയമമാണ് പാണിനി ഈ സൂത്രത്തിൽ പറഞ്ഞ് വച്ചത്. അതു പോലെ തന്നെ 'വൃ' എന്ന ധാതു വിനോട് 'ന' പ്രത്യയം ചേരുമ്പോഴാണ് 'വർനം' എന്ന പദമുണ്ടാവുന്നത്. എന്നാൽ ഋ എന്ന ശബ്ദം മുൻപു വന്നതുകൊണ്ട് ഈ വർനം 'വർണം' എന്നു പരിണമിക്കുന്നു.

ഇത്രയും പക്വമായൊരു വ്യാകരണഗ്രന്ഥം 2420 വർഷങ്ങൾക്കു മുമ്പുണ്ടാകണമെങ്കിൽ അതിനെത്രയോ ആയിരം വർഷങ്ങൾക്കു മുമ്പ് അവൾ ആ പക്വതയിലെത്തിയിരിക്കണം. എങ്കിൽ അതിനുമെത്രയോ വർഷങ്ങൾക്കു മുമ്പ് ആ പക്വതയിലേക്കുള്ള യാത്ര തുടങ്ങിയിരി ക്കണം! ഇതു തന്നെ വരത്തന്റെ 2420 വർഷം ശരിയാണെന്ന് ധരിച്ചുവശായ നമ്മുടെ അമ്പരപ്പ് ,ശരിക്കും ഈ ഭാഷ ഒരു ലക്ഷം വർഷം പഴക്കമുള്ളതാണെങ്കിലോ? ഇത്രയും മൂപ്പുള്ള മറ്റൊരു ഭാഷ ലോകത്തില്ല.

## വരത്തനും ഫൈലോളജിയും

ഫൈലോളജി എന്ന ശാസ്ത്രം ഒരു വരത്ത ശാസ്ത്രമാണ്. അതിന്റെ നിർവ്വചനം (ഡഫനിഷൻ) ഭാഷയുടെ ഘടനയെയും, ചരിത്രപരമായ വികാസപരിണാമങ്ങളെയും മറ്റുഭാഷകളുമായി അതിന്റെ ബന്ധങ്ങളെയും പ്രതിപാദിക്കുന്ന ജ്ഞാനശാഖ എന്നാണ് (the branch of knowledge that deals with the structure, historical developement, and relationships of a language or languages) സഞ്ജയ് സുബ്രഹ്മണ്യം എന്നൊരു കർണ്ണാടക സംഗീതവിദ്വാനുണ്ട്. ഞാൻ അദ്ദേഹത്തിന്റെ ഒരാരാധകനുമാണ്. അദ്ദേഹത്തിന്റെ പാട്ടുകൾക്ക് വേണ്ടി അന്തർജ്ജാലത്തിൽ (ഇന്റർനെറ്റ്) തിരഞ്ഞു നടക്കുമ്പോൾ അതേ പേരുള്ള ഒരു ചരിത്രാദ്ധ്യാപകനെ കണ്ടു കിട്ടി. അദ്ദേഹത്തിന്റെ പ്രധാന സിദ്ധാന്തമെന്താണെന്നാൽ വ്യത്യസ്ത ജനപദ ചരിത്രങ്ങൾ പഠിക്കുമ്പോൾ അതതു ഭാഷയിൽ അതെങ്ങിനെ വിവരിച്ചിരിക്കുന്നു. അവക്ക് മറ്റു ഭാഷകളിൽ എന്തു വിവരണം കൊടുക്കുമായിരുന്നു എന്നു കൂടി ചിന്തിക്കണം എന്നാണ് ഞാൻ മനസ്സിലാക്കിയത് . ഇതു വലിയൊരു കാര്യമാണ്. ഈ ലേഖനത്തിൽ വളരെ വിശദമായി അതിനെപ്പറ്റി ചർച്ച ചെയ്യാവുന്നതല്ലെങ്കിലും ചരിത്രം ഔപചാരികമായി പഠിക്കാത്ത , ധനതത്വ ശാസ്ത്രത്തിൽ ഉപരിബിരുദം നേടിയ ഒരു യുവാവിനെ, അമേരിക്കയിലെ ഒരു സർവ്വകലാശാല ചരിത്രവിഭാഗ തലവനാകാൻ നിയമങ്ങൾ തിരുത്തിയെഴുതിയത് എങ്ങിനെയെന്ന് എന്റെ വായനക്കാർ അന്വേഷിക്കുന്നത് രസകരമായിരിക്കും.

തർജ്ജമ ചെയ്യുമ്പോൾ വരുന്ന ഫൈലോളജിക്കൽ അബദ്ധങ്ങളിലേക്ക് നമുക്കു കടക്കാം.

## പദാർത്ഥവും ഒബ്ജക്ടും

ഒബ്ജക്ട് എന്ന ആംഗലപദത്തിന്റെ എറ്റിമോളജി (പദോല്പത്തി അന്വേഷണം) നിങ്ങൾ മേല്പറഞ്ഞ സർവ്വജ്ഞനോടു ചോദിച്ചാൽ കിട്ടുന്ന എല്ലാ കണ്ണികളും ഒബ് (മാർഗ്ഗമദ്ധ്യത്തിൽ) എന്നും 'ജകരെ' (എറിയുക) എന്നുമുള്ള രണ്ടു പദങ്ങളുടെ ചേർച്ചകൊണ്ട് മനസ്സിനു മുൻപിൽ പ്രതിഷ്ഠിച്ച 'തിങ്' (ഈ തിങ്ങിനെ ഞാൻ ഇവിടെ തർജ്ജമ ചെയ്താൽ കൂടുതൽ കുഴപ്പമാവും. എന്നാലും ഇന്നത്തെ മിക്ക മലയാളികൾക്കും മലയാളത്തെക്കാൾ കൂടുതൽ ആംഗലം അറിയാവുന്നതുകൊണ്ട് ഞാനിതിനൊരു മെനടുന്നില്ല. മുൻപിൽ കാണുന്ന തൊട്ടും കണ്ടും അറിയാവുന്ന ഒരു വസ്തു എന്നാണ് ഇതിന്റെ വ്യുല്പത്തി. ഫയർ എന്ന ആംഗലപദം മുൻപിൽ കാണുന്ന , അടുത്തു ചെന്നാൽ ചുടുന്നതും, തൊട്ടാൽ പൊള്ളുന്നതുമായ സാധനത്തിന് അവർ കൊടുത്ത പേരാണ്. എന്നാൽ പദാർത്ഥം എന്നത് വളരെ ഗഹനമായൊരു തത്വം കൂടി നിഷ്കർഷിക്കുന്ന പദമാണ്. പദം എന്നാൽ വാക്ക് . അർത്ഥം ആ പദം തമ്മിൽ ജനിപ്പിക്കുന്ന ഭാവന അപ്പോൾ പദാർത്ഥം എന്നാൽ വാക്ക് നമ്മിൽ ജനിപ്പിക്കുന്ന ഭാവന എന്നർത്ഥം അതായത്, അഗ്നി എന്ന പദത്തിന്റെ അർത്ഥമാണ് മുൻ പറഞ്ഞ പൊള്ളുന്ന വസ്തു. അല്ലാതെ ആ വസ്തുവിന്റെ പേരല്ല അഗ്നി എന്ന വാക്ക്. അത് നമ്മിൽ ജനിപ്പിക്കുന്ന ഭാവന മാത്രമാണ്. വാസ്തവത്തിൽ ചുടുമില്ല പൊള്ളലുമില്ല. എല്ലാം മിഥ്യ!

## അഹവും ഐ യും

എറ്റിമോളജിയിൽ എവിടെ പോയി തിരഞ്ഞാലും നമുക്ക് എന്തുകൊണ്ടാണ് ഐ എന്ന വാക്ക് അവനവനെ സൂചിപ്പിക്കാൻ ഉപയോഗിക്കപ്പെടുന്നത് എന്ന് വ്യക്തമായൊരു വിവരണം കിട്ടില്ല. കിട്ടിയാലും എങ്ങിനെയാണ് ഐ എന്ന പദം കൊണ്ട് സ്വയം സൂചിപ്പിക്കാൻ കഴിയുന്നത് എന്നു മനസ്സിലാവില്ല. എന്നാൽ, തുല്യമാണെന്ന് തർജ്ജമക്കാർ തെറ്റിദ്ധരിച്ച അഹം എന്ന വാക്ക് അക്ഷരമാലയിലെ ആദ്യ അക്ഷരമായ 'അ' യും അവസാനത്തെ അക്ഷരമായ 'ഹ' യും ചേർത്ത് ചുണ്ടു ചേർത്ത് വായുടെ അറ്റത്ത് ഉച്ചരിക്കാവുന്ന 'ഉം' എന്ന അനുസ്വരവും ചേർന്നുണ്ടായ താണ്. ഓങ്കാരത്തിന്റെ വ്യാഖ്യാനം പോലെ തന്നെ അ മുതൽ ഹ വരെയുള്ള അക്ഷരങ്ങളല്ലാതെ ഉപയോഗിക്കാൻ കഴിയില്ല. ഞാൻ തന്നെ ഈ പ്രപഞ്ചം. അതൊരു ഭാവനയുമാണ്, അതും മിഥ്യാപ്രപഞ്ചമാണ് !

## അവതാരവും ഇൻകാർണേഷനും

എറ്റിമോളജിക്കൽ വിശകലനം നടത്തിയാൽ, ഇൻ കാർണേഷൻ എന്ന ആംഗലവപദം മേഡ് ഫ്ളഷ് മാംസത്തിൽ സൃഷ്ടിച്ചു എന്ന പതിന്നാലാം നൂറ്റാണ്ടിലെ ലാറ്റിൻ വേരിൽ നിന്നും ഉത്ഭവിച്ചതാണ്. കാർണ എന്ന 'പ'ത്തിന് മാംസവുമായുള്ള ബന്ധം എന്റെ പണ്ഡിതൻമാരായ വായനക്കാർക്ക് മാംസാഹാരി എന്നർത്ഥം വരുന്ന കാർണിവോറസ് എന്ന ആംഗലപദത്തിൽ നിന്നൂഹിക്കാം. എന്നാൽ അവതാരം എന്നതിന് താഴേക്കു വരുക എന്നാണ് സംസ്കൃതത്തിൽ അർത്ഥം. ഉദ്ധരിക്കുക. എന്നാൽ മുകളിലേക്ക് പോവുക എന്നതുപോലെ തന്നെ. താഴേക്കു വരുന്നത് സ്ഥലമാനങ്ങളിലാവാം,അതായത് പത്താമത്തെ നിലയിൽ നിന്ന് ഒന്നാമത്തെ നിലയിലേക്ക് വരുന്നതു പോലെ. കഴിവുകൾ കുറയുന്നതുമാവാം. അതായത്, സർവ്വജ്ഞത, നിത്യതൃപ്തൃത, മുതലായ അനന്തമായ ഭഗവത് ശക്തികളെ ഒതുക്കി, അജ്ഞത, അതൃപ്തി മുതലായ പരിമിതികളിലേക്കുള്ള അധോഗമനവുമാവാം. അവതാരം കൊണ്ട് രണ്ടാമത്തേതാണു ദ്ദേശിക്കപ്പെട്ടിട്ടുള്ളത്. അതിന് മാംസവുമായി പുലബന്ധം പോലുമില്ല. ഭഗവാൻ മാംസശരീരിയല്ലല്ലോ! മാംസശരീരമില്ലാത്ത മഹാവിഷ്ണു മാംസശരീരമുള്ള കൃഷ്ണനാകുമ്പോൾ അത് നമുക്ക് അവതാരമാണ്. എന്നാൽ മാംസശരീരമില്ലാത്ത ഭഗവാൻ ഗന്ധർവ്വനോ കിന്നരനോ അല്ലെങ്കിൽ മുകളിൽ നിന്ന് താഴേക്കുള്ള പതിന്നാലു ലോകത്തിലുമുള്ള ഏതെങ്കിലും രൂപം ധരിച്ചാൽ അത് നമുക്ക് അവതാരമാണ്. പക്ഷേ വരത്തന് അത് ഇൻ കാർണേഷനാവില്ല.!

## തർജ്ജമാഗർത്തം

ഇങ്ങിനെ എത്ര പദങ്ങളെങ്കിലും നമുക്കു നിരത്താം. മൂന്നു പേജിൽ കൂടുതൽ, പത്രാധിപരിൽ നിന്നും വാങ്ങാൻ ബുദ്ധിമുട്ടായതുകൊണ്ട് ചുരുക്കുന്നു. അതാണ് സത്യമെന്നിരിക്കെ, വേദങ്ങളുടെയും (ഋക് യജു, സാമം, അഥർവം) ഉപവേദങ്ങളുടെയും (ധനുർവേദം, ഗന്ധർവ വേദം, ആയുർവേദം, അർത്ഥശാസ്ത്രം) പുരാണങ്ങളുടെയും (അഗ്നി, ഭാഗവത, ബ്രഹ്മ, ബ്രഹ്മാണ്ഡ, ബ്രഹ്മവൈവർത്ത, ഗരുഡ, കൂർമ്മ, ലിംഗ, മാർക്കേണ്ഡയ, മത്സ്യ , നാരദ, പത്മ, ശിവ, സ്കന്ദ, വാമന, വരാഹ, വായു, വിഷ്ണു എന്ന് 18 എണ്ണം). ആഗമങ്ങളുടെയും ആമ്നായങ്ങളുടെയും (പൂർവ, ദക്ഷിണ, പശ്ചിമ, ഉത്തര, ഊർദ്ധ്വ, അനുത്തര എന്ന് ആറെണ്ണം) ഷഡ്ദർശനങ്ങളുടെയും (ന്യായം, വൈശേഷികം, സാംഖ്യം, യോഗം പൂർവമീമാംസ, ഉത്തരമീമാംസ /വേദാന്തം). ഉപപുരാണങ്ങളുടെയും (18 എണ്ണം) വേദാംഗങ്ങളുടെയും (ശിക്ഷ, വ്യാകരണം, നിരുക്തം, ഛന്ദസ്, കല്പം, ജ്യോതിഷം ആറെണ്ണം) എന്നിങ്ങിനെ അസംഖ്യം ഭാരതീയ ചിന്താസരണികളെ, സന്ധിനിയമങ്ങളോ, സമാസ നിയമങ്ങളോ, തദ്ധിതം, ഭാവേ മുതലായ സങ്കീർണ്ണങ്ങളായ വ്യാകരണ വിശേഷങ്ങളൊന്നുമില്ലാത്ത, പാദർത്ഥ നിയമങ്ങളില്ലാത്ത ഭാഷാലോകത്തെ താരതമ്യേന കളിക്കുട്ടിയായ ആംഗലത്തിൽ വരത്തൻ എഴുതിയ തർജ്ജമകൾ മാത്രം വായിച്ച് സർവ്വാബദ്ധമായി തെറ്റിദ്ധരിക്കുന്ന ഭാരതീയർ എത്ര നികൃഷ്ടരാണ്.

അതാണ് ഞാൻ മുൻപേ ചരിത്ര ചിന്തകനായ സഞ്ജയ് സുബ്രഹ്മണ്യനെ പറ്റി പറഞ്ഞത്. അദ്ദേഹത്തിന് ഇരുപതിലേറെ ഭാഷകൾ ഭാരതീയമായും അന്താരാഷ്ട്രമായും അറിയാം. ഒരു ഭാഷയിൽ എഴുതിയ ചരിത്രം മറ്റൊരു ഭാഷയിൽ എഴുതിയത് വായിച്ച് മനസ്സിലാക്കാൻ കഴിവുള്ള ഫൈലോളജിസ്റ്റ് (അന്തർഭാഷാ പണ്ഡിതൻ) ആയതുകൊണ്ട്, ലോകചരിത്രം അദ്ദേഹത്തിന് ശരിക്കും മനസ്സിലാവും. പക്ഷേ അച്ഛൻ ഫാദറും അമ്മ മദറും പാട്ട് സോങ്ങും ആയി മാറിയ കേരളീയർക്ക് ഇതൊന്നും മനസ്സിലാവുകയുമില്ല !

അങ്ങിനെ തർജ്ജമകൾ സൃഷ്ടിക്കുന്ന അഗാധ അജ്ഞാനാന്ധകാരത്തിൽ പതിച്ച് സ്വത്വം നഷ്ടപ്പെട്ട് നശിക്കാനായിരിക്കും ഗതി.

## കരയോഗാംഗങ്ങളുടെ ശ്രദ്ധയ്ക്ക്

എറണാകുളം കരയോഗം ഇ.സി.എഫ് ന്റെ സഹകരണത്തോടെ ആരംഭിക്കാനുദ്ദേശിക്കുന്ന Pre- Employment Training Programme മിലേക്ക് Communicative English / MBA എന്നീ വിഷയങ്ങളിൽ ക്ലസ്സെടുക്കുവാൻ താല്പര്യമുള്ള കരയോഗാംഗങ്ങൾ താഴെ പറയുന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക.

കൺവീനർ, ഇ. സി. എഫ്
എസ്. ശ്രീകുമാർ
ഫോൺ : 9446517644

# മനസ്സിന്റെ ശുദ്ധീകരണം



**വി.കെ.വേണുഗോപാൽ**

എല്ലാവരും വീടിനുള്ളിലും വീടിനു പരിസരത്തുമുള്ള മാലിന്യങ്ങളെ സമയാസമയങ്ങളിൽ പുറത്തു കളഞ്ഞ് വീടിനകവും വീടിന്റെ പരിസരവും ശുദ്ധമാക്കുന്നു. എല്ലാ ദിവസവും കുളിച്ച് ശുദ്ധമായ നല്ല വസ്ത്രങ്ങൾ ധരിക്കുന്നു. ഉപയോഗിക്കാൻ പറ്റാത്തതും പഴയതുമായതെല്ലാം ഉപേക്ഷിച്ച് പുതിയ നല്ല സാധനങ്ങൾ ഉപയോഗിക്കുന്നു. അതിന്റെ ഫലമായി ജീവിതത്തിൽ ബാഹ്യമായ സുഖസൗകര്യങ്ങളും വർദ്ധിക്കുന്നു. എന്നാൽ നമ്മുടെ ആന്തരികസൗഖ്യം മാത്രം വർദ്ധിക്കുന്നില്ല എന്നു മാത്രമല്ല ആന്തരികമായി തകർച്ചയിലേക്കും പോയിക്കൊണ്ടിരിക്കുന്നു. കാരണം നമ്മുടെ വീടും പരിസരവും ശരീരവും ശുദ്ധിയാക്കുന്നതുപോലെ നമ്മുടെ മനസ്സും ശുദ്ധീകരിക്കുന്നതിനുവേണ്ടതൊന്നും നാം ചെയ്യുന്നില്ല എന്നതുതന്നെ.

ഈ പ്രപഞ്ചത്തിൽ ഈശ്വരനുള്ളതുപോലെ തന്നെ പിശാചും (നെഗറ്റീവ് എനർജി) ഉണ്ട്. ഈശ്വരനും പിശാചും മനുഷ്യ മനസ്സിനെയാണ് സ്വാധീനിക്കുന്നത്. നെഗറ്റീവ് എനർജി മനുഷ്യനിൽ വിഷം പോലെ പ്രവർത്തിക്കുന്നു. നമ്മളിലെ നെഗറ്റീവ് ചിന്തകളും നെഗറ്റീവ് ഇമോഷൻസും, മുൻകാലങ്ങളിൽ നമ്മുടെ മനസ്സിൽ മറ്റുള്ളവരിൽ നിന്നും മോശമായ സാഹചര്യങ്ങളിൽ നിന്നും കടന്നുകൂടിയിട്ടുള്ളതാണ്. നമുക്കും നമ്മുടെ കൂടെയുള്ള മറ്റുള്ളവർക്കും നൻമ ചെയ്യാത്തതും ഒരുപാട് ദോഷം ചെയ്യുന്നതുമായ പല ധാരണകളും പല ചിന്താഗതികളും പല വിശ്വാസങ്ങളും Mental Pollution ആയി നമ്മളിൽ നിലനിൽക്കുന്നുണ്ട്. നമ്മുടെ മനസ്സിലുള്ള ഈ മാലിന്യങ്ങളെകൂടി വളരെ ശക്തമായി കൈകാര്യം ചെയ്തു ഇല്ലാതാക്കിയാൽ മാത്രമേ നമുക്ക് സുഖവും സന്തോഷവുമുള്ള നല്ലൊരു ജീവിതം നയിക്കാൻ സാധിക്കൂ. നമ്മുടെ മനസ്സിലെ മാലിന്യങ്ങളുടെ പ്രധാന ലക്ഷണങ്ങൾ മറ്റുള്ളവർക്കു നൻമ ചെയ്യാത്തതും മറ്റുള്ളവരോട് സഹകരിക്കാത്തതുമായ വികൃതമായ സ്വഭാവങ്ങളാണ്. അസൂയ, അത്യാഗ്രഹം, അഹങ്കാരം, അനാവശയമായ ദേഷ്യം, മറ്റുള്ളവരെ അകാരണമായി കുറ്റപ്പെടുത്തുന്ന സ്വഭാവം,അമിതമായ ഭയം, കുറ്റബോധം, കളവ് പറയലും, കളവ് ചെയ്യലും, മറ്റുള്ളവരെ തരം താഴ്ത്തി പറയുന്ന ശീലം, ദുഷ്ടത മുതലായവ മനസ്സിലെ മാലിന്യങ്ങളാണ്. ഇത്തരം സ്വാഭാവ വൈകല്യങ്ങൾ ഒരാൾ സ്വയം മനസ്സിലാക്കുകയോ മറ്റുള്ളവർ പറഞ്ഞു കൊടുത്താൽ വിശ്വസിക്കുകയോ ചെയ്യുകയില്ല. ഏതെല്ലാം സ്ഥാനങ്ങളിലെത്തിയാലും എന്തെല്ലാം നേടിയാലും നാം സ്വയം ആത്മപരിശോധന നടത്തി ഈ Mind Pollution നെ ഇല്ലാതാക്കി നമ്മുടെ മനസ്സിനേയും സ്വഭാവത്തേയും ശുദ്ധീകരിച്ചാൽ മാത്രമേ സന്തോഷകരമായ ഒരു ജീവിതം നമുക്ക് ഉണ്ടാകുകയുള്ളൂ. മറ്റുള്ളവരുടെ കഴിവുകേടുകളെയും തെറ്റുകളെയും പൊറുക്കുകയും മറ്റുള്ളവർ ചെയ്യുന്ന സഹായങ്ങൾക്ക് നന്ദി പറയുകയും മറ്റുള്ളവരെ നിസ്വാർത്ഥമായി സ്നേഹിക്കുകയും കാലത്തിനനുസരിച്ച് പല പഴയ ചിന്താഗതികളും ശീലങ്ങളും മാറ്റുകയും ചെയ്ത് ഈ മൈൻഡ് പൊലൂഷനെ മാറ്റിയെടുക്കേണ്ടതുണ്ട്. ഇന്നത്തെ കലാപ്രകടനങ്ങൾ പോലും ടെൻഷൻ വർദ്ധിപ്പിക്കുന്നതും സന്തോഷിക്കാൻ ഒന്നുമില്ലാത്തതും Mind Pollution വർദ്ധിപ്പിക്കുന്നതുമാണ്.

ഒരു കുട്ടിയോട് മറ്റൊരാൾ 'നീ മണ്ടനാണ്' 'നീ വിരൂപനാണ്' 'നീ രോഗിയാണ് നീ ഓർമ്മശക്തി ഇല്ലാത്തവനാണ്' 'നീ ദുഷ്ടനാണ്' എന്നിങ്ങനെയുള്ള വാക്കുകൾ ആവർത്തിച്ചു പറഞ്ഞാൽ ആ കുട്ടിയുടെ മനസ്സ് അതു വിശ്വസിക്കുകയും സ്വീകരിക്കുകയും ചെയ്തു കുട്ടിയുടെ ഉപബോധമനസ്സിലേക്കു അവ കടന്നു ചെല്ലുകയും ചെയ്യുന്നതിന്റെ ഫലമായി ഈ ആശയങ്ങൾ ഉപബോധ മനസ്സ് യാന്ത്രികമായി ആ കുട്ടിയിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുകയും ചെയ്യും. ഇത്തരമാളുകൾ മനസ്സിന്റെ സ്വസ്ഥതക്കുവേണ്ടി ലഹരിവസ്തുക്കൾക്ക് അടിമപ്പെടാനും ഇടയുണ്ട്. ഇത്തരമാളുകളെ ശിക്ഷിച്ച് നന്നാക്കാൻ പറ്റില്ലെന്നു മാത്രമല്ല ശിക്ഷിക്കുന്നതുകൊണ്ട് കൂടുതൽ ദോഷത്തിലേക്കു പോകാനും ഇടവരും. അതുകൊണ്ട് ഒരു കുട്ടിയുടെ ജീവിതത്തെ മറ്റുള്ളവർ കഷ്ടത്തിലാക്കാതിരിക്കാൻ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്.

നമ്മുടെ മനസ്സ് എപ്പോഴും ചിന്തിച്ചുകൊണ്ടിരിക്കും. എന്തിനെപറ്റി കൂടുതൽ ചിന്തിക്കുന്നുവോ





അവ നമ്മളിലേക്കു ആകർഷിക്കപ്പെട്ടുകൊണ്ടിരിക്കും. ആയതിനാൽ നമുക്ക് ആവശ്യമുള്ളതിനെപറ്റി ചിന്തിക്കുന്ന ശീലവും നമുക്ക് ആവശ്യമില്ലാത്തതിനെപറ്റി പ്രത്യേകിച്ച് മറ്റുള്ളവരെപറ്റി അമിതമായി ചിന്തിക്കാതിരിക്കുന്ന ശീലവും നമുക്കു വേണം. ഈ പ്രപഞ്ചത്തിൽ മനുഷ്യർ സൃഷ്ടിച്ചിട്ടുള്ള സകല വസ്തുക്കളും ആദ്യം ജനിച്ചത് മനുഷ്യരുടെ മനസ്സിലാണ്. എല്ലാ ഭൗതികസുഖങ്ങളുമുള്ള വീടുകളിൽ നിന്നു പോലും ചില ഗൃഹനാഥൻമാരും കുടുംബത്തിൽ വിളക്കാകേണ്ട അമ്മമാരും ആൺകുട്ടികളും പെൺകുട്ടികളും വീടും വീട്ടിലുള്ളവരേയും ഉപേക്ഷിച്ച് എവിടേക്കോ പോകുന്നു. കുറെ നാൾ കഴിയുമ്പോൾ മിക്കവരും ഏതു വിധത്തിലെങ്കിലും തിരിച്ചെത്താറുണ്ടെങ്കിലും ഇത് ദയനീയമായ ഒരു സ്ഥിതിയാണ്. സ്വന്തം കുടുംബത്തിൽ നിന്നും കുടുംബത്തിലുള്ള മറ്റുള്ളവരാൽ പുറത്താക്കപ്പെടുന്ന ഗൃഹനാഥൻമാരും അമ്മമാരും വേറെയുമുണ്ട്. അടുത്തകാലത്തായി മനുഷ്യമനസ്സിനെപ്പറ്റി രസകരവും അത്ഭുതകരമായ പല അറിവുകളും വെളിപ്പെട്ടിട്ടുണ്ട്. ഭൗതികശാസ്ത്രത്തിലെ പല നിയമങ്ങൾക്കും വിധേയമായാണ് മനുഷ്യമനസ്സിന്റെ പ്രവർത്തനം എന്നതാണ് പ്രധാന കണ്ടുപിടുത്തം. ഇപ്പോൾ ഈ അറിവുകളെല്ലാം പല രാജ്യങ്ങളിലും വ്യാപകമായി പ്രചരിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. നമ്മുടെ നാട്ടിലും വിദ്യാർത്ഥികളെ ഈ പുതിയ അറിവുകൾ പഠിപ്പിച്ചു കൊടുത്ത് നമ്മുടെ സമൂഹത്തെ നല്ല നിലയിൽ സംരക്ഷിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ആവശ്യമാണ്.

# കൊച്ചിയുടെ ചരിത്രത്തെക്കുറിച്ചുള്ള സെമിനാർ 16-11-2016



സമൂഹം ചർച്ച ചെയ്യപ്പെടാത്ത നിരവധി ചരിത്രമുഹൂർത്തങ്ങൾ കൊച്ചിയുടെ ചരിത്രത്തിലുണ്ട്. ഇതിൽ പലരുടേയും ഓർമ്മകളിൽ തങ്ങി നില്ക്കുന്ന രേഖപ്പെടുത്തിയതും,രേഖപ്പെടാത്തതും,വായ്മൊഴിക്കായി തലമുറകൾ കൈമാറിയ സംഭവങ്ങളും എല്ലാം ഉണ്ട്. ഇന്നത്തെ തലമുറയ്ക്കും, വരും തലമുറകൾക്കും ഈ ചരിത്രവസ്തുതകളെക്കുറിച്ചുള്ള അറിവ് പകരുകയും തദ്വാരാ അവ സംരക്ഷിക്കപ്പെടുകയുമാണ് ഈ സെമിനാറിന്റെ ലക്ഷ്യം. ഓൾ ഇൻഡ്യ റേഡിയോയുടേയും, കൊച്ചി ബിനാലെയുടെയും സഹകരണത്തോടെ എറണാകുളം കരയോഗത്തിന്റെ ആഭിമുഖ്യത്തിൽ 2016 നവംബർ മാസം 16–ാം തീയതി രാവിലെ 10.00 മണിക്ക് ടി.ഡി.എം. ഹാൾ കാവേരിയിൽ വെച്ച് വിപുലമായ ചർച്ച സംഘടിപ്പിക്കുന്നു. ഈ ചർച്ചയിൽ പ്രൊഫ. എം.കെ. സാനു, ഡോ. കെ.ജി. പൗലോസ്, ഡോ.എം ലീലാവതി, പ്രൊഫ. തോമസ് മാത്യു, രവി കുറ്റിക്കാട്, കെ. ജെ. സോഹൻ, ജോൺപോൾ, ബോണി തോമസ്, പ്രൊഫ.സി.ആർ. ഓമനക്കുട്ടൻ, കെ. എൻ. ഗോപിനാഥ്, എസ്. രമേശൻ, നെൽസൺ ഫെർണാണ്ടസ്, ടി. കലാധരൻ തുടങ്ങിയവർ പങ്കെടുക്കുന്നു. എല്ലാ കരയോഗാംഗങ്ങളുടെയും, കൊച്ചി നിവാസികളുടെയും സഹകരണവും സാന്നിദ്ധ്യവുമുണ്ടാകണമെന്നഭ്യർത്ഥിക്കുന്നു.

**EKNM POLYCLINIC** Ernakulam karayogam Navathi Memmorial Polyclinic

**കേരളസാമൂഹ്യസുരക്ഷ മിഷൻ 'വയോമിത്രം' ലോകവയോജനദിനത്തോടനുബന്ധിച്ച് പോളിക്ലിനിക്കിൽ വയോജനങ്ങൾക്കായുള്ള മെഡിക്കൽ ക്യാമ്പ് നവംബർ 14–ാം തീയതി 2.00 മണിക്ക് നടത്തപ്പെടുന്നതാണ്.**

# കിനാവിലെ കണ്ണീർമുത്തം



**പറവൂർ രാജഗോപാൽ**

ഒരുപാട് നാളുകൾക്ക് ശേഷം അയാൾ സ്വന്തം അമ്മയെപ്പറ്റി ആലോചിക്കുയായിരുന്നു. വെറ്റിലക്കറ പുരണ്ട പല്ലുകൾ..... വെയിലിന്റെ തെളിവ് തൂവെള്ള മല്ലും റൗക്കയുമണിഞ്ഞ് നെറ്റിയിൽ നീണ്ടൊരു ഭസ്മക്കുറിയും ചുണ്ടുകളിൽ അവസാനിക്കാത്ത ജപചിന്തകളുമായി.....

പരിഭവങ്ങളില്ലാതെ, പരിദേവനങ്ങളില്ലാതെ അമ്മ.

ജീവിതത്തിന്റെ മണൽക്കാടുകൾ താണ്ടാൻ തുടങ്ങും മൻപൊരു കാലം

അന്ന്, അയാൾ തന്റെ അമ്മയെ മറന്നിരുന്നില്ല. അതുകൊണ്ടു തന്നെ ആലോചിച്ചെടുക്കേണ്ടതായ ഒരു ബുദ്ധിമുട്ടും അന്നൊഴിവായി കിട്ടിയിരുന്നു.

അന്ന്, അയാളിലെ മകൻ വളർന്ന് ഒരു മനുഷ്യനായിട്ടില്ല. മറക്കാനും വെറുക്കാനും അന്നവൻ പഠിച്ചുകഴിഞ്ഞിട്ടില്ല.

പിന്നീട് മകൻ വളർന്ന് മനുഷ്യനായപ്പോൾ മനസ്സിന്റെ നൂറുകൂട്ടം നൂലാമാലകൾക്കിടയിൽ ചരുണ്ടു കൂമ്പി അറ്റം കാണാത്ത ഒരു മൂടലിൽ മായുകയായിരുന്നു അമ്മ.

അമ്മയുടെ നെഞ്ചിനുള്ളിൽ ഗദ്ഗദങ്ങൾ ഇരമ്പലായി മാറി.

പടിയിറങ്ങിപ്പോയ മകനുവേണ്ടിയവർ മനം നൊന്ത് പ്രാർത്ഥിച്ചു. വഴിപാടുകൾ നേർന്നു. കണ്ണീരോടെ കാത്തിരുന്നു.

പിന്നെ, ഓരോ കാലത്ത് ഓരോ ദുർദശയെന്നു കരുതി അമ്മ സമാധാനിക്കുകയായിരുന്നുവോ?

പ്രസവിച്ചിട്ടും നഷ്ടപ്പെട്ടുപോയ ഒരു മകനെ ച്ചൊല്ലി ആ അമ്മയുടെ മുഖത്ത് പിൽക്കാലത്തെന്നും സ്വാസ്ഥ്യം കെടുത്തുന്ന എന്തോ ഒന്ന് ഒരു കൽവര പോലെ പതിഞ്ഞുകണ്ടിരിക്കണം.

അതിനിടയിലൂടെ ഇടയ്ക്ക് ഒരബദ്ധം പോലെ കാണാനാവുന്ന അമ്മയുടെ ചിരിയും കരച്ചിലും.

മകനുമൊത്തിരുന്നുണ്ട് ഒരു പിറന്നാൾ ആഘോഷിക്കാൻ, പുത്തരിയുണ്ണാൻ ഓണമുണ്ണാൻ ഒക്കെ അമ്മ കൊതിച്ചിരുന്നു. അവരുടെ അടുപ്പുകളിലെ കെടാത്ത കനലുകളിൽ എപ്പോഴും കടുംകാപ്പിയുണ്ടാകും. മച്ചുമ്പുറങ്ങളിലെ വട്ടികളിൽ പാരമ്പര്യത്തിന്റെ കൊണ്ടാട്ടങ്ങളും ഉപ്പിലിട്ട സങ്കല്പങ്ങളും.

ഒക്കെയുമൊരുക്കി കാത്തിരുന്നപ്പോഴെന്നും അയാൾ കടന്ന് ചെന്നില്ല. ഇന്നിപ്പോൾ അമ്മയില്ലാതെ, ആളൊഴിഞ്ഞ ഒരു വീടിന്റെ മച്ചുമ്പുറങ്ങളിൽ തൊണ്ടായ നെൻമണികളും, ഉണ്ടൻ കുത്തിയ വല്ലങ്ങളും, ഭദ്രമായി അടച്ച മുളങ്കുറ്റിയിൽ പൊടിഞ്ഞു തീർന്നിരിക്കാവുന്ന അമ്മയുടെ പാവയ്ക്കാ കൊണ്ടാട്ടവും മറ്റൊരു മൺകുടത്തിൽ കാലം ഭസ്മാക്കിയ അരിയുടെ അവശിഷ്ടവും മാത്രമാവും ബാക്കി.

അമ്മ മരിച്ചു! കാർഡിയാക് അറസ്റ്റ്.

ദൂരെ എഴുപതുനാഴിക അകലെ താമസസ്ഥലത്തു വന്നെത്തിയ സന്ദേശത്തിലെ ആദ്യത്തെ വാചകം വായിച്ചു.

മനസ്സിൽ ഒരു വടം വലി നടന്നു. ഒടുവിൽ ഒന്നു പോയി. തളത്തിനുമപ്പുറം, വാതിൽക്കൽ നിലക്കുന്നവർക്കുമിടയിലെ വിടവിലൂടെ അയാൾ ആദ്യം കണ്ടത് ശുഷ്കിച്ച കാലടികളാണ്. തുടർന്ന് വെള്ളത്തുണികൊണ്ട് പൊതിഞ്ഞരൂപം. തളത്തിന്റെ ഒരരുകിൽ ചുവർചാരി തളർന്നിരിക്കുന്ന ഏട്ടത്തി. തേങ്ങലുമായി ചില മുഖങ്ങൾ വേറെയും.

തനിക്കു പ്രവേശിക്കാൻ അധികാരമില്ലാത്ത ഒരിടത്ത് എത്തപ്പെട്ട അസ്വാസ്ഥ്യത്തോടെ അയാൾ നെറ്റിയിൽ വിരലുകൾ ഓടിച്ചു കൊണ്ടിരുന്നു വിയർത്തു.

പഴയൊരു വീടും പരിസരവും തന്നിൽനിന്ന് ഏറെ അകന്നു കഴിഞ്ഞതായി തോന്നി. വെറും തോന്നൽ എന്ന് തിരുത്തുകയാണ് ഇന്ന്. കളിച്ചു നടന്ന പുൽത്തകിടികളും, കയറിയിറങ്ങിയ കുന്നുകളും, കവണയെറിഞ്ഞ വൃക്ഷത്തലപ്പുകളും എങ്ങനെ മറക്കാൻ? ഒരു കാലത്ത് എത്ര വലിയ ആഘാതമായിരുന്നു വീട് നഷ്ടപ്പെടുന്നുവെന്നതോർത്ത്. ഒരു കൊച്ചു കുട്ടിയുടെ മനസ്സിലെ ദുഃഖമായിരുന്നു.

വീട് തനിക്കു തരാൻ ആർക്കും തോന്നിയില്ല. അമ്മയ്ക്കെങ്കിലും പറയാമായിരുന്നു. എന്തുകൊണ്ട് പറഞ്ഞില്ല?'ഭാഗത്തിനു സമ്മതിക്കരുത്. വഴക്കടിക്കണം. വഴക്കടിച്ചു മേടിക്കണം' ആരൊക്കെയോ പിൻതാങ്ങിയിരുന്നു.

തറവാട് ഏട്ടത്തിക്കായ് കിട്ടി. കുടുബത്തിന്റെ കണ്ണികൾ നുറുങ്ങിപ്പൊട്ടി. അയാൾ പിണങ്ങി പടിയിറങ്ങി.





ഇന്ന് ദൂരെ പാതയ്ക്കപ്പുറം എഴുപതുനാഴിക അകലെ ഒരു വെളിസ്ഥലത്ത് ക്രിസ്തുമസ് കേക്കിന്റെ ആകൃതിയിൽ ഒരു മണിമാളികയുണ്ട് അയാൾക്ക്. അവിടെ നിലത്ത് ചായപ്പണികൾ ചെയ്ത പരവതാനികൾ വർണ്ണചിത്രങ്ങൾ അലങ്കരിക്കുന്ന ഉള്ളറകൾ. കണ്ണാടിച്ചില്ലുപതിച്ച മേശകളും ഊഞ്ഞാലാടുന്ന കിളിയിരിക്കുന്ന ക്ലോക്കും.

എന്നാൽ വീട് എന്നുപറയാൻ തക്ക ഒന്ന് അന്ന് ഉണ്ടായിരുന്നുവോ? മതിൽകെട്ടി വേർതിരിക്കാത്ത ഒരൊഴിഞ്ഞ പറമ്പിന്റെ നടുവിലായി ആരാന്റെയോ ദയ കൊണ്ടുകെട്ടിയുണ്ടാക്കപ്പെട്ട കൂരയായിരുന്നു അന്ന് വീട്.

ചില്ലു ജാലകങ്ങളില്ലാതെ

സ്വീകരണ മുറികളില്ലാതെ.

എന്നിട്ടും അങ്ങനെയൊരു സ്ഥലം ഓമനിക്കാൻ തോന്നുന്ന ഓർമ്മയാണ് ഇന്ന്.

അയാളും അമ്മയും ഏട്ടത്തിയും ക്ലേശിച്ചു ജീവിക്കാൻ നിയോഗമുള്ള മനുഷ്യകോലങ്ങളായിട്ടാണ് ജീവിതം തുടങ്ങുന്നത്. തുടർന്നുപോയ്ക്കൊണ്ടിരുന്നത്.

ഭാഗത്തിൽ നഷ്ടമായൊരു വീട് തറവാട് ഏട്ടത്തിതന്നെ അദ്ധ്വാനിച്ചുയർത്തിയതാണ്. അന്ന് അത് തന്റെ കൂടി പേരിൽ വാങ്ങിയെന്നത് അവർക്കുപിണഞ്ഞൊരബദ്ധം.

ഇല്ലിമുള്ളുകളും മുളവടികളും കൊണ്ടുണ്ടാക്കിയ ഒരു പടി കടന്നാൽ, ഉമ്മറത്ത് ചാണകം മെഴുകിയ ഇറയത്തിരുന്ന് അമ്മ നാമം ജപിക്കുന്നുണ്ടാകും. അപ്പോൾ ഉമ്മറത്തെ നിലത്തിന്റെ കാവി നിറമായിരിക്കും അമ്മയുടെ ചുണ്ടുകൾക്ക്.

ഏട്ടത്തി ഇന്നും തന്റെ തിരിച്ചുവരവും പ്രതീക്ഷിച്ച് അതേ പഴയ കയറ്റുകട്ടിലിൽ ഇരിപ്പാണോ? എങ്കിൽ ക്ഷമിക്കുക. പെറ്റമ്മയുടെ ഒരൊറ്റ മോഹം പോലും സാധിതമാക്കാനാവാത്ത ഒരുവനുവേണ്ടി വൃഥാ ഒരു കാത്തിരിപ്പ് മറ്റൊരബദ്ധമാവും.

പലതും ആകണമെന്ന് അയാൾ മോഹിച്ചു. ആരുമായില്ല. കുട്ടിയായിരിക്കെ മലയാളം പഠിച്ച് കുഞ്ചൻനമ്പ്യാരാവാനായിരുന്നു മോഹം. ഒന്നുമായില്ല. പലതും തൊട്ടുനോക്കി. ഒന്നിലെങ്കിലും വിദഗ്ധനായില്ല.

ഇന്ന് പയ്യാംപിള്ളിൽ ശേഖരപിള്ള ഗോപാലപിള്ളയെന്ന തന്റെ, ഭാഗ്യത്തിന്റെ കഥ മറ്റുള്ളവർ പറഞ്ഞു കേൾക്കെ, എന്തേ അയാൾ നിശബ്ദനായിപ്പോവുന്നു.

നേടിയതിലും കൂടുതൽ നഷ്ടങ്ങളാണ്. നഷ്ടങ്ങൾ മാത്രം പെരുകുന്നു. സ്നേഹിക്കപ്പെട്ട പലതും നഷ്ടമായിപ്പോയി. സ്നേഹിച്ചു വളർത്തിയ ഒരു നായ തെണ്ടിപ്പോയി. സ്നേഹിക്കപ്പെട്ട അമ്മയും മൺമറഞ്ഞു. ഒന്നു കരയണമെന്നുണ്ട്. കണ്ണുകൾ നനയുന്നില്ല. ഒരു കുറ്റബോധം മനസ്സിൽ ഉയർന്നു വരികയാണ്.

നാളെ അമ്മയുടെ ചരമദിനമാണ്.

കൊല്ലത്തിലൊരിക്കൽ കലണ്ടറിലെ ചുവപ്പും കറുപ്പുമായ അക്കങ്ങൾ ഓർമ്മിപ്പിക്കുന്നു. അമ്മയുടെ ചരമദിനം വരുന്നു. ആറടി നീളവും നാലടി വീതിയുമുള്ള ഒരു ശവകുടീരത്തിൽ അമ്മേയുടെ ചിതൽ പിടിച്ച എല്ലുകൾ കിടക്കുന്നു. ആ ശവകുടീരത്തിൽ അയാൾ പൂക്കൾകൊണ്ടുചെന്നു വയ്ക്കുന്നു. പൂക്കൾ അമ്മക്കിഷ്ടമായിരുന്നു പൂമ്പാറ്റകളേയും.

ഒറ്റയ്ക്കാവുന്നു. ഒറ്റപ്പെടുന്നു. എന്നൊക്കെയുള്ള തോന്നൽ അയാളിൽ തുടങ്ങിവെച്ചത് അരുന്ധതിയുടെ വേർപാടോടെയാണ്.

ആദ്യം അരുന്ധതി.

പിന്നെ അവളുടെ മക്കൾ ഓരോരാത്തരായി, മക്കളും മരുമക്കളുമായി മാറിത്താമസിച്ചു. ഇപ്പോഴിതാ ഉണ്ണിയും. അരുന്ധതി പോയത്. മറ്റൊരു ലോകത്തേക്കാണ്. ഉണ്ണിയെ തന്റെ കൈകളിൽ വളരാൻ വിട്ടിട്ട്. ഉണ്ണിയെങ്കിലും വീടിന്റെ ശബ്ദ ചൈതന്യമായി എന്നും അടുത്തുണ്ടാവുമെന്ന് വിശ്വസിച്ചിരുന്നു.

ഒരു കാലത്ത് തന്നെച്ചൊല്ലി അങ്ങനെ അമ്മയും വിശ്വസിച്ചിരിക്കാം. ഉണ്ണിയും പോവുകയാണ് അവന്റെ ഭാര്യ വീട്ടുകാർ നിർബന്ധിക്കുന്നു. അച്ഛനെ തനിച്ചാക്കി അവനും അകലുന്നു. ഇന്ന് മുപ്പത്തഞ്ചു വർഷങ്ങൾക്കുശേഷം അയാൾ സ്വന്തം അമ്മയെപ്പറ്റിത്തന്നെ ഓർമ്മിച്ചു.

അമ്മയായിരുന്നു സ്നേഹം, അമ്മയായിരുന്നു ശക്തിയും ആശ്രയവും. ആ സ്വരം അയാൾക്ക് ഒരു സാന്ത്വനമായിരുന്നു. അമ്മ മഹതിയായ ഒരു സ്ത്രീ ആയിരുന്നു. കോണകമുടുത്തു നടന്ന കാലത്തേ അയാൾക്ക് അമ്മയോടായിരുന്നു പ്രിയം.

എടാ ഗോപാലാന്ന് ഒരു വിളി.

സമയം, ആഴ്ച, തീയതി ഇവയെച്ചൊല്ലിയുള്ള അറിവുകളും അറിയായ്മകളും കല്പനകൾ, നിർദ്ദേശങ്ങൾ ഇവയിലൂടെ അമ്മ കടന്നു വരുന്നു. ചുളിവുകൾ വീണ ആ നെറ്റിത്തടത്തിൽ ഭസ്മക്കുറി തെളിഞ്ഞു കാണാം. ഉഴവുചാലുകൾ പോലെ ആഴംവീണ വരകൾ കവിളുകളിലൂടെ നീണ്ടു കിടക്കുന്നു. ദിവസങ്ങൾ തീർന്നു കിട്ടിയെന്ന ആശ്വാസം അമ്മേയ്ക്കില്ല.

അമ്മയ്ക്കു വേണ്ടി ദിവസങ്ങൾ പുലരുന്നു.

ഉറക്കത്തിൽ പൊഴിയുന്ന മാവിലകളുമായി അമ്മയുടെ ഉണർവും പ്രതീക്ഷിച്ചു കിടക്കുന്ന ഒരു മുറ്റം അയാൾ മുന്നിൽ കണ്ടു. ശേഷിച്ച ജീവിതത്തിനിടയിൽ ഒരിക്കൽ കൂടി അമ്മയെ കാണാൻ കഴിഞ്ഞെങ്കിലെന്ന് അയാൾ ആഗ്രഹിച്ചുപോയി.

മറ്റേതോ ഒരു ലോകത്തു നിന്ന് കാറ്റായ് മഴയായ് പിന്നെ പൊഴിഞ്ഞ് വന്ന് ജാലകങ്ങളിലും വാതിലുകളിലും മുട്ടി വിളിച്ച് മക്കളെ അമ്മയെന്നവർ വിളിച്ചുപറയുന്നുണ്ടെന്ന് അയാൾക്ക് തോന്നി. കഴിഞ്ഞ രാത്രി എപ്പോഴോ നിശബ്ദം നിശ്ചലമായിപ്പോയ നാഴികമണിക്കൊപ്പം അയാളുടെ ഉറക്കവും പാതിമുറിഞ്ഞ് പൊയ്പ്പോയിരുന്നു. സമയവുമായുള്ള കൂട്ടിക്കെട്ടലുകൾ മുറിഞ്ഞുപോയ ഒരു മനസ്സുമായി മലർന്നു കിടക്കേ, വെളിയിൽ അകലെയല്ലാതെ മണലിൽ കാൽപതിയുന്ന വ്യക്തമായ ഒരൊച്ച.

മുന്നിൽ ഇരുട്ടിൽ മങ്ങലായി കാണുന്ന നാഴികമണി. കിഴക്കിന്റെ വെള്ളകീറാൻ ഒരു പകുതി രാവുകൂടി ബാക്കിയാവുന്നുണ്ട്.

ദൂരത്തെവിടെയോ ഒരു കാക്ക കരഞ്ഞോ? അയാൾ വിശ്വാസങ്ങളെപ്പറ്റി ഓർത്തു. ഉറങ്ങിയില്ല. ഉണർന്നു തന്നെ കിടന്നു. വെളിയിൽ കാറ്റത്ത് മൂന്നുനാലുമാവിൻ കൊമ്പുകളാവണം അടർന്നു വീണത്. ഒപ്പം എങ്ങോ തകർന്നുനിലം പൊത്തിയ ഒരു പുളിയുറുമ്പിൻ കൂട്...!

പുറത്തു രാത്രിയുടെ ശബ്ദങ്ങൾ പെയ്തുകൊണ്ടിരുന്നു. പൂർവ്വജൻമങ്ങളുമായി തന്നെ ബന്ധിപ്പിക്കുന്ന ഒരജ്ഞാത ശക്തി തനിക്കു സമീപം നിലയുറപ്പിച്ചിട്ടുള്ളതായി അയാൾ കരുതി. തന്റെ മുറിയെന്നു സങ്കല്പിക്കപ്പെട്ടിരിക്കുന്ന സ്ഥലത്തിനുമപ്പുറം ആരൊക്കെയോ വന്നുനിൽക്കുന്നതായി സ്വയം ബോധ്യപ്പെടുത്താൻ തനിയെ ഒരു ശ്രമം പോലും അയാൾ നടത്തി.

ചുറ്റും കനത്ത നിശബ്ദത കൊഴുത്തുനിന്നു. ഇരുട്ടിൽ എവിടെയോ ഇരുന്നു കരയുന്ന പാതിരാ പക്ഷിയുടെ മുറിഞ്ഞുപോകുന്ന വിലാപം. അയാളുടെ കണ്ണിന്റെ കൃഷ്ണമണികളിൽ ഒരു ഗ്രാമവും വൈക്കോൽ മേഞ്ഞ പുരയും പടിക്കലെ നെൽവയലുകളും പടിഞ്ഞാറോട്ടുള്ള കുന്നും ഒരവ്യക്ത ചിത്രമായി. അയാളുടെ ചിന്തകളിൽ മുടികൊഴിഞ്ഞ മൊട്ടക്കുന്നുകൾ ഉയർന്നുവന്നു. പിന്നെ ഇരുട്ടിൽ മുറിയുടെ വാതിൽ ആരോ വലിച്ചുതുറക്കുകയായിരുന്നു.

ഇരുട്ടിൽ അയാൾക്ക് പെട്ടെന്ന് ആളെ തിരിച്ചറിയാനായില്ല.

'ആരാത്...?'

'ഇത് ഞാനല്ലേ...!' അമ്മയുടെ കണ്ണുകളുടെ ഇമകൾ വളരെ നീണ്ടവയാണെന്ന് അയാൾ നോക്കി കണ്ടു.

'അമ്മയ്ക്കുവേണ്ടി ഞാനെന്തു ചെയ്തു? ഒന്നും ചെയ്യാനൊത്തില്ല.'

'അതങ്ങിനേ വരൂ. അമ്മമാർക്കുവേണ്ടി മക്കൾക്ക് അധികോന്നും ചെയ്തെന്നു സമാധാനിക്ക്യ വയ്യാ. അതാ അത്ന്റെ ഒര് നെല. നിന്റെ മാത്രം ദുഃഖാവ്വില്ലത്. ഈ കാലത്തിന്റെ മുഴോൻ ദുഃഖാ.'

അമ്മയുടെ കണ്ണുകളുടെ മൂലകളിൽ നിന്ന് ഒരേസമയത്ത് രണ്ടുതുള്ളികൾ ഇറ്റുവീഴുന്നുണ്ടായിരുന്നു. കിനാവിൽ അമ്മയുടെ കണ്ണുനീർ അയാളുടെ മനസ്സിന്റെ മുറ്റത്തു വീണു.

ചുളിവുകൾ വീണ അമ്മയുടെ കൈത്തലങ്ങൾ മെല്ലെ തലോടിയിരിക്കെ, മൊഴിമുട്ടിയ ഒരു വിമ്മിഷ്ടമായിരുന്നു അനുഭവിച്ചു തീർന്നത്.

മരങ്ങൾ ഇരുട്ടിലായിരുന്നു. എന്നിട്ടും ആകാശത്തിന്റെ നരച്ച നിറത്തിലൂടെ പറന്നുപോകുന്ന പക്ഷികളെ അപ്പോൾ അയാൾ കണ്ടിരുന്നു. വഴിയോരത്ത് ഒരു രാജമല്ലിച്ചെടിയിൽ പടർന്നു കയറുന്ന ഒരു കാറ്റും.

'നേരമേറെ ആയിരിക്കണൂ. ഞാമ്പോയാ ഇനിയെന്റെ മോൻ തനിച്ചാവ്വ്യോ?'

അമ്മയുടെ ചുണ്ടുകളിൽ പറയാത്തവാക്കുകൾ ഉറഞ്ഞു കൂടി. മെല്ലെ വീശുന്നകാറ്റിൽ അമ്മയുടെ വെളുത്തമുടിയിഴകൾ ചലിക്കുന്നത് അയാൾ കണ്ടു.

നടന്നോളൂ, യെങ്കിൽ..!

മനസ്സിലേക്ക് കുളിരിന്റെ ഒരലവന്നുവീണതു പോലെ. വർഷങ്ങൾ തന്നിൽ നിന്നുകൊഴിഞ്ഞു തീർന്നതുപോലെ.

കാൽപെട്ടിക്കരികെ, വിരലുകൾ ഞൊടിച്ചു നിൽക്കുന്ന വള്ളിനിക്കറിട്ട ഒരു ചെറുക്കനാണിപ്പോൾ അയാൾ. അവർ അവനെ ഒരു തൂവൽപോലെ സ്വന്തം നെഞ്ചോടു ചേർത്തു.

'ഇന്നോടെ നിന്നിൽ സർവ്വപാപങ്ങളും ഉരുകിത്തീരുന്നു. അമ്മ മോനു വേണ്ടി ഇന്ന് ഈ പുണ്യാഹവും പുണ്യാഹാരവും തരുന്നു.'

വെളിച്ചംവിടരുന്നതിനുമുൻപുള്ള അവസാനത്തെ ഇരുട്ട്.

അയാൾ അമ്മയ്ക്കൊപ്പം അടികൾവെച്ചു. പുല്ലും പാഴ്ച്ചെടികളും വളർന്ന ഒരു മുറ്റവും പിന്നിട്ട്... ●





# ഭിക്ഷ നല്കരുത്



**യു.എസ്.രവീന്ദ്രൻ**

ഭിക്ഷാടനം ഒരു വൻ വ്യവസായവും, മോഷണത്തിനും, അക്രമങ്ങൾക്കും ഒക്കെയുള്ള ഒരു മറയായും മാറിയിരിക്കുന്നു. ഇന്ന് അതിനെക്കുറിച്ച് ഒന്ന് ചിന്തിക്കുക എന്നുള്ളത് അത്യാവശ്യമായി വന്നിരിക്കുകയാണ് കഴിഞ്ഞയാഴ്ച വാട്ട്സ് ആപ്പിൽ ഒരു മെസ്സേജ് വന്നിരുന്നു. ആലപ്പുഴയിൽ ശ്രീജിത്ത് എന്ന 7-ാം ക്ലാസ്സ് വിദ്യാർത്ഥിയെ കാണാതായിരിക്കുന്നു എന്ന് അറിയിച്ചു കൊണ്ട് കൂട്ടുകാരന്റേതായിരുന്നു മെസ്സേജ് .കാലത്ത് സ്കൂളിൽ പോയതാണ്. ക്ലാസ്സിൽ എത്തിയിരുന്നില്ല. രണ്ടു മൂന്നു ദിവസമായി അന്വേഷണം തുടങ്ങിയിട്ട്. ഒരു വിവരവുമില്ലത്രേ. വേറൊരു കുട്ടിയെ രണ്ടു ദിവസം മുമ്പ് കോട്ടയം റെയിൽവേ സ്റ്റേഷനിൽ ശരീരത്തിൽ പരിക്കുകളോടെ കണ്ടതായും മെസേജ് വന്നിരുന്നു. അച്ഛനമ്മമാർ കുട്ടിയെ തിരിച്ചറിയുകയാണെങ്കിൽ വന്ന് കൂട്ടികൊണ്ടു പോകണമെന്ന് ആവശ്യപ്പെടുന്നതായിരുന്നു മെസേജ്. കുട്ടി ഏതോ ഭിക്ഷക്കാരിൽ നിന്നും ഓടി രക്ഷപ്പെട്ടതാണത്രേ.

അടുത്തകാലത്തായി ക്ലോറോഫോം കുപ്പിയോടു കൂടി ഒരു സ്ത്രീയെ ബോംബെ പോലീസ് അറസ്റ്റ് ചെയ്തതായി പത്രത്തിൽ വായിച്ചു. ആ സ്ത്രീയെ ചോദ്യം ചെയ്തപ്പോൾ മുന്നൂറോളം സ്ത്രീ പുരുഷൻമാർ അവരുടെ ഗ്രൂപ്പിൽ ഉണ്ടെന്നും കുട്ടികളെ ക്ലോറോ ഫോം മണപ്പിച്ച് ബോധം കെടുത്തി തട്ടികൊണ്ടു പോകുന്നതാണ് അവരുടെ ജോലി എന്നും ആ സ്ത്രീ പോലീസിനെ അറിയിച്ചു.കുട്ടികളെ തട്ടികൊണ്ടുപോയി അംഗഭംഗം വരുത്തി തിരിച്ചറിയാത്ത വിധത്തിലാക്കി ഭിക്ഷാടനത്തിനുപയോഗിക്കുന്ന ഭിക്ഷാ വ്യവസായ മാഫിയ സംഘങ്ങൾ ഇവിടെ വളരാൻ തുടങ്ങിയിട്ടുണ്ട്.

ശബരിമലയിൽ സീസൺ ആയാൽ പൂർണ്ണ ആരോഗ്യമുള്ളവർക്ക് എത്തിച്ചേരാൻ ബുദ്ധിമുട്ടുള്ള സ്ഥലങ്ങളിൽ പോലും കാലില്ലാത്തവരും കണ്ണില്ലാത്തവരും ഇരുന്നും കിടന്നും ഭിക്ഷയാചിക്കുന്നത് കാണാം. ഇവരെല്ലാം ഭിക്ഷാവ്യവസായത്തിലെ ഓരോ കണ്ണികളാണ്. സീസൺ തുടങ്ങുന്നതിനു മുമ്പു തന്നെ ഇവരെയെല്ലാം ലോറിയിൽ കൊണ്ടുവന്ന് പലപല ലൊക്കേഷനുകളിൽ ഭിക്ഷാവ്യവസായത്തിന്റെ ഏജന്റുകൾ പ്രതിഷ്ഠിക്കുന്നു. ഓരോ ദിവസത്തേയും വരുമാനം ഈ ഏജന്റുകൾ വന്ന് ശേഖരിച്ച് അവരുടെ രഹസ്യമായ മുഖ്യ ഓഫീസിൽ എത്തിക്കുന്നു.

**അങ്ങനെയുള്ള ഒരു സംഘടനയുടെ പ്രധാനപ്പെട്ടഏജന്റാണ് ഗോവിന്ദചാമി എന്ന പേരിലറിയപ്പെടുന്ന ചാർളി തോമസ്. വളരെ ക്രൂരമായ കുറ്റ കൃത്യം ചെയ്തിട്ടു പോലും ആകാശപറവകൾ ഏറ്റെടുത്ത ചാർളി തോമസിനു വേണ്ടി വാദിക്കാൻ ലക്ഷങ്ങൾ മുടക്കി സംഘടന ബിജു ആന്റണി വക്കീലിനെ നിയോഗിച്ചിട്ടുണ്ട്. ചാർളിതോമസിനു ലഭിച്ചേക്കാവുന്ന തൂക്കുകയർ ഊരിമാറ്റുവാൻ ആകാശപറവയിലുള്ള രാഷ്ട്രീയക്കാരും മതമേലാളൻമാരും ഇടപെട്ടിട്ടുണ്ട്.**

നമ്മുടെ സംസ്ഥാനത്ത് ഭിക്ഷാവ്യവസായ മാഫിയ പിടി മുറുക്കിയിരിക്കുന്നു. മിക്കവാറും എല്ലാവരും അന്യസംസ്ഥാനത്തിൽ നിന്നുള്ളവരാണ്. കേരളത്തിൽ നിന്നും കാണാതാകുന്നവരെ അന്യസംസ്ഥാനങ്ങളിൽ ഈ മാഫിയ ഉപയോഗിക്കുന്നുണ്ടാവാം. പണ്ട് ബ്രിട്ടീഷുകാർ ഇന്ത്യ ഭരിച്ചിരുന്ന കാലത്ത് അന്നത്തെ വൈസ്രോയിയായിരുന്ന മെക്കാളെ പ്രഭു ബ്രിട്ടീഷ് പാർലമെന്റിൽ നടത്തിയ പ്രസംഗത്തിന്റെ (02.02.1835) ചില ഭാഗങ്ങൾ ഇങ്ങിനെയാണ്. 'ഞാൻ ഇന്ത്യയിൽ അങ്ങോളമിങ്ങോളം യാത്ര ചെയ്തിട്ടുണ്ട്. പക്ഷേ അവിടെയൊന്നും എനിക്ക് ഒരു ഭിക്ഷക്കാരനേയോ പിടിച്ചുപറിക്കാരനേയോ കാണാൻ കഴിഞ്ഞിട്ടില്ല. ഇന്ത്യ അത്രയ്ക്കും സമ്പൽ സമൃദ്ധമാണ്. മാനുഷി കമൂല്യങ്ങൾക്ക് ഇത്രയും വില കൽപ്പിക്കുന്ന സമ്പൽ സമൃദ്ധമായ ഈ രാജ്യത്തെ നമുക്ക് ഒരിക്കലും കീഴടക്കാൻ സാദ്ധ്യമല്ല. അവരുടെ നട്ടെല്ലായ ആത്മീയവും സാംസ്കാരികവുമായ പാരമ്പര്യത്തെ തകർക്കാതെ അവരെ കീഴടക്കുവാൻ ബ്രിട്ടീഷ്കാർക്ക് സാധിക്കുകയില്ല. അതിനുള്ള ഏക വഴി അവരുടെ പൗരാണിക വിദ്യാഭ്യാസ സമ്പ്രദായത്തെ തകർക്കുക എന്നതാണ്. അതിനുവേണ്ടത് ഇംഗ്ലീഷാണ് ഇന്ത്യൻ ഭാഷകളേക്കാൾ മെച്ചമെന്ന് ഇന്ത്യക്കാർക്ക് തോന്നണം. അപ്പോൾ അവരുടെ ആത്മാഭിമാനം നഷ്ടപ്പെടും അധമ മനോഭാവം ഉടലെടുക്കും. അപ്പോൾ നമ്മൾ ഉദ്ദേശിക്കുന്നതു പോലെ അവരെ നമ്മുടെ ചൊൽപ്പടിക്ക് നിർത്താം'. അവർ ഉദ്ദേശിച്ചതുപോലെ തന്നെ ഇംഗ്ലീഷ് ഭാഷ പഠിച്ച് ഇന്ത്യാക്കാർ ഇന്ത്യൻ ഭാഷകളേയും സംസ്കാരത്തേയും തള്ളി പറഞ്ഞ് കേമൻമാരായി. നമ്മുടെ പാരമ്പര്യം മറന്നുപോയി. അവസാനം ബ്രിട്ടീഷുകാർ ഇന്ത്യ കൊള്ളയടിച്ച ശേഷം സ്വാതന്ത്ര്യം തന്നപ്പോൾ കുറേ

ഭിക്ഷക്കാരേയും കള്ളൻമാരെയും കൂടി സൃഷ്ടിച്ച് തന്നിട്ട് പോയി. സ്വാതന്ത്ര്യം കിട്ടി 69 വർഷം കഴിഞ്ഞിട്ടും ഇക്കാര്യത്തിൽ വലിയ മാറ്റമൊന്നും ഉണ്ടായിട്ടില്ല. മിനിമം ഭക്ഷണവും, വസ്ത്രവും അന്തിയുറങ്ങാൻ ഒരിടവുമുണ്ടെങ്കിൽ ആരും ഭിക്ഷ യാചിക്കാൻ നടക്കുകയില്ല.

ആഹാരം യാചിച്ചു വാങ്ങി ഉപജീവനം കഴിക്കുന്ന തെണ്ടൽ ഇന്നു മാനം കെട്ട തൊഴിലാണ്. പല നഗരങ്ങളിലും ഭിക്ഷാടനം നിരോധിച്ചിട്ടുണ്ട്. എന്നാൽ പ്രാചീന ഭാരതത്തിൽ ഹിന്ദുബുദ്ധ ജൈന മത സന്യാസികൾ ഭിക്ഷാടനം കൊണ്ട് ജീവിച്ചിരുന്നു. ഇത് ദാരിദ്ര്യം കൊണ്ടായിരുന്നില്ല. അവർക്ക് ഭക്ഷണം നൽകി സൽക്കരിക്കാൻ കഴിയുന്നത് ഭാഗ്യമായി കരുതുന്നവർ ഏറെയുണ്ടായിരുന്നു. ഐഹികപ രാങ്മുഖരായ മതാചാര്യൻമാർ ഭിക്ഷ എടുത്താണ് ജീവിച്ചിരുന്നത്. വസിഷ്ഠ, സാന്ദീപത്യാദി കുലപ തികളുടെ കീഴിൽ വിദ്യ അഭ്യസിച്ചിരുന്നവർ തങ്ങൾക്കും ഗുരുവിനും വേണ്ടി ഭിക്ഷ യാചിച്ചു വാങ്ങിയിരുന്നു. സന്യാസിമാർ ജോലിചെയ്ത് ജീവിതം കഴിക്കണമെന്ന് പ്രതീക്ഷിക്കപ്പെട്ടിരുന്നില്ല. അതുകൊണ്ട് ഭിക്ഷ എടുക്കുന്ന ബുദ്ധ ജൈന മത ങ്ങളുടെ പ്രചാരം വർദ്ധിച്ചപ്പോൾ ഭിക്ഷുക്കളുടെ സംഖ്യ വളരെ വർദ്ധിച്ചു. അതോടെ ഭിക്ഷുക്കൾക്ക് ലഭിച്ചിരുന്ന ആദരം ക്രമേണ കുറഞ്ഞു. ഗൃഹസ്ഥൻ ഒരിക്കലും ഭിക്ഷ യാചിച്ചിരുന്നില്ല.

ഇന്ന് ഭിക്ഷാടനം ഒരു വ്യവസായം പോലെ വളർന്നിരിക്കുകയാണ്. ഈ വ്യവസായത്തെ നിയന്ത്രി ക്കുന്നവർ യാചകരെ സൃഷ്ടിച്ച് വേണ്ട സ്ഥലങ്ങളിൽ എത്തിച്ച് വരുമാനമുണ്ടാക്കുന്നു. യാചകരെ സൃഷ്ടി ക്കുവാൻ ഏതു ക്രൂര പ്രവൃത്തികളും ചെയ്യാൻ അവർ തയ്യാറാണ്. സ്വാതന്ത്ര്യം കിട്ടി 69 വർഷം കഴിഞ്ഞിട്ടും യാചകരെ ഫലപ്രദമായി പുനരധിവസിപ്പിക്കാൻ ഒരു ഗവണ്മെന്റിനും കഴിഞ്ഞിട്ടില്ല. തൊഴിലുറപ്പു പദ്ധതി എന്ന പേരിൽ കുറെ മടിയൻമാരെ സൃഷ്ടിച്ച് ക്രിയാത്മകമല്ലാതെ നികുതി പണം ദുർവിനിയോഗം ചെയ്യപ്പെടുന്നു. യാചകർക്കായി ഗവണ്മെന്റോ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളോ ഒരുക്കിയിട്ടുള്ള കേന്ദ്രങ്ങൾ കൊണ്ട് യാതൊരു പ്രയോജനവും ഇല്ല എന്ന് ഇത്രയും കാലത്തെ അതിന്റെ പ്രവർത്തനം തെളിയിച്ച് കഴിഞ്ഞു. സർക്കാർ ഖജനാവിൽ നിന്ന് കുറെ പണം ചിലവഴിക്കാമെന്നല്ലാതെ യാചകരുടെ പുനരധിവാസം എന്നത് ഒരിക്കലും നടക്കില്ല. കാരണം ഇവരെ നിയന്ത്രിക്കുന്ന വൻ മാഫിയകൾ അത്രയ്ക്ക് ശക്തരാണ്. അതുകൊണ്ട് തന്നെ ഏത് പുനരധിവാസ കേന്ദ്രമായാലും ശരി അവിടെ നിന്ന് അവരുടെ കൂലിക്കാരെ അവർ നിഷ്പ്രയാസം ഇറക്കിക്കൊണ്ടു പോകും. ഇത് നാം കാണുന്ന കാഴ്ചയാണ്. കടലാസിലില്ലെങ്കിലും അതുകൊണ്ടു തന്നെ ഇത്തരം കേന്ദ്രങ്ങൾ മുഴുവനും അടച്ചു പൂട്ടണം. ജോലിക്കായി അതിർത്തി കടന്ന് വരുന്ന തൊഴിലാളികളോടൊപ്പം കയറിപ്പറ്റുന്ന കള്ളൻമാരേയും കുറ്റവാളികളേയും ഒക്കെ ഒരു പരിധി വരെ നിയന്ത്രിക്കുവാനും ഇതു വഴി സാധിക്കും. ഒന്നുമില്ലെങ്കിൽ അവർക്ക് സർക്കാർ ചിലവിൽ താവളം ഒരുക്കേണ്ടല്ലോ?

പാത്രം അറിഞ്ഞ് ദാനം ചെയ്യണം എന്ന് പ ണ്ടുള്ളവർ പറഞ്ഞു കേട്ടിട്ടുണ്ട്. ഒരു യാചകൻ കൈ നീട്ടുമ്പോൾ ദയാശീലരും ദാനശീലരുമായ നമ്മൾ അവനെ നിരാശപ്പെടുത്താറില്ല. കയ്യിലുള്ളതിനുസരിച്ച് എന്തെങ്കിലും ധർമ്മം നൽകും. എന്നാൽ അതിന്റെ ഗുണം അവന് കിട്ടുന്നുണ്ടോ എന്ന് നോക്കാൻ നാം മെനക്കെടാറില്ല. യാചിച്ച് കിട്ടുന്നതിന്റെ സിംഹഭാഗവും അവനെ /അവളെ നിയോഗിച്ച നേതാവിന് ദിവസപ്പടിയായി കൊടുക്കണം പകൽ സമയങ്ങളിൽ ഭിക്ഷയാചിച്ച് നടന്ന് മോഷണത്തിന് പറ്റിയ സ്ഥലങ്ങൾ കണ്ടുപിടിച്ച് രാത്രി മോഷണം നടത്തുന്നവരും ഉണ്ട്. ജനങ്ങൾ വിചാരിച്ചാൽ ഭിക്ഷാടകരുടെ എണ്ണം ഒരു പരിധിവരെ നിയന്ത്രിക്കാം. ഒരു യാചകനും ഒന്നും നൽകുകയില്ല എന്ന തീരുമാനം ഓരോരുത്തരും എടുത്താൽ മതി. ഇതിന് ഹൃദയം കഠിനമാക്കേണ്ടതില്ല. ഉദ്ദേശം നല്ലതായതുകൊണ്ട് മനസ്സിനെ വേവലാതിപ്പെടുത്തേണ്ട കാര്യമില്ല. അഥവാ ഒരു ഭിക്ഷക്കാരന് എന്തെങ്കിലും നല്ക ണമെന്ന് തോന്നിയാൽ ഭക്ഷണമായോ വസ്ത്രമായോ മാത്രം നല്കുക. പണം ലഭിക്കാതാകുമ്പോൾ ഭിക്ഷാ ടകർ താനെ കളമൊഴിയും. ഈ ഭിക്ഷാടന വ്യവസായം താനെ നിന്നുകൊള്ളും. ഇനി നമുക്ക് ചാർളി തോമസുമാരെ (ഗോവിന്ദചാമി) സൃഷ്ടിക്കാതിരിക്കാം. ക്ഷേത്രനടയിലും പൊതുസ്ഥലങ്ങളിലും ഇരിക്കുന്ന യാചകർ യഥാർത്ഥ യാചകരല്ലകയെന്നും, അവർ വൻ മാഫിയകളാൽ നിയോഗിക്കപ്പെട്ട ജോലിക്കാർ മാത്രമാണെന്നും മനസ്സിലാക്കി അവർക്ക് ഭിക്ഷ നല്കാതിരിക്കുക. പണം ലഭിക്കാതിരിക്കുമ്പോൾ ഈ കൊള്ളയടി തനെ നില്ക്കും. അതോടെ ഇപ്പോൾ ഈ രംഗത്ത് വിലസുന്ന വൻമാഫിയകളും കളമൊഴിയും. അതുകൊണ്ട്, നമ്മുടെ നാടിന്റെ സുരക്ഷയെക്കരുതി നമ്മുടെ സ്ത്രീകളുടെയും കുട്ടികളുടെയും മാനത്തെ കരുതി അനർഹരായ ഈ ഭിക്ഷാടകർക്ക് ഭിക്ഷ നല്കാതിരിക്കുക. ഭിക്ഷ അതർഹിക്കുന്നവർക്ക് മാത്രം നല്കുക. അതും ഭക്ഷണമായി.

നമ്മുടെ ചിന്താഗതിക്ക് മാറ്റം വരുത്തേണ്ടി യിരിക്കുന്നു ദാനശീലത്തിന് നിയന്ത്രണവും ഒന്നു മാറി ചിന്തിക്കുക അനുഭവ പാഠങ്ങളെ ഓർത്ത് നാടിനുവേണ്ടി ●





# നവഗ്രഹങ്ങൾ : സങ്കല്പവും യാഥാർത്ഥ്യവും



സി. രാമചന്ദ്രൻ

ആകാശത്തു നോക്കുമ്പോൾ സൂര്യനും ചന്ദ്രനും കഴിഞ്ഞാൽ നാം നക്ഷത്ര ങ്ങളെയാണ് കാണുന്നത്. എന്നാൽ ഇവർക്കിടയിൽ ഗ്രഹങ്ങളുമുണ്ട്. ഈ ഗ്രഹങ്ങളെ നക്ഷത്രങ്ങളിൽ നിന്ന് വേർതിരിച്ചെടുക്കുന്നതെങ്ങനെ യാണ്. നക്ഷത്രങ്ങൾ മിന്നുകയും ചിമ്മുകയും ചെയ്യും. എന്നാൽ ഗ്രഹങ്ങൾ അങ്ങിനെയല്ല എന്നാണ് പറഞ്ഞു വന്നത്. അതിനേക്കാൾ അതിനെ പൂർവ്വികർ വേർതിരിച്ചത് അതിന്റെ ചലനം നക്ഷത്രങ്ങളുടെ ചലന വുമായി ആപേക്ഷികമായി തട്ടിച്ചു നോക്കിയാണ്. അതാണ് ശാസ്ത്രീയവും. നക്ഷത്രങ്ങൾ പരസ്പ രം അകലുകയില്ല. എന്നാൽ നക്ഷത്രവുമായി നോക്കുമ്പോൾ ഗ്രഹങ്ങൾ അകന്നുപോകുന്നുണ്ട്. ഗ്രഹങ്ങൾ പരസ്പരം അകന്നുപോകും. സൂര്യനും ചന്ദ്രനും കിഴക്കുനിന്ന് പടിഞ്ഞാറേയ്ക്ക് സഞ്ചരി ക്കുന്ന അതേ പാതയിൽ തന്നെയാണ് എല്ലാ ഗ്രഹങ്ങളും സഞ്ചരിക്കുക. അങ്ങിനെ ഏഴു ഗ്രഹ ങ്ങളെയാണ് അവർ അടയാളപ്പെടുത്തിയത്. ഈ ഏഴു ഗ്രഹങ്ങളുടെ പേരുകളാണ് അവർ ആഴ്ചക ൾക്കു നൽകിയത്. ഞായർ (സൂര്യൻ), തിങ്കൾ (ചന്ദ്രൻ), ചൊവ്വ, ബുധൻ, വ്യാഴം, വെള്ളി ശനി എന്നിങ്ങനെ. ഗ്രഹങ്ങളുടെ പേരുകൾ ദിവസങ്ങളുടെ തിരിച്ചറിവിലേക്കുവേണ്ടി നൽകി എന്നല്ലാതെ ഇതു തമ്മിൽ മറ്റു ബന്ധങ്ങളില്ല.

ഈ ഗ്രഹങ്ങളെല്ലാം സഞ്ചരിക്കുന്ന പാതയെ യാണ് സൗരരാശിചക്രം എന്നു പറയുന്നത്. ഈ വൃത്തപാതയിൽ വിന്യസിക്കപ്പെട്ടിരിക്കുന്ന നക്ഷത്ര ങ്ങളെ പന്ത്രണ്ടു ഭാഗങ്ങളായി വിഭജിച്ചിട്ടുണ്ട്. അതായത് സൗരരാശിചക്രത്തെ ഏതാണ്ട് മുപ്പതു ഡിഗ്രി വീതം വരുന്ന പന്ത്രണ്ടു ഖണ്ഡങ്ങളായി ഭാഗിച്ചിരിക്കുന്നു. ഓരോ ഭാഗത്തുമുള്ള നക്ഷത്രങ്ങളെ തിരിച്ചറിയുന്നതിനായി അവയ്ക്ക് ഓരോ പേരു നൽകിയിട്ടുണ്ട്. അതാണ് ചിങ്ങം, കന്നി എന്നു തുടങ്ങുന്ന പന്ത്രണ്ടു സൗരരാശികൾ. ചിങ്ങം രാശിയിലുള്ള നക്ഷത്രങ്ങളുടെ പൊതു ചിത്രം ഒരു സിംഹത്തിന്റേതാണെന്നു സങ്കല്പിച്ചുകൊണ്ടാണ് ആ പേരു നല്കിയത്. ലിയോ, വിർഗോ എന്നിങ്ങനെ ഓരോ ആകൃതിക്കനുസരിച്ച് ഒരേ അർത്ഥത്തിൽ തന്നെയാണ് ലോകമാകെ രാശിചക്രത്തിന് പൊതു പേരുകളുള്ളത്. ആഴ്ച കൾക്കു നൽകിയിരിക്കുന്നതുപോലെ തന്നെ. തിരിച്ച റിയുക എന്നതല്ലാതെ ആകൃതിയും പേരുമായി മറ്റു ബന്ധങ്ങളില്ല. പീതാംബരൻ മഞ്ഞ വസ്ത്രമുടു ക്കുകയോ, സുകേശിനിക്ക് മുടിയുണ്ടായിരിക്കുകയോ വേണമെന്നില്ലല്ലോ, അതുപോലെ.

എങ്കിലും ആകാശത്തെ നക്ഷത്ര രാശികളായി വിഭജിച്ച് പേരു നൽകിയിട്ടുള്ളത് പൂർവ്വികരുടെ ബുദ്ധിവൈഭവത്തിന്റെ ഉദാത്തമായ മാതൃകയാണ്. ഭൂമിയിൽ സ്ഥലങ്ങളുടെ തിരിച്ചറിവിന് സ്ഥലനാമം ന ൽകിയിരിക്കുന്നതുപോലെ തന്നെ സൗകര്യപ്രദമാണ് വാനനിരീക്ഷകർക്ക് നക്ഷത്ര രാശികൾ. ആകാശത്തെ മൊത്തം 88 രാശികളായി വിഭജിച്ചിട്ടുണ്ട്.

നക്ഷത്രങ്ങൾ ഉദിച്ച് അസ്തമിച്ച് വീണ്ടും ഉദിക്കുവാൻ 23 മണിക്കൂറും 56 മിനിറ്റുമാണ് വേണ്ടത്. സൂര്യനു വേണ്ടത് 24 മണിക്കൂറാണെന്ന് അറിയാമല്ലോ. ഒരു നക്ഷത്രത്തോടൊപ്പം, ഉദാഹ രണത്തിന് അശ്വതി നക്ഷത്രത്തോടൊപ്പമാണ് ഇന്ന് സൂര്യൻ ഉദിച്ചതെന്നു കരുതുക. നാളെ അശ്വതി നക്ഷത്രം സൂര്യനേക്കാൾ നാലു മിനിറ്റു മുൻപുദിക്കും.മറ്റെന്നാൾ അത് എട്ട് മിനിട്ട് മുൻപ് ഉദിക്കും. അങ്ങനെ അശ്വതി നക്ഷത്രത്തോടൊപ്പം സൂര്യൻ വീണ്ടും ഉദിക്കാൻ 365 ദിവസം കഴിയണം. ഒരു രാശി 30 ഡിഗ്രി ആണെന്ന് പറഞ്ഞുവല്ലോ? ഓരോ രാശിയും സൂര്യനെ അപേക്ഷിച്ച് നാല് മിനിട്ട് മുൻപ് ഉദിക്കും. അതായത് സൂര്യൻ നാലു മിനിറ്റു പുറകിൽ. നാലു മിനിറ്റു സമയം എന്നത് രാശിചക്രത്തിലെ ഒരു ഡിഗ്രിയാണ്. സൂര്യൻ ഒരു രാശി കടന്നു പോകുവാൻ ഒരു ദിവസം ഒരു ഡിഗ്രി എന്ന കണക്കിൽ 30 ദിവസം വേണം.ചിങ്ങം രാശിയിലൂടെ സൂര്യൻ കടന്നുപോകുന്ന സമ യമാണ് ചിങ്ങമാസം കൃത്യം നാല് മിനിറ്റോ കൃത്യം ഒരു ഡിഗ്രിയോ അല്ലാത്തതിനാൽ ഒരു വൃത്തം പൂർത്തിയാകാൻ 365 1/4 ദിവസം വേണം. അതിന ർത്ഥംഎല്ലാ മാസത്തിനും 30 ദിവസമല്ല എന്നു കൂടിയാണ്. ചില മാസത്തിനു നീളം കൂടും. സൂര്യൻ ഒരു രാശിയിൽ നിന്ന് മറ്റൊരു രാശിയിലേക്കു സംക്രമിക്കുന്ന ദിവസമാണ് സംക്രാന്തി.

പന്ത്രണ്ടു രാശികളെ ഇരുപത്തി ഏഴായി ഭാഗിച്ച് ഓരോ ഭാഗത്തെയും ഒരു നക്ഷത്രമായിവീണ്ടും അടയാളപ്പെടുത്തിയിട്ടുണ്ട്. അതാണ് അശ്വതി, ഭരണി എന്നു തുടങ്ങുന്ന 27 നക്ഷത്രങ്ങൾ. അതായത് ഒരു രാശിയിൽ 27/12= 2 1/4 നക്ഷത്രം. ഒരു രാശി 30 ഡിഗ്രിയാണെങ്കിൽ ഒലു നക്ഷത്രം 13.3 ഡിഗ്രി. ഒരു രാശിയിലെ 2 1/4 നക്ഷത്രമാണ് ഒരു രാശിക്കൂറ്.

അശ്വതിനാൾ എന്നു പറഞ്ഞാൽ ചന്ദ്രൻ അശ്വതിനക്ഷത്രമുൾപ്പെടുന്ന 13.3 ഡിഗ്രി ഭാഗത്തു നില്ക്കുന്ന സമയദിവസങ്ങളാണ്. അതേ സമയം സൂര്യൻ അശ്വതി നക്ഷത്രം ഉൾപ്പെടുന്ന ഭാഗത്ത് നില്ക്കുമ്പോൾ അത് അശ്വതി ഞാറ്റുവേല. അശ്വതി നാൾ ഒരു ദിവസമേ കാണൂ. അശ്വതി ഞാറ്റുവേല 13.3 ദിവസം നീണ്ടു നില്കും. കാരണം ചന്ദ്രൻ ഒരു നക്ഷത്രത്തോടൊപ്പം ഒരു ദിവസമേ കാണൂ. സൂര്യൻ 13 ദിവസവും. തിരുവാതിര ഞാറ്റുവേല എന്നാൽ തിരുവാതിരയോടൊപ്പം സൂര്യൻ (ഞായർ) നില്ക്കുന്ന വേളയാണ്.

ചന്ദ്രൻ 27 1/3 ദിവസം കൊണ്ടാണ് ഭൂമിയെ ഒരു വട്ടം വലം വയ്ക്കുന്നത്. അതേസമയം ചന്ദ്രൻ അതിന്റെ സാങ്കല്പിക അച്ചു തണ്ടിൽ കറങ്ങാനെടുക്കുന്ന സമയവും 27 1/3 ദിവസമാണ്. ഇതിങ്ങനെ കൃത്യമായി ഏക കാലത്തു സംഭവിക്കുന്നതുകൊണ്ടാണ് നമുക്ക് ചന്ദ്രന്റെ മറുവശം ഒരിക്കലും കാണാൻ കഴിയാത്തത്. ആദ്യമായി ചന്ദ്രന്റെ മറുവശത്തിന്റെ സുന്ദരമായ പടമെടുത്ത് ലൂണ3 എന്ന സോവ്യറ്റ് യൂണിയന്റെ ഉപഗ്രഹമാണ്. പിന്നീടിപ്പോൾ നമ്മുടെ ചാന്ദ്രയാനും നിരവധി വർണ്ണചിത്രങ്ങൾ പകർത്തിയിട്ടുണ്ട്.

ചന്ദ്രൻ ഭൂമിയെ വലം വയ്ക്കുന്നതോടൊപ്പം ഇതു രണ്ടും കൂടി സൂര്യനേയും വലം വയ്ക്കുന്നുണ്ടല്ലോ. അതായത് ആ സമയം കൊണ്ട് ഭൂമി മുപ്പതു ഡിഗ്രിയിൽ താഴെ സഞ്ചരിക്കും. അതുകൊണ്ടാണ് രണ്ടു വാവുകൾക്കിടയിൽ 29 1/2 ദിവസം വേണ്ടി വരുന്നത്. ചാന്ദ്രമാസം

29 1/2 ദിവസമാണ്. അറബികൾക്ക് ചന്ദ്രനാണ് പ്രധാനം എന്നതുകൊണ്ട് അവർ കണക്കാക്കുന്നത് ചന്ദ്രന്റെ ചലനത്തെ അടിസ്ഥാനപ്പെടുത്തി 29 1/2 ദിവസമായിട്ടാണ്. എന്നാൽ 1/2 ദിവസം അസൗകര്യമാകാതിരിക്കാനാണ് ഒരു മാസം 29 ദിവസവും അടുത്തമാസം 30 ദിവസവുമായി സൗകര്യപ്രദമായി ക്രമീകരിച്ചിരിക്കുന്നത്. അറബികളുടെ ഒരു വർഷത്തിൽ 354 ദിവസങ്ങളേയുള്ളൂ. അതുകൊണ്ടാണ് അവരുടെ വിശേഷദിവസങ്ങൾ സൂര്യനെ അടിസ്ഥാനപ്പെടുത്തിയുള്ള പൊതു കലണ്ടറിനെ അപേക്ഷിച്ച് മുന്നോട്ടു ചലിക്കുന്നത്. ഈ വർഷം ബക്രീദും ക്രിസ്തുമസ്സും ഒരുമിച്ചാണെങ്കിൽ അടുത്ത വർഷം ബക്രീദ് 11 1/4 ദിവസം മുൻപായിരിക്കും. അങ്ങിനെ ഓരോ വർഷവും അത് 11 1/4 ദിവസം മുന്നിലേക്കു മാറും. വീണ്ടും ഇത് ഏകദേശം ഒരുമിച്ചു സന്ധിക്കുവാൻ 32 വർഷമെടുക്കും.

നക്ഷത്രങ്ങളെല്ലാം ഭൂമിയിൽ നിന്ന് ഒരേ അകലത്തിൽ സ്ഥിതിചെയ്യുന്നു എന്നാണ് നമുക്കു തോന്നുക. അത് നമ്മുടെ കണ്ണിന്റെയും കാഴ്ചയുടെയും പരാധീനതകൊണ്ടാണ്. അകലം കൂടുന്തോറും ദൂരം ഊഹിക്കാനുള്ള നമ്മുടെ പ്രാപ്തി കുറയും. രാത്രിയിൽ അകലെ നിന്നു വരുന്ന രണ്ടു വാഹനങ്ങളുടെ വെളിച്ചത്തിൽ നിന്ന് അവ തമ്മിലുള്ള അകലം ഊഹിക്കുവാൻ പ്രയാസമാണല്ലോ. നാം ഒരേ രാശിയിൽ ഒരേ തലത്തിൽ ആണ് എന്നു സങ്കല്പിക്കുന്ന നക്ഷത്രങ്ങൾ തമ്മിൽ അനേകം പ്രകാശവർഷം അകലം കണ്ടേക്കാം. പ്രപഞ്ചത്തിന്റെ മറ്റൊരു കോണിൽ നിന്നു നോക്കിയാൽ സിംഹം മുയലും, കന്യക കാട്ടാളനുമായി രൂപം മാറിയേക്കാം.

നാം ഈ ലേഖനത്തിൽ ഇപ്പോഴും പഴയ ജ്യോതിശാസ്ത്രത്തിലാണ് നില്ക്കുന്നത്. അതായത് ഭൂമി പ്രപഞ്ചത്തിന്റെ കേന്ദ്രത്തിൽ സൂര്യനും ചന്ദ്രനുമടക്കമുള്ള ഏഴു ഗ്രഹങ്ങൾ ഭൂമിയെ വലം വയ്ക്കുന്നു. അതിനുമപ്പുറം നക്ഷത്ര രാശികളും ചുറ്റുന്നുണ്ട്. ഗ്രഹങ്ങൾ കിഴക്കു നിന്ന് പടിഞ്ഞാറേയ്ക്ക് സഞ്ചരിക്കുന്നതോടൊപ്പം അത് നക്ഷത്രരാശികൾക്കിടയിലൂടെ പടിഞ്ഞാറു നിന്ന് കിഴക്കോട്ടും കൃത്യമായ സമയക്രമം പാലിച്ചു കൊണ്ട് സഞ്ചരിക്കുന്നു. ഈ വ്യത്യാസങ്ങൾ കണക്കാക്കിയാണ് ജ്യോതിഷികൾ പഞ്ചാംഗം ഗണിക്കുന്നത്. ഓരോരുത്തരുടേയും ഗ്രഹനില കണക്കാക്കുന്നത് കുഞ്ഞു ജനിക്കുമ്പോൾ ഗ്രഹങ്ങൾ ഏതേതെല്ലാം നക്ഷത്ര രാശിയിലാണെന്നു നോക്കിയാണ്. ഗ്രഹനിലയുടെ കള്ളികൾ നോക്കിയാൽ പന്ത്രണ്ടു രാശികളുടെ സ്ഥാനങ്ങളും ഏതേതു രാശികളിൽ ഏതേതു ഗ്രഹങ്ങൾ എന്നു മനസ്സിലാക്കാം. ഗ്രഹനിലനോക്കി ഭാവി ഗണിക്കാൻ കഴിയില്ലെങ്കിലും പ്രായം കണക്കാക്കാൻ ഒരു ജ്യോതിഷിക്കു കഴിയും. അയാൾക്ക് ഗണിതം അറിയുമെങ്കിൽ.

ഭാരതീയർ രാഹു, കേതു എന്നീ രണ്ടു ശൂന്യസ്ഥലത്തേയും ഗ്രഹങ്ങൾ എന്നു വിളിച്ചു വന്നു. യഥാർത്ഥത്തിൽ ഇത് ചന്ദ്രന്റെയും ഭൂമിയുടെയും നിഴലുകളാണ്. ചന്ദ്രന്റെ നിഴൽ ഭൂമിയിൽ വീഴുമ്പോൾ സൂര്യൻ മറയുകയും സൂര്യഗ്രഹണമുണ്ടാ കുകയും ചെയ്യും. അതുപോലെ

**(ശേഷം 51–ാം പേജിൽ)**





# വരൾച്ച

ജീവന്റെ നിലനില്പിനാധാരമായ പരമപ്രധാനമായ പ്രകൃതി വിഭവമാണ് ജലം. ഭൂമിയുടെ ജലസ്രോതസ്സ് കാലാകാലം ലഭിക്കുന്നത് മഴമൂലമാണ്. നാല്പത്തിനാലു നദികളും, 29 തടാകങ്ങളും, വിശാലമായ വയലുകളും ശരാശരി മൂവായിരം മില്ലിമീറ്റർ വർഷപാതവും കൊണ്ട് സമ്പന്നമായ ഹരിതാഭമായ ദൈവത്തിന്റെ സ്വന്തം നാടായിരുന്നു കേരളം. എന്നാൽ ഇന്ന് പുഴകളും തടാകങ്ങളും ശോഷിച്ചിരിക്കുന്നു. വയലുകൾ അപ്രത്യക്ഷമാകുന്നു. മഴയുടെ ലഭ്യത ഭീതിജനകമായ തോതിൽ കുറയുന്നു. ലഭ്യമായ ജലസ്രോതസ്സുകൾ മലിനീകരണം മൂലം ഉപയോഗ ശൂന്യമാകുന്നു.

വർഷപാതത്തിലുണ്ടാകുന്ന ഗണ്യമായ കുറവ് ഭൗമോപരിതലത്തിലെ ജലലഭ്യത കുറയ്ക്കുന്നു. ഈ പ്രതിഭാസമാണ് വരൾച്ച.

വിളനാശം, പകർച്ചവ്യാധി, ജീവനാശം ഇവയൊക്കെ വരൾച്ചയോടനുബന്ധിച്ച ദുരിതങ്ങളാണ്. ജനപങ്കാളിത്തത്തോടെയുള്ള പദ്ധതി പ്രവർത്തനങ്ങളിലൂടെ വരൾച്ചാ പ്രതിരോധ പ്രവർത്തനങ്ങൾ പ്രാപ്തിയിലെത്തിക്കാം.

## വരൾച്ച പ്രതിരോധ മാർഗ്ഗങ്ങൾ

നീർത്തട വികസന പദ്ധതികൾ നടപ്പിലാക്കുക.

മഴവെള്ള സംഭരണ മാർഗ്ഗങ്ങൾ അവലംബിക്കുക.

ഭൂജലപരിപോഷണ രീതികൾ സ്വീകരിക്കുക

തണ്ണീർ തടങ്ങളുടെ സംരക്ഷണം ഉറപ്പാക്കുക.

ജലത്രോസ്സുകൾ മലിനമാക്കാതിരിക്കുക

പുഴയോരങ്ങളിലെ മണ്ണെടുപ്പും മണ്ണിടിച്ചിലും തടയുക

മണ്ണ് ജലസംരക്ഷണം ഉറപ്പാക്കുന്ന കൃഷി രീതി അവലംബിക്കുക.

ജല വിനിയോഗത്തിന്റെ മിതത്വം പാലിക്കുക.

വനവല്ക്കരണം പ്രോത്സാഹിപ്പിക്കുക

## ജല സംരക്ഷണ മാർഗ്ഗങ്ങൾ കുളിമുറി/ശൗചാലയം

1. വീടുകളിലുള്ള പൈപ്പുകൾ, വാൽവുകൾ പൈപ്പുകളുടെ ജോയിന്റ് എന്നിവിടങ്ങളിൽ ചോർച്ച രഹിതമെന്ന് ഉറപ്പു വരുത്തുക.

2. കുളിമുറികളിൽ ധാരയ്ക്ക് (ഷവർ) പകരം ബക്കറ്റും കപ്പും ഉപയോഗിച്ച് ജലമെടുക്കുക.

3. പല്ലു തേയ്ക്കുമ്പോഴും താടി വടിക്കുമ്പോഴും, മുഖം കഴുകുമ്പോഴുമെല്ലാം പൈപ്പ് തുറന്നിടാതെ കപ്പിൽ വെള്ളമെടുത്ത് ഉപയോഗിക്കുക.

4. ഫ്ളഷ് ടാങ്കുകൾ ഉപയോഗിക്കുന്നുവെങ്കിൽ നിയന്ത്രിതമായ അളവിൽ ആവശ്യത്തിനു മാത്രം വെള്ളം ഫ്ളഷ് ചെയ്യുക.

5. കക്കൂസുകളിൽ താരതമ്യേന ചെറിയ കപ്പുകളും ബക്കറ്റുകളും മാത്രം ഉപയോഗിക്കുക.

6. വലിയ ഫ്ളഷ് ടാങ്കുകളിൽ ഉപയോഗിക്കുന്ന ജലത്തിന്റെ അളവ് നിയന്ത്രിക്കുവാൻ സജ്ജീകരണങ്ങളില്ലെങ്കിൽ ഒരു പ്ലാസ്റ്റിക് കുപ്പി നിറയെ വെള്ളമെടുത്ത് അടച്ച് , അത് ഫ്ളഷ് ടാങ്കിൽ പിക്ഷേപിക്കുക. ഇത് ഫ്ളഷ് ചെയ്യുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുവാൻ സഹായിക്കും.

7. സോപ്പ്, ഷാമ്പു എന്നിവ ഉപയോഗിക്കുമ്പോൾ അനാവശ്യമായി വെള്ളം തുറന്ന് വിടാതിരിക്കുക.

## ജലസംരക്ഷണമാർഗ്ഗങ്ങൾ (അടുക്കളയിലും വസ്ത്രം അലക്കുമ്പോഴും)

1. പാത്രങ്ങൾ കഴുകാനുള്ള ഡിഷ് വാഷർ, വസ്ത്രങ്ങൾ അലക്കാനുള്ള വാഷിംഗ് മെഷിൻ എന്നിവ അതിൽ അനുവദനീയമായ പരമാവധി അളവിൽ പാത്രങ്ങളും വസ്ത്രങ്ങളും നിറച്ച് മാത്രം പ്രവർത്തിക്കുക.

2. അനുവദനീയമായ കുറഞ്ഞ അളവിലുള്ള വെള്ളം മാത്രം ഇവയിൽ ഉപയോഗിക്കുക.

3. പാത്രങ്ങളും വസ്ത്രങ്ങളും കഴുകുമ്പോൾ പൈപ്പുകൾ തുറന്നിടാതിരിക്കുക.

4. വാഷിംഗ് മെഷീനുകൾ വെള്ളത്തിന്റെ ഉപഭോഗം കുറയ്ക്കുന്നു എന്ന് ഉറപ്പു വരുത്തുക.

5. വസ്ത്രം അലക്കുവാൻ ഉപയോഗിക്കുന്ന സോപ്പുപൊടിയുടെ അളവിൽ കുറവ് വരുത്തേണ്ടതുണ്ട്. ഇത് ഉപയോഗിക്കപ്പെടുന്ന വെള്ളത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാകും.

6. പഴങ്ങളും പച്ചക്കറികളും കഴുകുമ്പോൾ പൈപ്പ് തുറന്നിട്ട് കഴുകുന്നതിന് പകരം ഒരു പാത്രത്തിൽ വെള്ളമെടുത്ത് കഴുകാവുന്നതാണ്. ഉപയോഗിച്ച ഈ വെള്ളം ചെടികൾ നനക്കുവാൻ ഉപയോഗിക്കാവുന്നതാണ്.

## ജലസംരക്ഷണ മാർഗ്ഗങ്ങൾ വീടിന് പുറത്ത്

1. പൈപ്പുകൾക്ക് സ്വയം അടയുന്ന സംവിധാനം ഉപ

യോഗിക്കുക.

2. വീടും, വാഹനങ്ങളും കഴുകുന്നത് പരമാവധി കുറച്ച്, പകരം തുണി നനച്ച് തുടയ്ക്കുക.

3. നടപ്പാതകളും റോഡുകളും, അടിച്ചു വാരുക. വെള്ളമൊഴിച്ച് കഴുകരുത്.

4. വേനൽക്കാലത്ത് പൂന്തോട്ടത്തിലെ ചെടികൾക്ക് വളപ്രയോഗമോ കളനാശിനി പ്രയോഗമോ ന ടത്തരുത്.

5.വേനൽക്കാലത്ത് ശാഖകൾ (ഉണങ്ങിയ വയൊഴിച്ച്) മുറിച്ചു മാറ്റരുത്.

6. വരൾച്ചയെ ചെറുത്തു നിൽക്കുന്ന തദ്ദേശീയങ്ങളായ ചെടികൾക്ക് പ്രാധാന്യം നൽകുക.

7. പൂന്തോട്ടം നനയ്ക്കുന്നത് പ്രഭാതത്തിലോ പ്ര ദോഷത്തിലോ മാത്രമാക്കുക. ഒരു കാരണവശാലും കടുത്ത വെയിലിൽ ചെടികൾ നനക്കരുത്. നനയ്ക്കുന്ന വെള്ളത്തിന്റെ 90% ആവിയായി പോകുവാൻ ഇതു കാരണമാകും.

## ജലസംരക്ഷണം : നിത്യജീവിതത്തിൽ

1. വാട്ടർ ബില്ല് തുക കുറക്കുന്നതിനാവശ്യമായ ഒരു നടപടി എങ്കിലും എല്ലാ ദിവസവും കൈക്കൊള്ളുക.

2. മോട്ടോർ ഉപയോഗിച്ച് വീട്ടിലെ ടാങ്ക് നിറക്കുമ്പോൾ കവിഞ്ഞ് ഒഴുകുന്നത് ഒഴിവാക്കുക.

3. സ്വന്തം കുടുംബത്തെയും, സുഹൃത്തുക്കളെയും അയൽക്കാരേയും ജലസംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ച് ബോധ വാൻമാരാക്കുക.

4. വരൾച്ചാകാല രോഗങ്ങളെക്കുറിച്ച് ശ്രദ്ധാലുക്കളാക്കുക.

## മുറ്റത്തൊരു വറ്റാത്ത കിണർ

കിണർ അമൂല്യമായ ശുദ്ധജലസ്രോതസ്സാണ്. ഭൂമിയിൽ ഊർന്നിറങ്ങുന്ന മഴവെള്ളം ശുദ്ധീകരിച്ച് ഊറ്റിത്തരുന്ന ജലസംഭരികളാണ് കിണറുകൾ. ഗ്രാമീണ മേഖലയിൽ കിണർ ആണ് കുടിവെള്ളത്തിന് ആശ്രയം. ശുദ്ധജലം സമൃദ്ധമായി ഉറപ്പാക്കാൻ കിണറുകൾക്ക് പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമാണ്.

## കിണർ വറ്റാതിരിക്കാൻ

മഴക്കുഴികൾ തീർത്ത് പുരയിടത്തിലൂടെ ഒഴുകി വരുന്ന മഴവെള്ളം മണ്ണിൽ താഴ്ത്താം. മഴവെള്ളം മണ്ണിൽ താഴ്ത്തിയാൽ ഫലം അത്ഭുതാവഹമാണ്. മഴ നിന്നാലും വേനൽ വന്നാലും ജലം ഊറി ഉറവയായി കിണറ്റിലെത്തും.

മഴ നീർകുഴികളും കാനകളും കാലവർഷത്തിനു മുമ്പും തുലാവർഷാരംഭത്തിലും പുതുക്കാം.

ഉപയോഗ ശൂന്യമായ കിണറുകളിൽ വെള്ളം താഴത്താം. അതിലൂടെ അടുത്തുള്ള കിണറുകളിൽ വെള്ളം കൂട്ടാം.

പുരപ്പുറത്തെ വെള്ളം നേരിട്ട് ശേഖരിച്ച് ശുദ്ധീകരിച്ച് കിണറുകളിൽ നിറയ്ക്കാം.

പുരയിടങ്ങളിൽ ബഹുവിളകളും ഇടവിളകളും ആവരണ വിളകളും കൃഷി ചെയ്യണം.

മണ്ണിന് വെള്ളം കൊടുത്താലെ മണ്ണ് നമുക്ക് വെള്ളം തരുകയുള്ളു.

കേരളത്തിൽ ലഭിക്കുന്ന ശരാശരി മഴയുടെ ലഭ്യതയിൽ കഴിഞ്ഞ മൺസൂൺ കാലയളവുകളിൽ ഗണ്യമായ കുറവ് അനുഭവപ്പെടുകയും അത് നമ്മുടെ ഭൂഗർഭ ജല വിതാനം താഴ്ത്തുകയും കാർഷിക കാർഷികേതര, ഗാർഹിക മേഖലകളെ വളരെ പ്ര തികൂലമായി ബാധിക്കുകയും ചെയ്തിരുന്നു.

പൊതുജനങ്ങളുടെ ഭാഗത്ത് നിന്നും പദ്ധതികളോട് അനുകൂലമായ പ്രതികരണങ്ങൾ ഉണ്ടാകുകയും ഓരോ പ്രദേശത്തെയും ആളുകൾ മുൻകൈയെടുത്തുകൊണ്ട് ജലസ്രോതസ്സുകൾ സംരക്ഷിക്കപ്പെടുകയും പുനജ്ജീവിപ്പിക്കുകയും മലിനീകരണ മുക്തമാക്കുകയും വേണം. കൂടാതെ ലഭ്യമാകുന്ന വേനൽമഴയിലെ ജലം മഴവെള്ള സംഭരണികളിൽ സംഭരിക്കുകയും വേഗത്തിൽ ഒഴുകിപോകാതെ ഭൂമിയിൽ ആഴ്ന്നിറങ്ങുവാൻ അനുവദിക്കുകയും ചെയ്യണം.

## മഴവെള്ള സംഭരണികളുടെ ഉപയോഗം കേരളത്തിൽ അനിവാര്യമാണ്

വീട്ടിലും മഴവെള്ള സംഭരണികൾ ഉണ്ടെങ്കിൽ മാത്രമേ വരൾച്ചയെ അതിജീവിക്കുവാൻ കഴിയൂ. സ്വന്തമായി സംഭരണി ഉണ്ടാക്കുവാൻ കഴിയാത്ത നാലോ അഞ്ചോ കുടുംബങ്ങൾ ചേർന്ന് മാതൃകാപ രമായ രിതിയിൽ ഒരു സംഭരണിയെ ആശ്രയിക്കുന്ന രിതിയും ഇന്ന് നിലവിലുണ്ട്.

കെട്ടിട നിർമ്മാണ ചട്ടങ്ങൾ അനുസരിച്ച് പുതുതായി പണിയുന്ന വീടുകൾക്ക് മാത്രമേ മഴവെള്ള സംഭരണികൾ നിർബന്ധമാക്കിയിട്ടുള്ളു. നിലവിലുള്ള വീടുകളിലും കെട്ടിടങ്ങളിലും കൂടി മഴവെള്ള സംഭരണികൾ ഉണ്ടാക്കിയെങ്കിൽ മാത്രമേ വരൾച്ചയെ നേരിടുന്നതിന് ഒരു ചുവടെങ്കിലും നമുക്ക് മുന്നോട്ടുവെക്കുവാൻ കഴിയൂ. ഒരു വീട്ടിൽ ഒരു മഴവെള്ള സംഭരണി എന്ന രീതിയിൽ മുന്നോട്ട് പോയാൽ മാത്രമേ ശുദ്ധജല ലഭ്യതയുടെ കാര്യത്തിൽ അൽപമെങ്കിലും സ്വയം പര്യാപ്തമാകാൻ നമുക്ക് സാധിക്കൂ. ●

*കടപ്പാട് : സ്റ്റേറ്റ് എമർജൻസി ഓപ്പറേഷൻസ് സെന്റർ*





# അപബാഹുകം
# (FROZEN SHOULDERS)



ഡോ.ദേവിദാസ് വെള്ളോടി




കഴിഞ്ഞയാഴ്ച ക്ലിനിക്കിൽ ഒരു രോഗി വന്നു. സ്ത്രീ വയസ്സ് 50. ശരീരഭാരം കുറച്ചു കൂടുതലാണ്, കഴിഞ്ഞ രണ്ടു മാസമായി ഇടതുകൈ പുറകിലേക്ക് തിരിക്കുവാനും പൊന്തിക്കുവാനും പ്രയാസം, സ്ത്രീകൾക്ക് ബ്ലൗസ് തുടങ്ങിയവ ധരിക്കുന്നതിന് കൈകളുടെ പുറകിലേക്കുള്ള ചലനം സുഗമമായി വേണമല്ലോ. കഴിഞ്ഞ നാലു വർഷമായി പ്രമേഹം നിയന്ത്രണത്തിലാണ്.

പരിശോധനയിൽ ഇടതുകൈ തീരെ പുറകിലേക്ക് കൊണ്ട് പോകുവാനോ, പൊന്തിക്കുവാനോ വേദന കാരണം പറ്റുന്നില്ല. അതിശക്തമായ വേദനയുണ്ട്. കൈ ഇളകാതിരുന്നാൽ വേദനയില്ല.

ഇത് അപബാഹുകത്തിന്റെ (FROZEN SHOULDERS) ഒരു സോദാഹരണമമാണ്.

കൈയ്യിലെ ബാഹുസന്ധിയിലെ (Shoulder joint) പേശികൾ ദൃഢമായിത്തീരുകയും സ്കാർ ടിഷ്യു രൂപാന്തരപ്പെടുകയും അതിശക്തമായ വേദനയിൽ കൈ തിരിക്കുവാനോ പൊന്തിക്കുവാനോ പുറകിലേക്ക് തിരിക്കുവാനോ പറ്റാത്ത അവസ്ഥയാണ് അപബാഹുകം(FROZEN SHOULDERS).

വളരെ സാവാകാശത്തിലാണ് ഈ സ്ഥിതിയിലേക്ക് ആ സന്ധി എത്തിച്ചേരുന്നത് എന്നതിനാൽ അത് തിരിച്ച് സുഗമമായി വരുന്നതും വളരെ സാവാധാനത്തിലാണ്. പ്രമേഹ രോഗത്തോട് കൂടിയും അല്ലാതെയും FROZEN SHOULDERS വരാറുണ്ട്.

## അപബാഹുകം (FROZEN SHOULDERS) വരാനുള്ള കാരണങ്ങൾ

കൈയ്യിന്റെ ചലനങ്ങൾ ചെയ്യാതിരിക്കുക (പക്ഷഘാതം തുടങ്ങിയ അസുഖങ്ങളാൽ) പ്ര മേഹരോഗം, കൈയ്യിന്റെ സന്ധിയിലെ രക്തവാതം തുടങ്ങിയ കാരണങ്ങളാൽ കൈയ്യിന്റെ സന്ധിയുടെ പ്രവർത്തനം കുറയ്ക്കുന്നതിനാൽ ദൃഢത (Stiffness) കൂടി പേശികൾക്ക് അതിശക്തമായ വേദന അനുഭവപ്പെടുന്നു.

1. കൈയ്ക്ക് ശസ്ത്രക്രിയ ചെയ്തവർക്ക് കൈ അനങ്ങാതിരിക്കുന്നതിനാൽ FROZEN SHOULDERS വരാം.

2. പ്രമേഹരോഗികളിൽ പ്രത്യേകിച്ച് സ്ത്രീകളിൽ കൂടുതലായി കണ്ടു വരുന്നു.

3. വാർദ്ധക്യത്താൽ കൈയ്യുടെ സന്ധികളിലെ പ്രവർത്തനം കുറയ്ക്കുന്ന തിനാൽ അപബാഹുകം വരാറുണ്ട്.

4. കൈ കുത്തി വീണ് അപകടം പറ്റിയവർക്ക് FROZEN SHOULDERS വരാനുള്ള സാധ്യത നൂറു ശതമാനമാണ്.

## FROZEN SHOULDERS (അപബാഹുകം) എങ്ങിനെ പരിശോധിച്ച് അറിയാം

സാധാരണയായി ഒരു വൈദ്യന് ശാരീരിക പരിശോധനയിലൂടെ കണ്ട് പിടിക്കുവാൻ കഴിയും. രക്തപരിശോധന നടത്തി രക്തവാതം (Arthritis), Gout തുടങ്ങിയ അസുഖങ്ങൾ ഇല്ലെന്ന് ഉറപ്പ് വരുത്തണം. X-Ray പരിശോധനയിലൂടെ FROZEN SHOULDERS വ്യക്തമായി തിരിച്ചറിയാം. ചുമലിലെ അസ്ഥിസന്ധിയിലെ അസ്ഥികൾ തരുണാസ്ഥികൾ (Ligaments) എന്നിവ കണകൂീവ് പേശികളിൽ ഒരു കാപ്സൂൾ പോലെ ആവരണം ചെയ്തിരിക്കുന്നു. ഈ ആവരണത്തിന് കട്ടി കൂടുതലാവുകയും അസ്ഥിസന്ധികളുടെ ചലനത്തെ ദുഷ്കര മാക്കുകയും ചെയ്യുന്ന അവസ്ഥയാണിത്.

രക്തവാതരോഗമുള്ളവരിൽ കുറേ കാലത്തിനുള്ളിൽ ഇതുപോലെ സന്ധികളുടെ പ്രവർത്തനം നിയന്ത്രിതമായി വരുന്നതിനാലും Cervical Spodylosis കുറെ വർഷമായിട്ടുള്ളവരിലും കൈയ്യിന്റെ പേശികളുടെ പ്രവർത്തനം ദുഷ്കരമാകാറുണ്ട്.

## പ്രത്യേകം ശ്രദ്ധിക്കേണ്ടവർ

അനിയന്ത്രിതമായി പ്രമേഹമുള്ളവർ 40 വയസ്സിന് മുകളിൽ പ്രായമുള്ളവർ ബാഹുസന്ധിക്ക് പൊട്ടലോ മറ്റു മുറിവുകളോ വന്ന് ചികിത്സ ചെയ്തിരിക്കുന്നവർ ഹൈപ്പോതൈറോയ്ഡ് രോഗമുള്ളവർ രക്തവാതമുള്ളവർ, ഹൃദ്രോഗമുള്ളവർ

## ചികിത്സ ആധുനികശാസ്ത്രത്തിൽ

NSAIDS (Non Steriod Anti inflamatory Drugs) ഉപയോഗിക്കുക,പുറമെവേദനസംഹാരികളായക്രീമുകൾ പുരട്ടുക, ലളിതമായി Physiotherapy വ്യായാമങ്ങൾ ചെയ്യുക.

ഇതുകൊണ്ടൊന്നും വേദന കുറഞ്ഞില്ലെങ്കിൽ ശസ്ത്രക്രിയയിലൂടെ പേശികളുടെ പ്രവർത്തനം പൂർവ്വസ്ഥിതിയിലാക്കാൻ കഴിയും.

## ആയുർവ്വേദ ചികിത്സ

ചികിത്സയ്ക്ക് മുൻപ് വ്യക്തമായ പരിശോധനകൾ നടത്തി രോഗനിർണ്ണയം കൃത്യമായി നടത്തിയിരിക്കണം.

**1. സ്നേഹനം** (Oleation) യുക്തമായ തൈലങ്ങളാൽ അഭ്യംഗം ചെയ്യുന്നതാണ് ഏറ്റവും പരമപ്രധാനമായ ചികിത്സ. ധാന്വന്തരം, കൊട്ടംചുക്കാദി, മുറിവെണ്ണ കർപ്പൂരാദി തുടങ്ങിയ തൈലങ്ങൾ വൈദ്യന്റെ നിർദ്ദേശപ്രകാരം ഉപയോഗിക്കാം. ഇത് പേശികളുടെ ദാർഢ്യം കുറയ്ക്കുവനാും വേദന കുറയ്ക്കുവാനും സഹായിക്കുന്നു.

**2. സ്വേദനം** (Sudation) തൈലം പുരട്ടി തലോടിയശേഷം സന്ധികളിൽ വിയർപ്പിക്കുമ്പോൾ സന്ധികൾ അയയുകയും വേദന കുറയുകയും സുഗമമായി ചലിപ്പിക്കുവാൻ സഹായിക്കുകയും ചെയ്യും. സ്വേദനക്രിയ രക്തചംക്രമണത്തെ വർദ്ധിപ്പിക്കകയും വേദന കുറയ്ക്കുകയും ചെയ്യുന്നു.

**3. ലേപനങ്ങൾ** സന്ധികളിൽ നീർക്കെട്ട് ഉണ്ടെങ്കിൽ യുക്തമായ ലേപനങ്ങൾ നിരു കുറയ്ക്കുന്നതിന് സഹായിക്കും.

**4. പൊടിക്കിഴി** നീർദ്ദോഷം കുറയ്ക്കുന്ന ജഡമായാദി ചൂർണം തുടങ്ങിയ ചൂർണ്ണങ്ങൾ കിഴിക്കെട്ടി യുക്തമായ തൈലം പുരട്ടി തലോടിയശേഷം ചൂടുപിടിക്കുന്ന വിധമാണിത്.

**5. ഇലക്കിഴി** സാധാരണ ഇലക്കിഴിക്കുപയോഗിക്കുന്ന എരുക്ക്, ആവണക്കില, കരുനൊച്ചിയില തുടങ്ങിയ ഇലകൾ നുറുക്കി, നാളികേരം ചിരകിയത്, ചെറുനാരങ്ങ നുറുക്കിയത് ശതക്കുപ്പ എന്നിവ ചേർത്ത് കിഴികെട്ടി ചൂടു പിടിക്കുമ്പോൾ സന്ധികൾ അയയുകയും വേദന കുറയുകയും ചെയ്യും.

**6. നസ്യം**

യുക്തമായ തൈലത്താൽ സ്നേഹസ്വേദങ്ങൾ ചെയ്തതിനുശേഷം മൂക്കിലൂടെ മരുന്നു തുള്ളികൾ ഒറ്റിച്ച് വലിക്കുന്ന ചികിത്സയാണ്. ഇത് Signus ശുദ്ധീനകരിക്കാൻ അത്യുത്തമമമായ ചികിത്സയാണ്. സ്രോതസ്സുകളെ ശുദ്ധമാക്കും.

**7. വസ്തി കർമ്മങ്ങൾ**

സ്നേഹസ്വേദങ്ങൾക്ക്ശേഷം (എണ്ണ പുരട്ടി തലോടി വിയർപ്പിച്ചശേഷം) വസ്തികർമ്മങ്ങൾ ചെയ്യുന്നത് വാതസംബന്ധമായ അസുഖങ്ങൾക്ക് അത്യുത്തമമാണ്. കൂടാതെ നവരക്കിഴി, പിഴിച്ചിൽ, പിചു തുടങ്ങിയ ചികിത്സകളും യുക്താനുസരണം ചെയ്യുന്നത് അപബാഹുകത്തെ (FROZEN SHOULDERS) മാറ്റും.

## യോഗ

സൂര്യമനസ്കാരം, ത്രികോണാസനം, മോമുഖാസനം, ഉഷ്ട്രാസനം തുടങ്ങിയ യോഗാഭ്യസങ്ങൾ പരിശീലിക്കുന്നത് നല്ലതാണ്.

## രോഗത്തെ എങ്ങിനെ തടയാം

1. കൃതയമായ വ്യായാമം ശീലിക്കുക
2. നിത്യവും എണ്ണ തേച്ച് കുളിക്കുക
3. പ്രമേഹം, ഹൃദ്രോഗം തുങ്ങിയ അസുഖങ്ങളെ പൂർണ നിയന്ത്രണത്തിൽ കൊണ്ട് വരിക
4. കൃത്യമായ ഇടവേളകളിൽ വൈദ്യനിർദ്ദേശം തേടുക.
5. രോഗലക്ഷണങ്ങൾ കാണുമ്പോൾ തന്നെ ചികിത്സിക്കുക
6. സ്വയം ചികിത്സിക്കരുത് •





# രാമന്റെ ദുഃഖം

രാധാ ദാമോദരൻ

അഞ്ജനമെന്നത് ഞാനറിയും
മഞ്ഞളുപോലെ വെളുത്തിരിക്കും

ഈ വരികൾ ചൊല്ലിക്കൊണ്ട് എന്റെ പെന്നോമനക്കുട്ടൻ കടന്നു വന്നു. എനിക്കപ്പോൾ ഉണ്ടായ സന്തോഷം കുറച്ചൊന്നുമായിരുന്നില്ല. ചിലപ്പോൾ നാം കേൾക്കാനിടവന്ന ഒരു സംഭാഷണ ശകലമോ വായിക്കാനിടവന്ന ചില വരികളോ മനസ്സിൽ നിന്നും പോകാതെ തങ്ങി നിന്നു എന്നു വരാറുണ്ടല്ലോ. അത്തരം ചില കാര്യങ്ങളെക്കുറിച്ച് എഴുതണമെന്ന് വിചാരിച്ചിരിക്കുമ്പോഴാണ് തുടങ്ങുവാൻ ഏറ്റവും ഉചിതമായ ഈ വരികൾ പൊന്നുമോൻ ചൊല്ലിയത്.

നഗരത്തിന്റെ സമീപപ്രദേശത്തുള്ള ഒരു ക്ഷേത്രത്തിലെ ഉത്സവം പ്രമാണിച്ചു ഭാരവാഹികൾ ഒരു പുസ്തകം ഇറക്കിയിരുന്നു. നോട്ടീസല്ല, ഒരു ചെറിയ പുസ്തമായിരുന്നു. പരിപാടികൾ, സാമ്പത്തിക സ്രോതസ്സിനെപ്പറ്റി അറിയിപ്പുകൾ, പ്രസാദ ഊട്ടിന് സംഭാവന കൊടുത്തവരുടെ പേരുകൾ ഇതൊക്കെയായിരുന്നു ഉള്ളടക്കം. എനിക്ക് അത് വായിക്കാൻ യാതൊരു താല്പര്യവും തോന്നിയില്ല. പേജുകൾ മറിച്ചപ്പോൾ ആദ്യത്തെ പേജുകളൊന്നിൽ ഒരു ശ്ലോകം കണ്ടു.

'ശുക്ലാംബരധരം വിഷ്ണും
ശശിവർണ്ണം ചതുർഭുജം
പ്രസന്നവദനം ധ്യായേത്
സർവ്വവിഘ്നോപശാന്തയേ'

എന്ന പ്രസിദ്ധമായ ഗണപതിസ്തുതിയായിരുന്നു.

അതെഴുതിയ ആൾ ഉത്സവഭാരവാഹികളിൽ ഒരാളായിരുന്നു എന്ന് ആ പുസ്തകത്തിൽ നിന്ന് തന്നെ മനസ്സിലായി. വായിച്ചു തുടങ്ങിയപ്പോൾ ഞാൻ അതിശയിച്ചുപോയി. ആ സ്തുതി അല്ലെങ്കിൽ വന്ദനം മഹാവിഷ്ണുവിനെക്കുറിച്ചാണെന്നുള്ള ധാരണയിലാണ് വിവരണം. മഹാവിഷ്ണു ശുക്ലാംബരധരനല്ലേ? ശ്യാമവർണ്ണനല്ലേ? ഇതുപോലും അറിയില്ലല്ലോ എന്നെനിക്ക് അത്ഭുതം തോന്നി. പ്രസിദ്ധീകരണത്തിന് ചുമതലപ്പെട്ടയാൾ വായിക്കാതെയാണോ പ്രസിദ്ധീകരിക്കാൻ കൊടുത്തത് എന്നും സംശയിച്ചു.

ഏതായാലും അഞ്ജനമെന്നത് എന്ന വരികൾക്ക് യോജിച്ച വിഷയമാണ് ഇത് എന്ന് സംശയമില്ല.

മറ്റൊന്ന് ശ്രീരാമസ്വാമിയെ കുറിച്ചാണ്. കുറച്ചുപേർ ഒന്നിച്ച് കൂടിയിരിക്കുകയായിരുന്നു. ഒരാളെ കാണുവാനാണ് പോയത്. ശ്രീരാമനെപ്പോലെ ആദർശധീരനായിട്ട് ആരുമില്ല. സീതാദേവിയെ ഉപേക്ഷിച്ചത് മാത്രമാണ് ഒരു സങ്കടം. നിരപരാധിയാണെന്ന് അറിയാമായിരുന്നുവല്ലോ. ഈ അഭിപ്രായം കേട്ടപ്പോൾ ഞാനൊന്നും മിണ്ടിയില്ല. പലരും പറയാറുള്ളതാണിതൊക്കെ. ആരോടും തർക്കിക്കാൻ താല്പര്യമില്ല. അത്ര വൈദുഷ്യവും പരിജ്ഞാനവുമില്ലതാനും. എന്നാലിതിനിടയിൽ ഒരാൾ പറയുകയാണ്, യാതൊരു ബന്ധവുമില്ലാത്ത ഒരു കാര്യം. ദുഷ്യന്തൻ പൂർണ്ണഗർഭിണിയായ ശകുന്തളയെ സദസ്സിന് മുമ്പിൽവെച്ച് അപമാനിച്ചല്ലോ. പക്ഷെ അത് ദുർവ്വാസാവിന്റെ ശാപം കൊണ്ടായിരുന്നു. പിന്നെ മോതിരം കിട്ടിയപ്പോൾ ഓർമ്മിക്കുകയും ചെയ്തു. ശകുന്തളയെ സ്വീകരിച്ചു. ശ്രീരാമചന്ദ്രൻ എന്തുകൊണ്ടാണ് സീതാദേവി തെറ്റുകാരിയല്ലെന്നറിഞ്ഞിട്ടും ഇങ്ങനെ ചെയ്തത്? ഇത്രയും പറഞ്ഞപ്പോൾ എനിക്ക് മിണ്ടാതിരിക്കാൻ കഴിഞ്ഞില്ല. 'ശ്രീരാമസ്വാമിയും ദുഷ്യന്തനും നല്ല താരതമ്യം സിംഹരാജനും കുറുക്കനും' എന്നു പറഞ്ഞുപോയി. പോരെ ബഹളം, എന്റെ നേരെ രണ്ടു മൂന്നുപേർ ചാടി വീണു. ആദ്യത്തെയാൾ കോടതിയിലെ ക്രോസ്‌വിസ്താരംപോലെ എന്നോട് ചോദിച്ചു എന്താണങ്ങനെ പറഞ്ഞത്? കാളിദാസന്റെ ശാകുന്തളം വായിച്ചിട്ടില്ലേ? ഞാൻ ശാന്തമായി പറഞ്ഞു. വായിക്കുക മാത്രമല്ല സാക്ഷാൽ ജിയുടെ ക്ലാസ്സിലിരുന്ന് പഠിച്ചിട്ടുമുണ്ട് എന്ന്. പിന്നെന്താണ് ദുഷ്യന്തനെ കുറുക്കനെന്ന് പറഞ്ഞത്? ഞാൻ ഒറിജിനൽ ദുഷ്യന്തന്റെ കാര്യമാണ് പറഞ്ഞത്. മഹാഭാരതം വായിച്ചു നോക്കു എന്നു പറഞ്ഞപ്പോഴേക്കും ഞങ്ങൾ കാണാനുദ്ദേശിച്ച് ചെന്ന ആൾ എത്തി. അതോടെ ആ സംഭാഷണം അവസാനിച്ചു.

എന്നാലിത്രയും എഴുതിയസ്ഥിതിക്ക് മഹാഭാരതത്തിലെ ദുഷ്യന്തനെക്കുറിച്ചു രണ്ട് വാക്ക് പറയാതിരിക്കാൻ വയ്യ. ശ്രീരാമചന്ദ്രനുമായുള്ള താരതമ്യം

സഹിക്കാൻ പറ്റുന്നതല്ല. കാട്ടിൽ താമസിക്കുന്ന വരായാലും നാട്ടിൽ താമസിക്കുന്നവരായാലും തന്റെ രാജ്യാതിർത്തിയിൽ പെട്ടവരെയൊക്കെ സംരക്ഷിക്കുവാൻ രാജാവ് ബാദ്ധ്യസ്ഥനാണ്. കാട്ടിലെത്തിയ രാജാവ് സുന്ദരിയായ കന്യകയെ കണ്ട് മോഹിതനാകുന്നു. രാജാവിന്റെ പ്രേമാഭ്യർത്ഥന സ്വീകരിക്കുവാൻ കന്യക മടിച്ചു. അവളിലുണ്ടാകുന്ന പുത്രനായിരിക്കും അടുത്ത രാജാവെന്ന് രാജാവ് കന്യകക്ക് വാക്കു നൽകുന്നു. ചതുരംഗസേനയുമായി വന്ന് രാജധാനിയിലേക്ക് കൊണ്ടുപൊയ്ക്കാള്ളാമെന്ന് വാക്കും പറഞ്ഞു അവളെ വശംവദയാക്കുന്നു. ശകുന്തളയുടെ പുത്രന് പന്ത്രണ്ട് വയസ്സായി. വേദശാസ്ത്രങ്ങളെല്ലാം പഠിച്ച് സമർത്ഥനായശേഷം ശകുന്തളപുത്രനേയും കൊണ്ട് ദുഷ്യന്തന്റെ രാജധാനിയിൽ ചെന്നപ്പോൾ കേട്ട അധിക്ഷേപവാക്കുകൾ ഒരു കുലസ്ത്രീക്ക് സഹിക്കാൻ പറ്റുന്നതായിരുന്നില്ല. പണം തട്ടാൻ വന്ന കുലടയായിട്ടാണ് ദുഷ്യന്തൻ അവളെ കണ്ടത്.

'ധാർഷ്ട്യമെത്രയും പാരമുണ്ട് നാരികൾക്കെന്ന്
കേട്ട കേളിയേയുള്ളു കണ്ടിട്ടില്ലേവം മുന്നം
കുലടയായ നീ വന്നെന്നോട് കുലീനയെന്നലസാ
ലാപം ചെയ്തതഖിലം അലമലം
സുവർണ്ണ മണി മുക്താഭരണ വസ്ത്രാദികളവന്ന്
തരുവാൻ ഞാൻ നിനക്കും വേണ്ടുവോളം
പിന്നെ നീ നിനക്കൊത്തദിക്കിന് പൊയക്കൊള്ളണം
നിന്നിനികാലം കളഞ്ഞീടായ്ക വെറുതെ നീ'

ദുഷ്യന്തമഹാരാജാവിന്റെ അധിക്ഷേപവാക്കുകൾ മുഴുവനെഴുതുവാൻ വളരെ സ്ഥലം വേണം. അപമാനിതയായ ശകുന്തള കോപത്താൽ ജ്വലിച്ച കണ്ണുകളോടെ രാജാവിനോട് ധർമ്മം, സത്യം, നീതി ഇവയെക്കുറിച്ച് പറഞ്ഞ വാക്കുകൾ പലതും പ്രസിദ്ധവാക്യങ്ങളായി മാറി. 'കണ്ണാടികാൺമോളവും തന്നുടെ മുഖമേറ്റം നന്നെന്ന് നിരൂപിക്കും എത്രയും വിരൂപൻമാർ'.

'മത്തേഭൻപാംസുസ്നാനംകൊണ്ടല്ലോ സന്തോഷിപ്പൂ
നിത്യവും സ്വച്ഛജലം തന്നിലേകുളിച്ചാലും
സത്യധർമ്മാദിവെടിഞ്ഞടീന പുരഷനെ
ക്രുദ്ധനാം സർപ്പത്തേക്കാളേറ്റവും പേടിക്കേണം'

ആ സമയത്ത് വിണ്ണിൽ നിന്നും വന്ന അശരീരിയാണ് രാജാവിന് മനം മാറ്റം വരുത്തിയത്. നിന്റെ മകനെ സ്വീകരിക്കുക. ഭരതനെന്നാണ് അവന്റെ നാമം. ദുഷ്യന്തൻ ശകുന്തളയെ സ്വീകരിച്ചു. അപ്പോഴും, അനേകം ഭാര്യമാർ അന്തഃപുരത്തിലുള്ള ദുഷ്യന്തൻ ശകുന്തളയെ സ്വയം തിരിച്ചറിഞ്ഞതായി പ്രസ്താവിച്ചിട്ടില്ല. കാളിദാസ മഹാകവിയുടെ അനുപമമായ ഭാവനയിൽ നിന്നു ഉദയം ചെയ്തതാണ് മഹർഷിയുടെ ശാപവും മോതിരത്തിന്റെ കഥയും. കാളിദാസന്റെ ദുഷ്യന്തൻ ഉത്തമനായ രാജാവാണ്. ദുഷ്യന്തൻ എന്ന പേരുകേൾക്കുമ്പോൾ കാളിദാസന്റെ ദുഷ്യന്തനെയാണ് സാധാരണഗതിയിൽ ആളുകൾക്ക് ഓർമ്മ വരുക. സാക്ഷാൽ ദുഷ്യന്തന്റെ ചരിത്രം പലർക്കും അറിയില്ലെന്നാണ് തോന്നിയിട്ടുള്ളത്. കാരണം രാമയണംപോലെ എന്നും പാരായണം ചെയ്യാനുള്ളതല്ലല്ലോ മഹാഭാരതം.

എന്നാൽ പുരുഷസിംഹമായ ശ്രീരാമചന്ദ്രനോ? രാമായണങ്ങൾ പലതുമുണ്ട്. ഭാരതത്തിലെ ഒട്ടുമിക്ക പ്രാദേശിക ഭാഷകളിലും രാമായണകൃതികൾ ഉണ്ടായിട്ടുണ്ട്. സംസ്കൃതത്തിൽതന്നെ ജ്ഞാന വാസിഷ്ഠം, ആനന്ദ രാമായണം തുടങ്ങി പല രാമയണങ്ങളും രചിക്കപ്പെട്ടിട്ടുണ്ട്. എല്ലാ രാമായണങ്ങളും ഒരാൾക്ക് വായിക്കാൻ സാധിച്ചെന്ന് വരില്ല. വിവാഹം കഴിഞ്ഞ ആദ്യരാത്രിയിൽ തന്നെ തന്റെ ഏകപത്നീവ്രതത്തെക്കുറിച്ച് സീതാദേവിക്ക് വാക്ക് കൊടുത്തതായി പല രാമയണങ്ങളിലും ഉണ്ടെന്ന് പറയപ്പെടുന്നു. രാജാക്കൻമാർക്ക് ധാരാളം പത്നികളെ സ്വീകരിക്കാം. പക്ഷെ രാമന് സിതമാത്രമേയുള്ളു. മറ്റൊരു സ്ത്രീയേ സ്പർശിക്കുകപോലും ചെയ്യില്ല എന്ന് രാമൻ ഉറപ്പു കൊടുത്തതായി പറയുന്നുണ്ട്. വാത്മീകി രാമായണത്തിലും എഴുച്ഛന്റെ രാമായണത്തിലും ഈ ശപഥത്തെക്കുറിച്ച് പരാമർശമില്ല. പക്ഷെ കവികളുടെ സങ്കല്പമാണെങ്കിൽപോലും ഇത് ശരിയാണെന്ന് ധരിക്കുന്നതിൽ തെറ്റൊന്നുമില്ലെന്നു രാമന്റെ ജീവിതം നമ്മെ ധരിപ്പിക്കുന്നു.

അദ്ധ്യാത്മരാമായണത്തിലും വാത്മീകി രാമായണത്തിലും ഇല്ലാത്ത മറ്റു പലകാര്യങ്ങളും മലയാളഭാഷയെ സ്വാധീനിച്ചിട്ടുണ്ട്. 'ലക്ഷമണരേഖ' തന്നെ ഏറ്റവും നല്ല ഉദാഹരണമാണ്. അങ്ങനെ ഒരു രേഖ ലക്ഷ്മണൻ വരച്ചതായി മേൽപറഞ്ഞ രണ്ടു രാമയണങ്ങളിലുമില്ല.

രാജാവായ രാമൻ തന്റെ പ്രിയ പത്നിയെ ത്യജിച്ചപ്പോൾ എത്രമാത്രം ദുഃഖിച്ചിട്ടുണ്ടാകുമെന്ന് ചിന്തിക്കാത്തതാണ് രാമൻ ക്രൂരനാണെന്നുള്ള അഭിപ്രായത്തിന് കാരണം. കുടുംബനാഥനെന്ന നിലയിൽ തെറ്റാണ്, രാജാവെന്ന നിലയിൽ തെറ്റല്ല എന്നോർക്കണം. സീത പിരിഞ്ഞ നിമിഷം തുടങ്ങി അദ്ദേഹത്തിന്റെ ഹൃദയം വെന്തുരുകുകയായിരുന്നുവെന്ന് അനുമാനിക്കുന്നതിൽ യാതൊരു തെറ്റുമില്ല. താൻ രാജഭോഗങ്ങൾ അനുഭവിക്കുമ്പോൾ കാട്ടിലുള്ള സീതയുടെ കഷ്ടസ്ഥിതി അദ്ദേഹത്തെ എത്രമാത്രം ദുഃഖാകുലനാക്കിയിട്ടുണ്ടാകുമെന്ന് ആരും ചിന്തിക്കുന്നില്ല.

ആനനപത്മം താഴ്ത്തിയാരേയും നോക്കീടാതെ
മാനസഖേദത്തോടും കണ്ണുനീർ വാർത്തു
മാനവവീരൻ കുമ്പിട്ടിരിക്കുന്നത് കണ്ട്
മാനിയാം സൗമിത്രി പാദാംബുജം വണങ്ങിനാൻ

എന്ന് എഴുത്തച്ഛൻ വിവരിക്കുന്നു. സീതാദേവിയോട് അളവറ്റ പ്രേമമുണ്ടായിരുന്നുവെങ്കിലും രാജധർമ്മം അനുഷ്ഠിക്കുന്നതിൽ രാമൻ വജ്രഹൃദയനായിരുന്നു. രാമന്റെ ജീവിതത്തിലെ പരീക്ഷണഘട്ടമാകും അശ്വമേധയാഗാനുഷ്ഠാനം എന്ന് പലരും അന്ന് ചിന്തിച്ചുപോയിട്ടുണ്ടാകും. കാരണം അശ്വമേധയാഗം അനുഷ്ഠിക്കാൻ ഒപ്പം സഹധർമ്മിണി വേണം. ഏത് രാജകുമാരിക്കാണ് രണ്ടാം ഭാര്യയാകാൻ ഭാഗ്യം സിദ്ധിക്കുക എന്ന് ജിജ്ഞാസയോടെ ഗുരുജനങ്ങളും പ്രജകളും കാത്തിരുന്നു. രാമചന്ദ്രൻ ഒന്ന് ഞൊടിച്ചാൽ, ഏത് രാജകുമാരിയും ആ സ്ഥാനം ലഭിക്കുവാൻ ഓടിയെത്തിയേനെ! എല്ലാവരേയും ഞെട്ടിച്ചുകൊണ്ട് ഭഗവാൻ തന്റെ തീരുമാനം അറിയിച്ചു. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ ഒരു ബോംബ് വീണു. സീതയുടെ സ്വർണ്ണ പ്രതിമ നിർമ്മിച്ചു വാമഭാഗത്ത് സ്ഥാപിക്കുക. ഇങ്ങനെയൊരു ദൃഢമായ തീരുമാനം കൈക്കൊണ്ട ശ്രീരാമചന്ദ്രന്റെ പത്നിയാകാൻ സാധിച്ച സീതാദേവിയെപ്പോലെ ഭാഗ്യവതിയായി മറ്റാരെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നാലോചിക്കുമ്പോഴാണ് രാമൻ ക്രൂരനല്ലെന്ന് നമുക്ക് മനസ്സിലാകുന്നത് •

# കണക്കെടുപ്പ്



**ഉണ്ണി വാരിയത്ത്**

സന്ധ്യയെന്നാൽ സമ്യക്കായി അഥവാ നന്നായി ധ്യാനിക്കാനുള്ള സമയം എന്നാണല്ലോ അർത്ഥം.

ധ്യാനം കഴിഞ്ഞാൽ എന്നും അയാൾ ലാഭനഷ്ടങ്ങളുടെ കണക്കെഴുതും. അയാൾ കച്ചവടക്കാരനൊന്നുമല്ല. സൽപ്രവൃത്തി ചെയ്ത ദിവസമാണെങ്കിൽ അത് ലാഭത്തിന്റെ പട്ടികയിലും, അല്ലാത്തത് നഷ്ടത്തിന്റെ പട്ടികയിലും ചേർക്കും.

കണക്കെഴുതാത്തവരും കള്ളക്കണക്കെഴുതുന്നവരും അയാളെ കണ്ടു പഠിക്കട്ടെ. എന്തിലുമുപരി ഒരു അവസാന കണക്കെടുപ്പുണ്ടാകുമെന്ന ഓർമ്മയിൽ അവർ ജീവിക്കട്ടെ.

## 2016 ഒക്ടോബർ മാസത്തിൽ അന്തരിച്ച കരയോഗാംഗങ്ങൾ



**കൃഷ്ണൻകുട്ടി വി.**
L/3087
39 /42 ബി, മാറായിൽ ഹൗസ്
ചിറ്റൂർ റോഡ്, കൊച്ചി 682011



**എ. ബാലകൃഷ്ണമേനോൻ**
L/ 0348
ആനപ്പുഴ, രവിപുരം റോഡ്
കൊച്ചി 682016



**കെ.രാജഗോപാലൻ നായർ**
L/0682
ഹരിത നിവാസ്
കൊച്ചി 682022



**ഡോ.എൻ.ഗോവിന്ദമേനോൻ**
L/1246
ഗൗർമോഹൻ, അമ്പാടി ലെയ്ൻ
ചിറ്റൂർ റോഡ്, കൊച്ചി 682011

തുടർച്ച

# മാനസിക പരിവർത്തനം ഭാരതീയ ചിന്തയിലൂടെ

## (അസ്വസ്ഥമായ മനസിന് ഒരു മാന്ത്രിക ചെപ്പ്)



ഡോ. രാജേശ്വരി കുഞ്ഞമ്മ

മനുഷ്യജീവിതം എന്നു പറയുന്നത് ആന്തരികവും ബാഹ്യവുമായ പ്രവർത്തനങ്ങളുടെ ആകെത്തുകയാണ്. ഇന്നു മനുഷ്യനിൽ കാണുന്ന സകല സംഘട്ടനങ്ങളുടെയും കാരണം മാനസിക സമ്മർദ്ദങ്ങളാണ്. ഫിസിക്സും ശരീരശാസ്ത്രവും ഒരുമിച്ചു പഠിച്ചപ്പോഴാണല്ലോ പെരുമാറ്റ മനശാസ്ത്രം ഉണ്ടായതെന്നു പറയപ്പെടുന്നത്. എല്ലാമുപേക്ഷിച്ച് സന്യാസി ആകാമെന്നു ധരിച്ചാൽ പെട്ടെന്നതു സാധിക്കയില്ല. ഞാൻ കർമ്മം ചെയ്യുന്നുവെന്നും ഇതിന്റെ ഫലം എനിക്കുടൻ തന്നെ ലഭിക്കണമെന്ന ചിന്തയാണ് മനുഷ്യദുഃഖത്തിന് അടിസ്ഥാനം. മനശുദ്ധീകരണം വളരെ പ്രയാസമേറിയതാണ്. അഴുക്കു പുരണ്ട തുണി സോപ്പിട്ടു കഴുകുമ്പോൾ ആദ്യം അഴുക്കിളകി വരും. വീണ്ടംവീണ്ടും നല്ല വെള്ളത്തിൽ കഴുകുമ്പോൾ തുണി വൃത്തിയാകും. ശ്രീകൃഷ്ണൻ പറയുന്നു, കർമ്മയോഗമനുഷ്ടിച്ച് വാസനമാലിന്യങ്ങളകറ്റി ഇന്ദ്രിയാനുഭൂതികളിൽ സംയമനം വരുത്തുമ്പോൾ ജീവ ബ്രഹ്മ ഐക്യ അനുഭൂതിയിലെത്തിച്ചേരുന്നു. മഴക്കാലത്ത് സൂര്യനെ വിടെയും പോകുന്നില്ല. ഭൂമിയിൽ നിന്നു നോക്കുമ്പോൾ മേഘം സൂര്യനെ മറച്ചിരിക്കുന്നതുപോലെ തോന്നും. പക്ഷെ അതു ശരിയല്ല. സൂര്യൻ വലുതും മേഘം ചെറുതുമാണ്. അതുപോലെ അജ്ഞാനിയായ ഒരുവന് ജ്ഞാനസ്വരൂപനെ കാണാൻപററില്ല എന്നുള്ള തത്വം മനസിലാക്കിയാൽ മാത്രമേ ആത്മദർശനം സാധിക്കുകയുള്ളൂ. രാമരാവണയുദ്ധാവസാനം മണ്ഡോദരി രാവണനെ പിന്തിരിപ്പിക്കുവാൻ ഒന്നു കൂടി ശ്രമിച്ചു. 'രാഘവനെ ജയിപ്പാനാർക്കുമേ ലോക ത്രയത്തിങ്കലില്ലെന്നു ധരിക്ക നീ' വൈദേഹിയെ കൊടുത്തീടുക രാമനു സോദരനായിക്കൊണ്ടു രാജ്യവും നൽകുക. എന്നു വീണ്ടു ംപറഞ്ഞു. എന്തു പറഞ്ഞാലും അനുസരിക്കാത്ത രാവണൻ രാമബാണമേറ്റു താഴെ വീണു. ഇതു കണ്ട വിഭീഷണൻ പറയുന്നു,

'വിധിബലമല്ലോ വരുന്നതും

കണ്ടിതെല്ലാം ഞാനനുഭവിക്കേണമെന്നുണ്ട്.'

മറ്റുള്ളവർ പറഞ്ഞാൽ പോലും ഇന്ദ്രിയ അനുഭൂതി വിട്ട് മുന്നോട്ടു പോകുവാൻ കഴിയില്ല. സുഖദുഃഖങ്ങൾ മാനസികവും മാനാപമാനങ്ങൾ ബുദ്ധിയുടെ നിലവാരത്തിലുള്ളതാണെന്നും മനസിലാക്കണം. നമ്മുടെ കർമ്മരംഗം ഏതാണോ അവിടേക്കു വേണ്ട അറിവു നേടുക. അങ്ങനെ ഒരുവന്റെ ഉള്ളിലുള്ള സങ്കല്പവിചാരങ്ങളെ അടുക്കും ചിട്ടയോടും കൂടി ശരിയായ രീതിയിൽ ഉപയോഗിക്കണം. എന്നാൽ മാത്രമേ വിജയം നേടാൻ കഴിയുകയുള്ളൂ. ഇത്തരം ആത്മീയോന്നതി അവനവൻ തന്നെ ചെയ്യുകയും വേണം. അതിലൊന്നാണ് ധ്യാനം. വിഷമകരമായ ഈ പ്രവർത്തി നിരന്തരമായ അഭ്യാസത്തിലൂടെ മാത്രമേ ചെയ്യാൻ കഴിയൂ. നാം ഇന്ന് പരീക്ഷണശാലകളിലെ യന്ത്രമായി മാറുകയാണ്. അതു മാറ്റി ഓരോ വ്യക്തിയുടേയും ഉള്ളിലുള്ള ആന്തരിക ശക്തിയെ വികസിപ്പിച്ച് നിർഭയത്വം കൈവരിക്കാൻ ശ്രമിക്കണം. കുരുക്ഷേത്രയുദ്ധം സമാഗതമായി. ശത്രുക്കളെ ശരിക്കൊന്നു കാണുവാൻ ഇരുസൈന്യങ്ങളുടെയും മദ്ധ്യഭാഗത്ത് തേരു നിർത്തുവാൻ ശ്രീകൃഷ്ണനോട് അർജ്ജുനൻ പറയുന്നു. പാണ്ഡവരുടെ സേനയേക്കാൾ വിശാലമായ സേന. മഹാന്മാരായ യോദ്ധാക്കൾ. അർജ്ജുനന്റെ മനസു പിടഞ്ഞു. മനോവീര്യം നശിച്ചു. ഈ അവസ്ഥയാണ് ഇന്നു നാം സമൂഹത്തിൽ കാണുന്നത്. എന്തു ചെയ്യണമെന്നറിയില്ല. മുന്നോട്ടു പോകുന്നതെങ്ങനെ. വിഷാദരോഗത്തിനടിമപ്പെട്ട സാധാരണക്കാരുടെ ഉത്തമോദാഹരണമാണ് അർജ്ജുനൻ. ഇന്ന് ഇപ്രകാരം നട്ടം തിരിയുന്ന കുട്ടികൾ, കുടുംബനാഥന്മാർ, കുടുംബിനികൾ, നേതാക്കന്മാർ തുടങ്ങിയവരെ ധാരാളമായി കാണാം. ഇതുപോലെ തന്നെ ദുര്യോധനന്റെ മാനസികാവസ്ഥയിലുള്ളവരേയും നമുക്കു കാണാം. താൻ യുദ്ധത്തിൽ പരാജയപ്പെടുമെന്ന് പലരിൽ നിന്നും പലപ്പോഴും കേട്ടു. അതെല്ലാം തന്റെ മനസിന്റെ അടിത്തട്ടിൽ സിമന്റിട്ട് ഉറപ്പിച്ചിരിക്കുകയാണ്. ഇത്തരം മാനസികാവസ്ഥയിൽ അഹംഭാവം മൂലം ഗുരുക്കന്മാരേയും പിതാമഹനേ തന്നെയും നിന്ദ്യമായ ഭാഷയിൽ സംബോധന ചെയ്ത് യുദ്ധമാരംഭിക്കുവാൻ ആജ്ഞ പുറപ്പെടുവിക്കയാണ്. ഇവിടെ പരാജയബോധം ഉള്ളിലുണ്ടെങ്കിലും പുറമേ കാണിക്കുന്നില്ല. തന്മൂലം നേർവഴിക്കു കൊണ്ടുവരാൻ ആരുമില്ല. എന്നാൽ അർജ്ജുനൻ അങ്ങനെയല്ല. തന്റെ അഭ്യുദയകാംക്ഷിയായ ശ്രീകൃഷ്ണനോട് സഹായം അഭ്യർത്ഥിക്കുന്നു. സമയം ശരിയല്ലെങ്കിൽ ഒന്നും ശരിയാകില്ല. അതായത്, ആരോട് സഹായം അഭ്യർത്ഥിക്കുന്നുവോ ആ ആൾക്ക് സഹായിക്കുവാനുള്ള മനോബലവും, അതിൽ അയാൾ പ്രാവീണ്യം നേടിയ ആളും, അപേക്ഷിക്കുന്ന ആൾ ഈശ്വരാനുഗ്രഹം ഉള്ള ആളും ആയിരിക്കണം. അർജ്ജുനൻ ശ്രീകൃഷ്ണന്റെ മുൻപിൽ സർവ്വസ്വവും സമർപ്പിച്ചു. അർജ്ജുനൻ പറയുന്നു, 'ഹേ കൃഷ്ണാ! എന്റെ ഈ സംശയം മുഴുവനും നീക്കാൻ അങ്ങേക്ക് കഴിയും. സംശയം തീർക്കാൻ അങ്ങല്ലാതെ മറ്റാരുമില്ല.' ശ്രീരാമനോടു പൊരുതി ജയിക്കാൻ പറ്റില്ല എന്നു മനസിലാക്കിയ രാവണൻ ഗുരുവായ ശുക്രനെ കണ്ടു. സൽഗുരോ! ഞാൻ തവ ശിഷ്യനല്ലോ, മാർഗ്ഗം പറഞ്ഞുതരിക എന്നു പറയുന്നു. ദേവതമാരെ പ്രസാദിപ്പിക്കുക എന്ന മറുപടി. രാവണൻ ഹോമം തുടങ്ങാനാരംഭിച്ചു. പക്ഷെ ഹോമം മുഴുമിപ്പിക്കാനായില്ല. രാവണൻ മണ്ഡോദരിയോടു പറഞ്ഞു, 'ഞാൻ തോറ്റാൽ മോക്ഷം കിട്ടും. നീ സീതയേകൊന്നിട്ട് തീയിൽ ചാടി മരിക്കുക'. അഹങ്കാരിയായ രാവണനിൽ നിന്ന് ഇത്തരം വാക്കുകൾ കേൾക്കും. എന്നാൽ അർജ്ജുനൻ പറഞ്ഞു, തനിക്ക് സ്വയം തീരുമാനമെടുക്കുവാൻ കഴിയില്ലാ എന്നും തന്നെ ബാധിച്ചിരിക്കുന്നത് കാർപ്പണ്യദോഷമാണെന്നും ഞാൻ അങ്ങയെ ശരണം പ്രാപിക്കുകയാണെന്നും. ജ്ഞാനിയായ ഗുരുവിന്റെ ജ്ഞാനിയായ ശിഷ്യൻ. അർജ്ജുനൻ ആരാണെന്നും അയാളുടെ ധർമ്മമെന്താണെന്നും ദേഹബന്ധികളെ സ്വജനങ്ങളാണെന്നു കരുതിയ മമതാബന്ധത്തെ അകറ്റി യുദ്ധം ചെയ്യാനായി എഴുന്നേൽക്കൂ എന്നും ഭഗവാൻ പറയുന്നു. സാധാരണ മനുഷ്യനും ഇത്തരം ചാഞ്ചല്യം ഉണ്ടാകുന്ന അവസ്ഥാവിശേഷം ഉണ്ടാകും. ഇങ്ങനെയുള്ള വൈകാരിക നിലവാരത്തിൽ നിന്നും യുക്തിയുടെയും ധർമ്മത്തിന്റെയും നിലവാരത്തിലേക്കുയർത്തി സമചിത്തതയോടുകൂടി പ്രവർത്തിക്കാൻ ഉള്ള കഴിവ് ഉണ്ടാക്കിയെടുക്കണം. ജയപരാജയ ഭീതിയോ ലാഭനഷ്ടങ്ങളോ ഇവിടെ പ്രസക്തമല്ല. ആരംഭശൂരത്വം മാത്രമുള്ള ചിലർക്ക് ഒരു പ്രവർത്തിയും പൂർത്തീകരിക്കുവാൻ കഴിയില്ല. കർമ്മം ചെയ്യാനാണ് ഒരാൾക്ക് അധികാരം.

കർമ്മഫലത്തെക്കുറിച്ച് വ്യാകുലപ്പെടാനല്ല. ഭൂതകാലം ക്യാൻസൽ ചെയ്ത ചെക്കാണ്. ഭാവി പ്രവചനാതീതവും. വർത്തമാനകാലത്തിൽ ശ്രദ്ധിച്ചു ബുദ്ധിപൂർവ്വം പെരുമാറുക. മനസിനെ നിയന്ത്രിച്ച് സ്വന്തം കർത്തവ്യങ്ങൾ നിറവേറ്റുകയാണെങ്കിൽ മാനസികസമ്മർദ്ദത്തിന് ഒരളവു വരെ കുറവു കിട്ടും. അല്ലാതെ പ്രശ്നങ്ങൾ വരുമ്പോൾ ഓടിപ്പോകുകയോ ആത്മഹത്യാഭീഷണി മുഴക്കുകയോ അല്ല വേണ്ടത്. ശ്രീരാമന്റെ പട്ടാഭിഷേകത്തിന് തടസമായി കൈകേയി നിന്നപ്പോൾ കൗസല്യ പറഞ്ഞു, ദശരഥന്റെ വാക്കുകൾ കേട്ടു ശ്രീരാമൻ വനവാസത്തിനു പോകുകയാണെങ്കിൽ 'ഞാനുമെൻ പ്രാണനെ ത്യജിച്ചീടുവിൻ, മാനവവംശവും പിന്നെ മുടിഞ്ഞുപോം' ലക്ഷ്മണനാണെങ്കിൽ ശോകരോഷനേത്രാഗ്നികൾ കൊണ്ട് പറഞ്ഞു, 'ബന്ധിച്ചു താതനേയും പിന്നെ ഞാൻ.. കാര്യമല്ലാത്തതു ചെയ്യുന്നതാകിലാചാര്യനും ശാസനം ചെയ്യുന്നതേ വരൂ.' ഈ മാനസികാവസ്ഥയിൽ ശ്രീരാമൻ ,

'ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം

വേഗേന നഷ്ടമാമായുസുമോർക്ക നീ' എന്നു പറഞ്ഞു തുടങ്ങിയ ലക്ഷ്മണോപദേശം. രാമൻ വനത്തിൽ പോയില്ലെങ്കിൽ

'എന്നുടെ ജീവനെ ഞാൻ കളഞ്ഞീടുവൻ

മന്നവൻ മുന്നിൽ നിന്നില്ലൊരു സംശയം' എന്നു പറഞ്ഞു കൈകേയി. എന്നെ ഉപേക്ഷിച്ചു വനത്തിൽ പോയാൽ എന്നുമെൻ പ്രാണൻ പരിത്യാഗം ചെയ്യുമെന്നു പറയുന്ന സീത, രാമനെ വേറിട്ട് ഭൂമിയിൽ ഇനി വാഴ്കില്ലെന്നു പറയുന്ന ദശരഥൻ, അനുഗമിക്കാൻ രാമൻ തന്നെ അനുവദിച്ചില്ലെങ്കിൽ പ്രാണൻ വെടിയുമെന്നു പറയുന്ന ലക്ഷ്മണൻ. ഇങ്ങനെയുള്ള ധാരാളം രംഗങ്ങൾ നമുക്ക് രാമായണത്തിൽ കാണാം. ഇവിടെ ശ്രീരാമനും വസിഷ്ഠനും ഒക്കെ നൽകുന്ന ദിവ്യമായ വചനങ്ങൾ ശ്രദ്ധേയമാണ്. ആയുധമേന്തിയ കൗരവർ നിരായുധനായ എന്നെ കൊല്ലുമെങ്കിൽ അതു നല്ലത് എന്നു പറഞ്ഞ് അർജ്ജുനൻ. ഇവിടെയെല്ലാം മഹദ്വ്യക്തികൾ തങ്ങളുടെ മഹദ്വചനങ്ങളിലൂടെ ഇത്തരക്കാരെ കൈപിടിച്ചുയർത്തി കർമ്മനിരതരാക്കുകയാണ് ചെയ്യുന്നത്. നമ്മുടെ ഇടയിലും ചെറിയ ചെറിയ പ്രശ്നങ്ങൾ വരെ നേരിടാൻ കഴിയാതെ ആത്മഹത്യാഭീഷണി മുഴക്കുന്ന ധാരാളം ആളുകളുണ്ട്.

ഈ ലോകത്തിലെ സകലപ്രശ്നങ്ങൾക്കും കാരണം മാനസികദൗർബല്യമാണ്. സ്വന്തമായി തീരുമാനമെടുക്കാനുള്ള കഴിവില്ലായ്മ. അതുമൂലമുണ്ടാകുന്ന ഉൾവലിയൽ. എല്ലാത്തിനും ഒരു മടി. (Inhibitory personality) ആളുകളെ അഭിമുഖീക







ആശംസകളോടെ കുടുംബാംഗങ്ങൾ

രിക്കുവാനുള്ള വിമുഖത (Non assertiveness). അതിനൊക്കെത്തന്നെ അവർക്ക് വ്യക്തമായ കാരണങ്ങൾ നിരത്താനും, അർജ്ജുനനെപ്പോലെയും മറ്റു പുരാണകഥാപാത്രങ്ങളേപ്പോലെയും വാക്പയറ്റു നടത്താനും കഴിയും. ഇനി ക്ഷത്രിയനായ അർജ്ജുനൻ യുദ്ധമുപേക്ഷിച്ചു കാട്ടിൽ തപസു ചെയ്യാൻ പോകുന്നുവെന്നിരുന്നാലും അയാളിലെ ക്ഷത്രിയൻ എന്ന 'ഭാവം രൂഢമൂലമായിരിക്കുന്നിടത്തോളം കാലം അമ്പും വില്ലും ഉപയോഗിക്കുക തന്നെ ചെയ്യും.

ഭാരതീയ തത്വചിന്തയിൽ ഒരു മനുഷ്യൻ പ്രധാനമായും 4 അവസ്ഥകളിൽകൂടി കടന്നു പോകുന്നതായി പറയപ്പെടുന്നു. (1) ബ്രഹ്മചര്യം വിദ്യാഭ്യാസ കാലം (2) ഗൃഹസ്ഥാശ്രമം വിവാഹം കഴിച്ച് വീട്ടു കാര്യങ്ങൾ ശ്രദ്ധിച്ച് കുടുംബശ്രേയസിനു വേണ്ടി പ്രവർത്തിക്കുക (3) വാനപ്രസ്ഥം വീട്ടുകാര്യങ്ങൾ അടുത്ത തലമുറയെ ഏൽപ്പിച്ച് വൃതാനുഷ്ഠാനങ്ങളിൽ ആമഗ്നനായി സത്യാന്വേഷണ തൽപരനായി ജീവിക്കുക. (4) സന്യാസം എല്ലാ ഭൗതികസുഖങ്ങളും ത്യജിച്ച് പരമാത്മാവിൽ ശ്രദ്ധ കേന്ദ്രീകരിച്ച് വനത്തിൽ പോയി സന്യസിക്കുക. ഇന്നത്തെ ദോഷമെന്തെന്നാൽ ഈ ഒരു അവസ്ഥയിലും പൂർത്തിയായി പ്രവർത്തിക്കാതെ ആകെ ഒരു അസ്വസ്ഥതയോടെ ദോഷൈകദൃക്കായി തനിക്കും മറ്റുള്ളവർക്കും പ്രശ്നമായി ജീവിക്കുന്നു. ഒന്നിനോടും പ്രതികരിക്കാനോ സന്തോഷിക്കാനോ കഴിയുന്നില്ല. കാറ്റത്തു പറന്നു നടക്കുന്ന കരിയില പോലെ പറന്നു നടക്കുന്നു . അവസാനം വല്ല വെള്ളക്കെട്ടിൽ പെട്ട് അഴുകി ജീവിതമവസാനിപ്പിക്കുന്നു. നാം തന്നെ നമ്മുടെ വ്യക്തിത്വത്തെ വളർത്തിയെടുക്കണം. അങ്ങനെ ആത്മസാക്ഷാൽക്കാരം സാധിക്കുകയും ചെയ്യണം

വാക്കുകളുടെ ശക്തി മന്ത്രമെന്നോ ശാപമെന്നോ ഉത്തേജകമെന്നോ ഒക്കെ പറയാം. ജീവിതത്തിൽ ഇത്രയും സ്വാധീനിക്കുവാൻ മറ്റൊന്നില്ല. ഇതു ഭാരതീയ തത്വചിന്തയിൽ പലയിടത്തും കാണാൻ കഴിയും. ലക്ഷ്മണോപദേശം , രാമസീതാതത്വങ്ങൾ, വസിഷ്ഠോപദേശം, ശബരിക്ക് ശ്രീരാമൻ നൽകിയ ഉപദേശം ഇങ്ങനെ തുടങ്ങി ധാരാളം തത്വചിന്താപരമായ കാര്യങ്ങൾ നമ്മളിൽ മാറ്റം വരുത്തുവാൻ ഉതകുന്നതാണ്. സാംസ്കാരിക ജീർണ്ണത ഒരു പരിധിവരെ നിയന്ത്രിക്കാൻ ഇത്തരം ഗ്രന്ഥങ്ങൾക്കു കഴിയും. സദ്ഗുരുക്കളും സദ്ഗ്രന്ഥങ്ങളും മനസിൽ സത്യവും നിത്യവുമായ ആ നിർഗുണപരബ്രഹ്മാവിനെ അറിയാനും ദേഹേന്ദ്രിയങ്ങളിൽ നിന്നും ആത്മാവിനെ വേർതിരിച്ചറിയാനും കഴിയും.

അങ്ങനെ ജീവൻമുക്തനാവാനും സാധിക്കും.

മനുഷ്യൻ അവന്റെ കണ്ടുപിടിത്തങ്ങളിലൂടെയും അവന്റെ പരിമിതമായ അറിവിൽ കൂടിയും സൃഷ്ടിക്കുവാനും സംഹരിക്കുവാനും കഴിവുണ്ട് എന്ന മിഥ്യാധാരണയിലാണ്. ഇവയെല്ലാം തന്നെ അവനെ അശാന്തിയിലേക്ക് നയിക്കുന്നു. ഇന്ദ്രിയതലത്തിൽ മാത്രം ഒതുങ്ങിനിൽക്കുന്ന അവന്റെ അറിവുകൊണ്ട് അവൻ സംഹാരതാണ്ഡവമാടുകയാണ്. ആധുനിക ജീവശാസ്ത്രത്തിൽ കാണുന്ന മനോസമഷ്ടിവികാസം അവനെ ധാർമ്മികമായ ഉയർച്ചയിലേക്ക് എത്തിക്കുന്നു. അസ്വസ്ഥമായ മനസോടുകൂടി ഒരാൾ തനിക്കുമാത്രമല്ല മറ്റുള്ളവർക്കും അസ്വസ്ഥകളുണ്ടാക്കുന്നു. ഭയത്തെ ജനിപ്പിക്കുന്നു. അങ്ങനെ അവിടെ യുദ്ധം ആരംഭിക്കുന്നു. യുദ്ധം തുടങ്ങുന്നയാൾക്കെങ്ങനെ അതവസാനിപ്പിക്കുവാൻ കഴിയും. അവസാനിപ്പിക്കുവാനുള്ള ഉപായം കണ്ടുപിടിക്കണം. എന്നാൽ സംഗതി എളുപ്പമായി. മനുഷ്യനിലുള്ള ഹിംസ , അതായത് നശിപ്പിക്കുവാനുള്ള പ്രവണത നശിപ്പിച്ചാൽ, വിവേകാനന്ദന്റെ ഭാഷയിൽ പറഞ്ഞാൽ, ദൈവികതയുടെ ആവിഷ്കാരം സംഭവിച്ചാൽ മനുഷ്യസ്നേഹത്തിനുള്ള പ്രേരണ ഉണ്ടാകുന്നു, ഭയവിമുക്തനാകുന്നു.

ആന്തരിക ദൗർബ്ബല്യങ്ങൾക്കടിമപ്പെട്ട് ഒരുതരം 'പിൻവലിയൽ' ലക്ഷണങ്ങൾ കാണിക്കുന്നവരുടെ മുൻപിൽ സ്വാമി വിവേകാനന്ദൻ പറയുന്നു, 'ഉണരൂ, എഴുനേൽക്കൂ, ദൗർബ്ബല്യത്തിന്റെ ഈ മോഹാവേശത്തിൽ നിന്നും ഉണരുക. ആരും ദുർബ്ബലരല്ല'. ദൗർബ്ബല്യത്തിന്റെ കരാളഹസ്തത്തിൽ പ്പെട്ടുഴലുന്ന മനുഷ്യന് കുറ്റവിമുക്തമായ ഒരു ഭാവി കരുപ്പിടിപ്പിക്കുവാൻ ഉള്ള മാർഗ്ഗം , മനുഷ്യോത്ക്കർഷത്തിനാവശ്യമായ ഒറ്റമൂലി, അത് ഭാരതീയ തത്വചിന്ത ഒന്നു മാത്രമാണ്. ശ്രീരാമപരമഹംസരോട് ഒരു ശിഷ്യൻ ചോദിച്ചു, എന്റെ മനസ് എന്റെ നിയന്ത്രണത്തിലല്ല. ഞാനെന്തു ചെയ്യണം. പരമഹംസർ പറഞ്ഞു, ഇതാണ് അഭ്യാസയോഗ പരിശീലനത്തിൽ കൂടി മാത്രം സാധിക്കാവുന്നത്. നമ്മുടെ മനസിനെ നിയന്ത്രിക്കണമെന്നുള്ള അദമ്യമായ അടങ്ങാത്ത വാഞ്ഛക്കും മനസിന്റെ വിവിധ തലത്തിലുള്ള സ്വഭാവത്തെ മനസിലാക്കി അവനവന്റെ വരുതിക്കു നിർത്തുവാനുള്ള ആജ്ഞാശക്തിയും ഉപായവും പരിശീലിക്കണം. ഉദാഹരണമായി, ചെറുപ്പം മുതൽ വണ്ടി വീട്ടിലുണ്ടായിരുന്നതു കൊണ്ട് യാത്ര ചെയ്തു ശീലമുള്ള ഒരു വ്യക്തി ഡ്രൈവിംഗ് പഠിക്കുവാനായി ആശാനെ സമീപിക്കുന്നു. വണ്ടി പരിചയമുണ്ടല്ലോ, ആശാൻ ചോദിച്ചു. പിന്നേ, ജനിച്ചപ്പോൾ മുതൽ കാറിൽ കയറാൻ





തുടങ്ങിയതാണ്. ഡ്രൈവിംഗ് സീറ്റിൽ കയറി ഇരിക്കാൻ ആശാൻ പറഞ്ഞു. ഇത് സ്റ്റിയറിംഗ്. രണ്ടു കൈയ് കൊണ്ടും രണ്ടു സൈഡിലും അയച്ചു പിടിക്കണം. ഇതു ഗിയർ. ഇടതു കൈ കൊണ്ട് ഗിയർ മാറ്റണം. രണ്ടു കൈയ്, മൂന്നു കാര്യങ്ങൾ. ഭയം തോന്നി. കുനിഞ്ഞുകൊണ്ടു കാണിച്ചു, മൂന്നു പെഡലുകൾ, രണ്ടു കാലും. ആകെ കൺഫ്യൂഷൻ. ധൈര്യം മുഴുവൻ ചോർന്നു. ദൈവത്തെ വിചാരിച്ച്, ആശാൻ പറഞ്ഞതനുസരിച്ച് യാന്ത്രികമായി എന്തൊക്കെയോ കാണിച്ചു. ദിവസങ്ങൾ കഴിഞ്ഞു. കുറച്ചൊക്കെ മനസിലായി. ആശാൻ എന്തൊക്കെയോ ചോദിക്കുകയും പറയുകയും ചെയ്യുന്നുണ്ട്. ഒന്നും ശ്രദ്ധിക്കാൻ കഴിയുന്നില്ല. നോട്ടം മുഴുവൻ മുന്നിലുള്ള റോഡിലേക്ക്. അങ്ങനെ ദിവസങ്ങൾ കഴിഞ്ഞു. ഇതു രണ്ടാമത്തെ തലം. ആശാന്റെ സഹായത്തോടുകൂടി ലൈസൻസ് കിട്ടി. അത്യാവശ്യം ഓടിക്കാൻ പഠിച്ചു. ചിലർക്ക് ഇവിടെ ഒരു പ്രശ്നം. ആശാന്റെ സഹായം പിന്നെയും വേണം. സാരമില്ല. സാവധാനം ശരിയായി. അഞ്ചു ഗിയറും മാറിമാറി മാറ്റാനും പാട്ടു കേൾക്കാനും സംസാരിക്കാനും വണ്ടി അപകടം ഇല്ലാതെ ഓടിക്കാനും സാധിച്ചു. ഇതു മൂന്നാമത്തെ തലം. ഇതു വരെ സഹിക്കണം. വഴിയിൽ ഇട്ടിട്ടു പോയാൽ തീർന്നു. ഇതു തന്നെയാണ് മനസിന്റെ കാര്യവും. ദുഷിച്ച ചിന്തകളെ മാറ്റണമെന്നു പറഞ്ഞാൽ എളുപ്പമല്ല. സാവധാനം അവയെ പഠിച്ച് അപഗ്രഥിച്ച് വേണ്ട മാറ്റങ്ങൾ വരുത്താൻ നമുക്ക് കഴിയണം. സത്വതമോരജോഗുണങ്ങളുടെ ഒരു സങ്കലനമാണ് മനസ്. മനശാസ്ത്രത്തിൽ ബോധമനസും, ഉപബോധമനസും അബോധമനസും ഈ മൂന്നു തലങ്ങളായി കാണാം. ഉപബോധമനസിന്റെ ശക്തി വർദ്ധിപ്പിക്കുകയാണ് നാം ചെയ്യേണ്ടത്. മനോനിയന്ത്രണത്തിന് വിശ്വാസം ഒരു പരിധി വരെ അത്യാവശ്യമാണ്. അവനവനിലുള്ള വിശ്വാസം.താനാരാണെന്നും തന്റെ ഗുണങ്ങളെന്താണെന്നും, പരിമിതികളെന്താണെന്നും ഉള്ള ഒരു ബോധം. ഇതുണ്ടായാൽ മാത്രമേ മനസിനെ നിയന്ത്രണവിധേയ മാക്കാൻ കഴിയൂ.

സ്വന്തം സഹോദരപുത്രന്മാരോടു ചെയ്ത അപരാധം ഓർമ്മയിലുണ്ട് എന്നാലും കുരുക്ഷേത്രത്തിലെ യുദ്ധത്തിൽ എന്തു നടക്കുന്നുവെന്നറിയാൻ ധൃതരാഷ്ട്രർക്ക് താൽപര്യമുണ്ട്. സഞ്ജയൻ വിവരിച്ചു കൊടുക്കുന്ന രംഗങ്ങൾ, പിന്നീട് ധൃതരാഷ്ട്രരുടെ വിലാപം, എല്ലാംതന്നെ സ്വയം ചിന്തിക്കാനുള്ള കഴിവു നഷ്ടപ്പെട്ടു വെറും ഒരു പിതാവു മാത്രമായതിന്റെ കുറ്റബോധവും ശരിക്കു വഴിയാംവണ്ണം കുട്ടികളെ വളർത്താൻ സാധിക്കാത്തതിലുള്ള സംഘർഷവും

ധൃതരാഷ്ട്രവിലാപത്തിൽ നമുക്കു കാണാം.

ഉത്തരവാദിത്വത്തിൽ നിന്നുള്ള ഒളിച്ചോട്ടം പോലെതന്നെ പ്രാധാന്യമുള്ളതാണ് ഉത്തരവാദിത്തം ഏറ്റെടുക്കാനുള്ള മടിയും. ചെയ്ത തെറ്റുകൾ മറ്റൊരാളുടെ തലയിൽ കെട്ടിവെച്ചു കൈകഴുകുന്ന സ്വഭാവം മനുഷ്യന്റെ മാനസികസംഘർഷത്തിന് വഴി ഒരുക്കുന്നു. ഉദാഹരണമായി നമ്മുടെ കൈകൊണ്ട് എന്തെങ്കിലും താഴെ വീണ് പൊട്ടി എന്നിരിക്കട്ടെ. നാം ഉടനെ പറയും, ആതാരാ ഇവിടെ കൊണ്ടു വച്ചത്, മനുഷ്യൻ കാണുന്നിടത്ത് വയ്ക്കേണ്ടേ? ഇതു കൂടാതെ ഞാനിതിനർഹനല്ല, പാപം ചെയ്യാൻ ഞാനില്ല. ജീവിത യാഥാർത്ഥ്യങ്ങളെ നേരിടാനുള്ള കഴിവില്ലായ്മ. ഗീതയിൽ ഭഗവാൻ പറയുന്നു, ജനിച്ചവന് മരണം തീർച്ചയാണ്, മരിച്ചവന് ജനനവും. ഒന്നു കൂടി കടന്നു പറയുന്നു, ക്ഷുദ്രമായ ഹൃദയദൗർബ്ബല്യം കളഞ്ഞെഴുന്നേൽക്കൂ! വാസ്തവത്തിൽ ജയിക്കുമോ എന്നുള്ള ഭയം അർജ്ജുനനെ അലട്ടുന്നുണ്ട്. അതു കൊണ്ടാണ് അദ്ദേഹം ചോദിക്കുന്നത്, പൂജനീയരായ ഭീഷ്മരേയും ദ്രോണരേയും ശരം കൊണ്ട് ഞാനെങ്ങനെ എതിർക്കുമെന്ന്. പ്രശ്നങ്ങളെ സധൈര്യം നേരിടാൻ ചപലമായ മനസിന് കഴിയില്ല. ഈ ചപലവികാരത്തെ മനോചാഞ്ചല്യത്തിൽ കൂടി പ്രകടമാക്കുന്നു. കൃഷ്ണൻ പറയുന്നു, വിധിക്കപ്പെട്ട കർമ്മം നീ ചെയ്യുക. കാരണം കർമ്മം അകർമ്മത്തേക്കാൾ ശ്രേഷ്ഠമാണ്. മൃഗങ്ങളേക്കാൾ ഉൽകൃഷ്ടനായ മനുഷ്യൻ വിവേകശാലിയാണ്. അനുഭവങ്ങൾ ഇന്ദ്രിയങ്ങൾ വഴി മനസിലുണ്ടാകുന്നു. ഇങ്ങനെ ബാഹ്യമായ ചോദനകളെയാണ് നാം നല്ലതെന്നും മോശമെന്നും പറയുന്നത്. അതുകൊണ്ടാണ് കൃഷ്ണൻ പറയുന്നത് ആരും രാഗദ്വേഷങ്ങൾക്ക് അടിമപ്പെടരുത്. പ്രകൃതി കാര്യങ്ങളിൽ സാക്ഷിയാകുക, മുഴുകണ്ട. ആണ്ടുപോയാൽ കരകയറാൻ വിഷമിക്കും.

സീതാന്വേഷണത്തിനായി ലങ്കയിലേക്ക് സമുദ്രം കടന്നാർക്കു പോകാൻ കഴിയും. തങ്ങൾക്കതിനു ശക്തിയുണ്ടോ എന്നു ചിന്തിച്ചിരുന്ന വാനരപ്പടയിലെ നേതാവായ ജാംബവാൻ ഹനുമാനെ പ്രാപ്തനാക്കിയതെങ്ങനെയാണ്. ശ്രീകൃഷ്ണൻ അർജ്ജുനനെ അദ്ദേഹത്തിന്റെ കുലം, കർമ്മസ്ഥാനം ഇവയൊക്കെ മനസിലാക്കിക്കൊടുത്തതിനു ശേഷമാണ് ജ്ഞാനോപദേശം നൽകിയത്. അതുപോലെ ജാംബവാൻ വായുപുത്രനായ ഹനുമാന്റെ കുലം, കഴിവ്, ഹനുമാൻ എന്നു പേരു കിട്ടിയ സംഭവം, ബ്രഹ്മാവ് നൽകിയ വരം, ഇന്ദ്രൻ നൽകിയ

സ്വഛന്ദമരണമെന്ന വരം ഇവയൊക്കെ വിവരിച്ച ശേഷം പറയുന്നു, ഹരിശ്രേഷ്ഠാ, എഴുന്നേൽക്കുക, മഹാസമുദ്രം ചാടിക്കടക്കൂ. സകല ഭൂതങ്ങളിലും മീതെയാണ് ഭവാന്റെ ഗതി യെന്നു പറയുന്നു. ഇതു കേട്ട ഹനുമാൻ സ്വന്തം കഴിവിൽ അഭിമാനിച്ചു. ഈ വിവരണം വാത്മീകി രാമായണത്തിൽ നൽകിയിരിക്കുന്ന ഭാഗം വായിച്ചാൽ ഏതു മടിയനായ പിൻവലിയൽ തന്ത്രത്തിൽ ഖ്യാതി നേടിയയാളും സടകുടഞ്ഞെഴുനേൽക്കും. അവസാനം ഹനുമാൻ പറയുന്നു, 'ലങ്കയെത്തന്നെ ഞാൻ പറിച്ചെടുത്തുകൊണ്ടു വരാം'

സുഖദുഃഖങ്ങൾ ജനിക്കുന്നവർക്കെല്ലാം ഉണ്ട്. അതിനെ തടുക്കാൻ ആർക്കും കഴിയില്ല. അവയെ എങ്ങനെ നേരിടണമെന്നാണ് പഠിക്കേണ്ടത്. രാമായണത്തിൽ ലക്ഷ്മണോപദേശത്തിലും വാത്മീകിയുടെ തത്വചിന്താപരമായ വാക്കുകളിലും വസിഷ്ഠന്റെ ഭരതോപദേശത്തിലും ശബരിക്ക് ശ്രീരാമൻ നൽകുന്ന ഉപദേശത്തിലും , താരക്കു കൊടുക്കുന്ന ആത്മീയതത്വങ്ങളിലും, കുംഭകർണ്ണൻ രാവണന്റെ മനസു മാറ്റാൻ ശ്രമിക്കുന്നതിലും, കാലനേമിയുടെ തത്വോപദേശത്തിലും എല്ലാം തന്നെ ജീവിത പാന്ഥാവിലെ വഴികാട്ടികളാണ്. മനുഷ്യനെ അവന്റെ ഇപ്പോഴുള്ള അവസ്ഥയിൽ തന്നെ സ്വീകരിച്ചുകൊണ്ട് പടിപടിയായി അവന് അവന്റെ സത്തയെ മനസിലാക്കി പുതിയൊരു വെളിച്ചം കാണിച്ചു കൊടുക്കുക എന്ന ആധുനിക മനശാസ്ത്ര തത്വങ്ങൾ കാലങ്ങൾക്കു മുൻപു തന്നെ ഭാരതീയ തത്വചിന്താകഥനങ്ങളിൽ നിഴലിച്ചു നിന്നിരുന്നു. നമ്മളിൽ അടിഞ്ഞുകൂടിയിരിക്കുന്ന നല്ലതും മേശവുമായ ചിന്തകളെ പൊടിതട്ടികളഞ്ഞ് നല്ല ചിന്തയെ വളർത്തുവാൻ ശ്രമിക്കുന്നുവോ അത്രക്കും മനസ് ശുദ്ധമായി തീരും. ഉപനിഷദ് ഗ്രന്ഥങ്ങളും, രാമായണം, മഹാഭാരതം, ഭാഗവതം, ഭഗവദ്ഗീത തുടങ്ങിയ ഇതിഹാസ പുരാണഗ്രന്ഥങ്ങളും , ശ്രീരാമകൃഷ്ണൻ, സ്വാമി വിവേകാനന്ദൻ തുടങ്ങിയ ഋഷി വര്യന്മാരുടെ പരമ്പരകളിൽ നിന്നും ഉരുത്തിരിയുന്ന വക്ധോരണികളും ഇത്തരം മനോവൈകല്യത്തെ പോളീഷ് ചെയ്ത് ശുദ്ധമായ ശരീര മനോ ആത്മീയ ചിന്തകൾ രൂപപ്പെടുത്താനും പ്രായോഗികമാക്കാനും സാധിക്കും.

ജീവിതപ്രതിസന്ധിയിൽ നട്ടം തിരിയുമ്പോൾ ഇങ്ങനെ ജീവിച്ചിട്ടെന്തു നേട്ടം? എന്തു നേടാൻ കഴിയും എന്നൊക്കെയുള്ള ചിന്തകൾ മനസിനെ അലട്ടും. ഇത് മനുഷ്യനായി ജനിച്ചവർക്കെല്ലാം ഒരു നിരാശാബോധം തോന്നും. വിഷണ്ണനായി തേർത്തട്ടിലിരുന്ന അർജ്ജുനൻ, മക്കളുടെ ശവശരീരം കണ്ട് കൃഷ്ണനെ ശപിക്കുന്ന ഗാന്ധാരി, കൈകേയിക്ക് വരം കൊടുത്ത ദശരഥൻ, അങ്ങനെ കഥാപാത്രങ്ങൾ നിരവധി. ഇവരൊക്കെത്തന്നെ ഈ ഭൂമിയിൽ പിറന്നവരാണ്.

എങ്ങനെ നിങ്ങൾക്ക് നിങ്ങളുടെ ബാറ്ററിയെ റീചാർജ്ജ് ചെയ്യാം? ഇന്നത്തെ നിങ്ങളുടെ അവസ്ഥ എന്താണ്? ഉന്മേഷക്കുറവും വിഷാദവും പിടിപെട്ട് ഒന്നും ചെയ്യാൻ വയ്യ. എന്തു ചെയ്യണം. നല്ലതായി ചിന്തിക്കൂ, മാറ്റി ചിന്തിക്കൂ എന്നുള്ള ഉപദേശം തന്നെ മടുപ്പുളവാക്കുന്നു. ഞാൻ പറയുന്നത് ആദ്യം നിങ്ങളുടെ വാക്കുകളെ ശരിയാക്കൂ. മറ്റുള്ളവരെ അംഗീകരിക്കുവനും അവരുടെ പ്രവർത്തികളെ പുകഴ്ത്തുവാനും അഭിനന്ദിക്കുവാനും തുടങ്ങുമ്പോൾ ബാറ്ററിയിൽ ചാർജ്ജ് കയറി തുടങ്ങും. അവിടെയാണ് അമൂല്യ ഗ്രസ്ഥങ്ങളുടെ സ്വാധീനം.

പതഞ്ജലിയുടെ യോഗശാസ്ത്രത്തിന്റെ പ്രാധാന്യം ശരീരത്തിൽ തുടങ്ങി മനസിലേക്കെത്തുന്നു. ശരീരവും മനസും കൂടിയുള്ള ഒരു സംയോജനം. യമ, നിയമ, ആസന, പ്രാണായാമ, പ്രത്യാഹാര, ധാരണ, ധ്യാനം, സമാധി ഇങ്ങനെ എട്ടു പടികൾ ശരീരത്തേയും മനസിനേയും കൂട്ടിചേർക്കുന്ന കണ്ണിയാണ്. രാജയോഗം പറയുന്നത് എല്ലാ മനുഷ്യരിലും അവരവരുടെ ഉൽക്കർഷേഛ ഉറങ്ങിക്കിടക്കുന്നു എന്നാണ്. സ്വാമി വിവേകാനന്ദന്റെ ഭാഷയിൽ, മനസിന്റെ ശ്രദ്ധക്ക് ഇവയൊക്കെ പരിശീലിക്കണം. കണ്ഡലടിനീ ശക്തിയെ ഉണർത്താൻ കഴിഞ്ഞാൽ മനോനിയന്ത്രണം സാധ്യമാകും. ധ്യാനത്തിൽ കൂടി നാം ശ്രദ്ധയെ കേന്ദ്രീകരിക്കുമ്പോൾ ധാർമ്മികമായ മൂല്യങ്ങളെക്കുറിച്ച് ഉള്ള ഒരു അവബോധം ഉണരും. ഒരുതരം അഡ്ജസ്റ്റ്മെന്റോ മരുന്നോ ഇവയെ ശാശ്വതമായ രീതിയിൽ മാറ്റുന്നില്ല. അങ്ങനെയായാൽ ഈ വ്യതിയാനങ്ങൾ ഒരു സമയത്തല്ലെങ്കിൽ മറ്റൊരു സമയത്ത് പൊന്തിവരും. ഉള്ളിൽ നിന്നു ചികിൽസിക്കണം. ഒരു ചെടി നടുമ്പോൾ നല്ല വിത്തു തെരഞ്ഞെടുത്ത്, തറ വൃത്തിയാക്കി വേണമെങ്കിൽ പ്രതിരോധ മരുന്ന് തളിച്ച് വെള്ളവും വളവും ആവശ്യത്തിന് സൂര്യപ്രകാശവും നൽകണം. എങ്കിൽ മാത്രമേ നല്ല ഫലം ലഭിക്കൂ. ഇങ്ങനെയായാൽ മാത്രമേ ശുഭചിന്ത (positive attitude) വളർത്താൻ കഴിയൂ. പണ്ട് കവിശ്രേഷ്ഠനായ ഒരു മഹദ്‌വ്യക്തി തന്റെ കാവ്യം പൂർത്തിയാക്കാൻ കഴിയുമോ, തന്റെ കാലശേഷം ഇതാരു പൂർത്തിയാക്കും എന്നു ചിന്തിച്ച് വിഷമിച്ചു. ശിഷ്യരായ മൂന്നു പേരെ വിളിച്ച് മുററത്തു നിൽക്കുന്ന ഉണങ്ങിയ ഒരു മരത്തെ ചൂണ്ടി ഒരു ശ്ലോകം രചിക്കാനാവശ്യപ്പെട്ടു. ഒന്നാമത്തെ ശിഷ്യൻ, അല്ലയോ മരമേ, നിന്റെ ജീവിതം അവസാനിച്ചു. നന്മകൾ നേരുന്നു എന്നെഴുതി. രണ്ടാമൻ, സൂര്യനെന്താണ് നിന്നോട് ചെയ്തത്, നിന്റെ പതനത്തിൽ ഞാൻ ഖേദിക്കുന്നു എന്നെഴുതി. മൂന്നാമൻ, അല്ലയോ മരമേ, ഋതുക്കൾ മാറും. മഴയും മഞ്ഞും വരും. നീ വീണ്ടും കിളിർക്കും, പുഷ്പിക്കും. ലോകത്തിന് സന്തോഷം കൊടുക്കും എന്നെഴുതി. കവി ശ്രേഷ്ഠൻ ശുഭചിന്തയുള്ള മൂന്നാമനെ തന്റെ കാവ്യം പൂർത്തിയാക്കാൻ ഏൽപ്പിച്ചു. ഇതാണ് നല്ല ചിന്തയുടെ ശക്തി.

ചിന്ത, വാക്ക്, ശീലം, സ്വഭാവം, പെരുമാററം ഇവ ഒരു വൃത്തമാണ്. നല്ല വാക്കുകൾ ശീലിക്കാൻ തുടങ്ങിയാൽ അതു തുടർന്നാൽ നല്ല ശീലമാകും. അത് നല്ല സ്വഭാവത്തിലേക്കും. നല്ല സ്വഭാവമുള്ളവന്റെ പെരുമാറ്റം നല്ലതായിരിക്കും. അങ്ങനെ നല്ല ചിന്തയുണ്ടാകും. ഇങ്ങനെ ജീവിതത്തിൽ വിജയിക്കാനും. ശരീര മനോബുദ്ധികളുടെ മായാലോകത്തിൽ നിന്ന് പിന്തിരിയാനും കഴിയും. പ്രായോഗികമായ ഭാരതീയ തത്വചിന്തയിൽ ശരണം പ്രാപിക്കുവാൻ കഴിഞ്ഞാൽ ജീവിത വിജയം സുനിശ്ചിതം തന്നെ. ഭഗവദ്ഗീതയിൽ ശ്രോതാവിന്റെ ഫലത്തെക്കുറിച്ചിങ്ങനെ പറയുന്നു, ശ്രദ്ധയുള്ളവനും അസൂയയില്ലാത്തവനും ആയ ഏതു മനുഷ്യൻ കേൾക്കുകയെങ്കിലും ചെയ്യുമോ അവൻ മുക്തനായി പുണ്യാത്മാക്കളുടെ ശുഭലോകങ്ങളിൽ എത്തിച്ചേരും. മറുപടിയായി അർജ്ജുനൻ പറയുന്നു, സംശയങ്ങൾ തീർന്ന ഞാനിതാ തയ്യാർ. നിന്തിരുവടിയുടെ ഉപദേശമനുസരിച്ച് പ്രവർത്തിച്ചുകൊള്ളാം. (അവസാനിച്ചു)●

---

**പി : മലയാള കവിതയിലെ...**

**(23-ാം പേജിൽ നിന്ന് തുടർച്ച)**

ഉച്ചയൂണിനിരിക്കുന്ന രംഗം കവി മർമ്മഭേദകമായി വരച്ചു കാട്ടുന്നു.

'ദുർഗ്ഗന്ധമൂട്ടും ഹോട്ടലൊന്നിലെ തീൻമേശയില
പറ്റി, വാടിയ, നടുകീറിയൊരിലയിട്ടു
പല്ലുതേയ്ക്കാത്ത പയ്യൻ പിശുക്കി വിളമ്പുന്ന
കല്ലരിച്ചോറു വാരാൻ കൈതെറ്റെന്നുയരവെ,
എള്ളു നിരുപോലിറ്റു വീണതാം ചുടുകണ്ണീർ
ത്തുള്ളിയിൽ നിഴലിപ്പൂ പൊയ്പോയ പൂക്കാലങ്ങൾ'

സ്വയം കൃതാനർത്ഥങ്ങളുടെ കുത്തിയൊഴുക്കിൽ ഇരുകരയും തല്ലി, കൈനീട്ടി നിന്ന കടവുകളിൽ അടുത്തും അകന്നും, ഒഴുക്കിൽ വീണ്ടും മുങ്ങിയും പൊങ്ങിയും പോയ പി. കഠിനമായ അന്തക്ഷോഭങ്ങൾക്കിടയിലും കവിതയുടെ മന്ദ്രമന്ത്രങ്ങൾ ഉരുവിട്ടു കൊണ്ടിരുന്നു. സമ്പന്നനായ ഒരു പ്രഭു സ്വർണ്ണ നാണയങ്ങൾ വാരിയെറിയുന്നതുപോലെ അനിയന്ത്രിതമായി, അനായാസമായി, അചുംബിതങ്ങളായ ഭാവനകളും ബിംബങ്ങളും ആശയങ്ങളും കവിതയായി വാരിക്കോരി തരുന്ന പി. മലയാള കവിതയിലെ അനന്വയമായി ജീവിക്കുന്നു●

---

**നവഗ്രഹങ്ങൾ...**

**(38-ാം പേജിൽ നിന്ന് തുടർച്ച)**

ഭൂമിയുടെ നിഴൽ ചന്ദ്രനിൽ വീഴുമ്പോൾ ചന്ദ്രൻ മറയുകയും ചന്ദ്രഗ്രഹണമുണ്ടാകുകയും ചെയ്യും. അവിടെ സർപ്പങ്ങളോ അവയുടെ വിഷമോ ഒന്നും വിഷയമേ അല്ല.

